भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

**ആർബിഐ/ഡിബിആർ/2015-16/18**
**മാസ്റ്റർ ഡയറക്ഷൻ ഡിബിആർ.എഎംഎൽ.ബിസി.നം.81/14.01.001/2015-16**

**ഫെബ്രുവരി 25, 2016**
**(2018 ഏപ്രിൽ 20 വരെയുള്ള ഭേദഗതികൾ ഉൾകൊള്ളിച്ചത്)**

## നിങ്ങളുടെ ഇടപാടുകാരെ അറിയാൻ (കെ.വൈ.സി) നിർദ്ദേശങ്ങൾ, 2016 - മുഖ്യ നിർദ്ദേശങ്ങൾ

പണം വെളുപ്പിക്കൽ തടയൽ നിയമം 2002, പണം വെളുപ്പിക്കൽ തടയൽ (സൂക്ഷിക്കേണ്ട രേഖകൾ) ചട്ടം, 2005 എന്നിവയിലെ വകുപ്പുകൾ പ്രകാരം അക്കൗണ്ടിന്റെ അടിസ്ഥാനത്തിലുള്ളതും അല്ലാത്തതുമായ ഇടപാടുകൾ നടത്തുമ്പോൾ വ്യവസ്ഥാപിത സ്ഥാപനങ്ങൾ ഇടപാടുകാരെ തിരിച്ചറിയാനുള്ള നടപടിക്രമം പാലിക്കേണ്ടതും ഇടപാടുകൾ നിരീക്ഷിക്കേണ്ടതുമാണ്. [1]ഇത്തരം സ്ഥാപനങ്ങൾ കാലാകാലങ്ങളിലെ ഭേദഗതികളും പ്രവർത്തന നിർദ്ദേശങ്ങളും ഉൾപ്പെടെ പ്രസ്തുത നിയമത്തിലെയും ചട്ടങ്ങളിലെയും നിബന്ധനകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. 2017 ജൂൺ 1ലെ ഗസറ്റ് വിജ്ഞാപനം ജിഎസ്ആർ 538(ഇ) ൽ പ്രസിദ്ധീകരിച്ച പണം വെളുപ്പിക്കൽ തടയുന്നതിനുള്ള ചട്ടങ്ങളിൽ വന്ന മാറ്റങ്ങൾ, അതിനു ശേഷമുള്ള ഭേദഗതികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ പുതുക്കിയ മുഖ്യ നിർദ്ദേശങ്ങൾ, പക്ഷെ, ബഹു. സുപ്രീം കോടതിയുടെ മുന്നിലുള്ള റിട്ട് പെറ്റിഷൻ (സിവിൽ) 494/2012 വിരമിച്ച ജസ്റ്റീസ് കെ എസ് പുട്ടസ്വാമിയും മറ്റുള്ളവരും vs ഭാരത സർക്കാർ മുതലായ കേസുകളിലെ (ആധാർ കേസുകൾ) അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

2. പൊതുജന താൽപര്യാർത്ഥം ഈ വിഷയത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് അത്യാവശ്യവും സന്ദർഭോചിതവുമാണെന്ന് പൂർണ ബോധ്യം വന്നതിനാൽ ബാങ്കിങ് റഗുലേഷൻ നിയമം 1949, ബാങ്കിങ് റഗുലേഷൻ നിയമം 1949 (AACS) എന്നിവയിലെ 35എ, 56 വകുപ്പുകൾ, പണം വെളുപ്പിക്കൽ തടയൽ ചട്ടം, 2005 ലെ 9(14) വകുപ്പ് എന്നിവയാൽ ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇനി പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

## അദ്ധ്യായം - 1
## പ്രാരംഭം

**1. ലഘു ശീർഷകം, പ്രാബല്യം**

(a) ഈ നിർദ്ദേശങ്ങൾ ഭാരതീയ റിസർവ് ബാങ്ക് (നിങ്ങളുടെ ഇടപാടുകാരെ അറിയൽ) നിർദ്ദേശങ്ങൾ, 2016 എന്ന് അറിയപ്പെടും.

(b) ഭാരതീയ റിസർവ് ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ദിവസം മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്.

**2. ആർക്കൊക്കെ ബാധകം**

(a) ഈ നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ മറ്റു പ്രകാരത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ, റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും പ്രത്യേകിച്ചും 3(b) (xiii) ൽ നിർവചിച്ചിരിക്കുന്നതു പോലെ, ബാധകമായിരിക്കും.

(b) വ്യവസ്ഥാപിത സ്ഥാപനങ്ങളുടെ വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ശാഖകൾക്ക്/ ഭൂരിപക്ഷ അവകാശമുള്ള സബ്സിഡിയറികൾക്ക്, ഈ നിർദ്ദേശങ്ങളിൽ പ്രാദേശിക നിയമങ്ങൾക്കു വിരുദ്ധമല്ലാത്തവ ബാധകമായിരിക്കും:

i) ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ പ്രാദേശിക നിയമങ്ങൾ തടസ്സമാണെങ്കിൽ ആ വിവരം റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ്.

ii) റിസർവ് ബാങ്കിന്റെയും വിദേശ രാജ്യങ്ങളുടെയും KYC/ AML മാനദണ്ഡങ്ങൾ വ്യത്യസ്തമാണെങ്കിൽ അവയിൽ കൂടുതൽ കർക്കശമായവ നടപ്പിലാക്കേണ്ടതാണ്.

iii) ഭാരതത്തിലുള്ള വിദേശ ബാങ്കുകളുടെ ശാഖകളും സബ്സിഡിയറികളും അവരുടെ രാജ്യത്ത് ഈ വിഷയത്തിൽ നിലവിലുള്ള നിബന്ധനകളോ അതോ റിസർവ് ബാങ്കിന്റെ വ്യവസ്ഥകളോ, ഇവയിൽ കൂടുതൽ കർക്കശമായവ സ്വീകരിക്കേണ്ടതാണ്.

അധ്യായം VI ലെ വകുപ്പ് 23 ൽ പ്രതിപാദിക്കുന്ന 'സ്മാൾ അക്കൗണ്ടുകൾ'ക്ക് ഈ ചട്ടം ബാധകമല്ല.

**3. നിർവ്വചനങ്ങൾ**

ഈ നിർദ്ദേശങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾക്ക്, സന്ദർഭം മറ്റൊരർത്ഥം ആവശ്യപെടുന്നില്ലെങ്കിൽ അവയുടെ അർത്ഥം താഴെ പറയുന്നവയാകും.

(a) പണം വെളുപ്പിക്കൽ തടയുന്ന നിയമം 2002, പണം വെളുപ്പിക്കൽ തടയൽ (സൂക്ഷിക്കേണ്ട രേഖകൾ) ചട്ടം, 2005 എന്നിവ പ്രകാരം അർത്ഥം നൽകിയിട്ടുള്ള പദങ്ങൾ:

i. [2]"ആധാർ നമ്പർ", ആധാർ (ധനപരവും മറ്റു രീതിയിലുമുള്ള സബ്സിഡികളും ആനുകൂല്യങ്ങളും സേവനങ്ങളും അർഹതയുള്ളവർക്ക് മാത്രം ലഭ്യമാക്കൽ) നിയമം 2016 (ഇനി മുതൽ ആധാർ നിയമം), വകുപ്പ് 2(a) പ്രകാരം വ്യക്തിഗത വിവരങ്ങളുടെയും ബയോ-മെട്രിക് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ആധാർ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ഭാരതീയ യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി (UIDAI), ഒരു വ്യക്തിക്ക് നൽകുന്ന തിരിച്ചറിയൽ നമ്പർ.

*വിശദീകരണം1: ആധാർ നിയമം അനുസരിച് എല്ലാ ഭാരത വാസികൾക്കും ആധാർ നമ്പർ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കും.*
*വിശദീകരണം2: അനന്യതയ്ക്കും മേൽവിലാസത്തിനുമുള്ള രേഖയാണ് ആധാർ.*

ii. "നിയമവും" "ചട്ടങ്ങളും" എന്നാൽ യഥാക്രമം പണം വെളുപ്പിക്കൽ തടയുന്ന നിയമം 2002, പണം വെളുപ്പിക്കൽ തടയൽ (സൂക്ഷിക്കേണ്ട രേഖകൾ) ചട്ടങ്ങൾ, 2005, അവയുടെ ഭേദഗതികളും.

iii. "പ്രാമാണീകരിയ്ക്കൽ" (authentication) എന്നാൽ ആധാർ നിയമം വകുപ്പ് 2(c) പ്രകാരം ഒരു വ്യക്തിയുടെ ആധാർ നമ്പർ, വ്യക്തിഗത/ ബയോ-മെട്രിക് വിവരങ്ങൾ എന്നിവ തിരിച്ചറിയൽ വിവര കേന്ദ്ര ശേഖരത്തിലേക്ക് (CIDR) പരിശോധനയ്ക്കയക്കുകയും അവർ തങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ഉപയോഗിച്ച് ശരിയെന്നോ തെറ്റെന്നോ കണ്ടു പിടിക്കുകയും ചെയ്യുന്ന പ്രക്രിയ;

iv. ബെനിഫിഷ്യൽ ഓണർ (BO)

a. **ഇടപാടുകാരൻ ഒരു കമ്പനി** ആണെങ്കിൽ സ്വയം/ മറ്റു വ്യക്തികളുമായി ചേർന്ന്, അല്ലെങ്കിൽ ഒന്നോ അതിൽ കൂടുതലോ നിയമസംബന്ധിയായ വ്യക്തികളുമായി ചേർന്ന് നിയന്ത്രണാവകാശ ഉടമസ്ഥതാ താൽപര്യം ഉള്ള അല്ലെങ്കിൽ മറ്റു മാർഗ്ഗങ്ങളിൽ കൂടി അത് നിയന്ത്രിക്കുകയോ ചെയ്യുന്ന സ്വാഭാവിക വ്യക്തി(കൾ).

*വിശദീകരണം: ഈ വകുപ്പിൽ*

*1. "നിയന്ത്രണാവകാശ ഉടമസ്ഥതാ താൽപര്യം" എന്നാൽ കമ്പനിയുടെ 25% ൽ കൂടുതൽ ഓഹരി/ മൂലധനം/ ലാഭം എന്നിവയ്ക്ക് അർഹത ഉണ്ടാകുക.*

*2. "നിയന്ത്രണം" എന്നാൽ ഭൂരിപക്ഷം ഡയറക്ടർമാരെ നിയമിക്കുക, ഡയറക്ടർമാരെ/ മാനേജ്മെന്റിനെ നിയന്ത്രിക്കുക, നയപരമായ തീരുമാനങ്ങളെ സ്വാധീനിക്കുക എന്നിവയ്ക്കുള്ള അവകാശവും ഉൾപ്പെടുന്നു. ഈ അവകാശം ലഭ്യമാകുന്നത് അവരുടെ ഓഹരിപങ്കാളിത്തം അല്ലെങ്കിൽ മാനേജ്മെൻറ് അവകാശങ്ങൾ അല്ലെങ്കിൽ ഓഹരി ഉടമകളെ/ വോട്ടിങ്ങിനെ സംബന്ധിക്കുന്ന കരാറുകൾ എന്നിവയുടെ വെളിച്ചത്തിലായിരിക്കും.*

b. **ഇടപാടുകാരൻ ഒരു പങ്കാളിത്ത സ്ഥാപനം** ആണെങ്കിൽ ഒരു വ്യക്തിക്ക് സ്വയം/ മറ്റു വ്യക്തികളുമായി ചേർന്ന് അല്ലെങ്കിൽ ഒന്നോ അതിൽ കൂടുതലോ നിയമസംബന്ധിയായ വ്യക്തികളുമായി ചേർന്ന് 15% ൽ കൂടുതൽ മൂലധനം/ ലാഭം എന്നിവയ്ക്ക് ഉടമസ്ഥാവകാശമോ അർഹതയോ ഉണ്ടാകുക ആണെങ്കിൽ ആ സ്വാഭാവിക വ്യക്തികൾ അതിന്റെ ഗുണഭോക്താവായ ഉടമസ്ഥൻ ആണ്.

c. **ഇടപാടുകാരൻ രജിസ്റ്റർ ചെയ്യാത്ത സംഘമോ വ്യക്തികളുടെ കൂട്ടായ്മയോ** ആണെങ്കിൽ ഒരു വ്യക്തി സ്വയം/ മറ്റു വ്യക്തികളുമായി ചേർന്ന് അല്ലെങ്കിൽ ഒന്നോ അതിൽ കൂടുതലോ നിയമസംബന്ധിയായ വ്യക്തികളുമായി ചേർന്ന് 15% ൽ കൂടുതൽ വസ്തുവകകൾ /മൂലധനം/ ലാഭം എന്നിവയ്ക്ക് ഉടമസ്ഥാവകാശം അല്ലെങ്കിൽ അർഹത ഉണ്ടാകുക.

*വിശദീകരണം: വ്യക്തികളുടെ സംഘം എന്നതിൽ സൊസൈറ്റികളും ഉൾപ്പെടുന്നു. സ്വാഭാവിക വ്യക്തികളെ (a), (b), (c) എന്നിവയിൽ കാണാൻ കഴിയാത്തിടത്ത് ഭരണം നടത്തുന്ന മുതിർന്ന ഉദ്യോഗസ്ഥനാകും BO.*

d. **ഇടപാടുകാരൻ ട്രസ്റ്റ്** ആണെങ്കിൽ ട്രസ്റ്റിന്റെ സൃഷ്ടികർത്താവ്, ട്രസ്റ്റീ, 15%ൽ കൂടുതൽ ഉടമസ്ഥതാ താൽപര്യം ഉള്ള വ്യക്തി അല്ലെങ്കിൽ ആത്യന്തികമായ നിയന്ത്രണത്തിന്റെ അല്ലെങ്കിൽ ഉടമസ്ഥതയുടെ ശൃംഖലയിൽ കൂടി ട്രസ്റ്റിനെ നിയന്ത്രിക്കുന്ന സ്വാഭാവിക വ്യക്തി എന്നിവരെ തിരിച്ചറിഞ്ഞു വേണം ഗുണഭോക്താവായ ഉടമസ്ഥനെ (രെ) തിരിച്ചറിയേണ്ടത്.

v. [3]“ബയോ-മെട്രിക് വിവരങ്ങൾ”: ആധാർ നിയമത്തിലെ വകുപ്പ് 2g പ്രകാരം ഫോട്ടോ, വിരലടയാളങ്ങൾ, കൃഷ്ണമണിയുടെ സ്കാൻ ചെയ്ത രൂപം, അല്ലെങ്കിൽ ആധാർ ഓതെന്റിക്കേഷൻ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന മറ്റു ശാരീരിക ലക്ഷണങ്ങൾ എന്നിവ;

vi. [3]തിരിച്ചറിയൽ വിവരങ്ങളുടെ കേന്ദ്ര ശേഖരം (CIDR) എന്നാൽ ആധാർ നിയമത്തിലെ വകുപ്പ് 2(h) പ്രകാരം ആധാർ നമ്പർ നൽകിയിട്ടുള്ള എല്ലാ വ്യക്തികളുടെയും ആധാർ നമ്പറും ബയോ-മെട്രിക് വിവരങ്ങളും മറ്റു വിവരങ്ങളും സൂക്ഷിക്കുന്ന ഒന്നോ അതിലധികമോ സ്ഥലങ്ങളിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന കേന്ദ്രീകൃത വിവര ശേഖരം

vii. “സെൻട്രൽ KYC റെക്കോർഡ്സ് രജിസ്ട്രി” എന്നാൽ ഇടപാടുകാരന്റെ KYC വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സ്വീകരിക്കുവാനും ശേഖരിച്ചു വയ്ക്കാനും സംരക്ഷിക്കുവാനും വീണ്ടെടുക്കുവാനും ചട്ടം 2(1)(aa) ൽ നിർവചിച്ചിരിക്കുന്നതു പ്രകാരം അധികാരമുള്ള സ്ഥാപനം.

viii. [3]”ഡെമോഗ്രാഫിക് വിവരങ്ങൾ”: ആധാർ നിയമം വകുപ്പ് 2(k) പ്രകാരം വ്യക്തികൾക്ക് ആധാർ കാർഡ് നൽകാനായി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പേര്, ജനനത്തീയതി, വിലാസം മറ്റു പ്രസക്ത വിവരങ്ങൾ, എന്നിവ. പക്ഷെ വംശം, മതം, ഗോത്രം, ജാതി, വർഗം, ഭാഷ, അവകാശങ്ങളുടെ രേഖകൾ, വരുമാനം, ചികിത്സാ ചരിത്രം എന്നിവ ഉൾപ്പെടുന്നില്ല;

ix. “നിയോഗിക്കപ്പെട്ട ഡയറക്ടർ”: പണം വെളുപ്പിക്കൽ തടയൽ നിയമത്തിന്റെ അധ്യായം നാലും ചട്ടങ്ങളും പ്രകാരം ചുമത്തിയിട്ടുള്ള ഉത്തരവാദിത്വവും കടമയും ഉറപ്പാക്കുന്നതിന് സ്ഥാപനം ചുമതലപെടുത്തിയിട്ടുള്ള, ഇനി പറയുന്ന വ്യക്തികൾ:-

a. സ്ഥാപനം കമ്പനി ആണെങ്കിൽ മാനേജിങ് ഡയറക്ടർ/ ബോർഡ് അംഗീകൃത പൂർണ സമയ ഡയറക്ടർ,

b. കൂട്ടുഭരണ സ്ഥപനമാണെങ്കിൽ മാനേജിങ് പാർട്ണർ,

c. ഒരു വ്യക്തിയുടെ സ്ഥാപനമാണെങ്കിൽ അതിന്റെ ഉടമസ്ഥൻ,

d. ട്രസ്റ്റ് ആണെങ്കിൽ മാനേജിങ് ട്രസ്റ്റീ,

e. സ്ഥാപനം രജിസ്റ്റർ ചെയ്യാത്ത സംഘമോ വ്യക്തികളുടെ കൂട്ടായ്മയോ ആണെങ്കിൽ സ്ഥാപനത്തെ നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി അല്ലെങ്കിൽ ആൾ, കൂടാതെ

f. സഹകരണ/ ഗ്രാമീണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം അധികാരപ്പെടുത്തിയ ഉയർന്ന തലത്തിലുള്ള അല്ലെങ്കിൽ തത്തുല്യ ഉദ്യോഗസ്ഥൻ.

*വിശദീകരണം: നിയമത്തിലെ ഈ വകുപ്പ് അനുസരിച്ച് മാനേജിങ് ഡയറക്ടർ, പൂർണ്ണ സമയ ഡയറക്ടർ എന്നീ വാക്കുകൾക്ക് കമ്പനി നിയമം 2013 ൽ നൽകിയിരിക്കുന്ന നിർവചനം ബാധകമായിരിക്കും.*

x. [3]"എൻറോൾമെൻറ് നമ്പർ" എന്നാൽ ആധാർ (എൻറോൾമെൻറ് & അപ്ഡേറ്റ്) റെഗുലേഷൻ 2016 ലെ വകുപ്പ് 2(1)(j) പ്രകാരം ആധാറിനായി പട്ടികയിൽ ചേർക്കുമ്പോൾ വ്യക്തികൾക്ക് നൽകുന്ന 28 അക്ക തിരിച്ചറിയൽ നമ്പർ.

xi. [3]"E -KYC ഓതെന്റിക്കേഷൻ സൗകര്യം": ആധാർ നമ്പർ ഉള്ള വ്യക്തിയുടെ സമ്മതത്തോടെ മറ്റൊരു സ്ഥാപനം അവരുടെ ആവശ്യപ്രകാരം ബയോമെട്രിക് വിവരങ്ങളും/ OTPയും ആധാർ നമ്പറും നൽകി ആധാറിന്റെ ഡേറ്റ സെന്ററിലുള്ള രേഖകളുമായി ഒത്തുനോക്കി ഡിജിറ്റലായി ഒപ്പിട്ടു ആധികാരികത ഉറപ്പു വരുത്തി തിരിച്ചു നൽകുന്ന സംവിധാനം;

xii. [3]"വ്യക്തി രേഖാ വിവരങ്ങൾ": ആധാർ നിയമം വകുപ്പ് 2 (n) പ്രകാരം ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അയാളുടെ ആധാർ നമ്പർ, ബയോ-മെട്രിക്/ ഡെമോഗ്രാഫിക് വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നു.

xiii. ലാഭേച്ഛ ഇല്ലാത്ത സ്ഥാപനങ്ങൾ എന്നാൽ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിന് കീഴിലോ അല്ലെങ്കിൽ സമാനമായ സംസ്ഥാന നിയമങ്ങൾക്കു കീഴിലോ സൊസൈറ്റി/ ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്തത്, അല്ലെങ്കിൽ 2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 8 അനുസരിച്ചു രജിസ്റ്റർ ചെയ്ത കമ്പനി.

xiv. [3]"ഔദ്യോഗികമായി സാധുതയുള്ള രേഖ (OVD)" എന്നാൽ പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ഭാരതത്തിലെ ഇലക്ഷൻ കമ്മീഷൻ നൽകുന്ന

സമ്മതിദായകന്റെ തിരിച്ചറിയൽ കാർഡ്, NREGA നൽകുന്ന സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻ ഒപ്പിട്ട ജോബ് കാർഡ്, ദേശീയ ജനസംഖ്യ രജിസ്റ്റർ നൽകിയ പേരും മേൽവിലാസവും ഉൾകൊള്ളുന്ന കത്ത്.

*വിശദീകരണം: 1. കത്ത് നൽകിക്കഴിഞ്ഞതിനു ശേഷം പേരിൽ മാറ്റം വരുകയാണെങ്കിൽ അത് വ്യക്തമാക്കുന്ന സംസ്ഥാന സർക്കാർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റ്/ ഗസറ്റ് വിജ്ഞാപനം എന്നിവ അത് തെളിയിക്കുവാനുള്ള OVD ആയി കരുതുന്നതാണ്.*

xv. "വ്യക്തി" എന്നതിന് നിയമത്തിൽ നിശ്ചയിച്ചു കൊടുത്തിട്ടുള്ള അതേ അർത്ഥമാണ്, അതിൽ ഇവർ ഉൾപ്പെടുന്നു:

a. ഒരു സ്വാഭാവിക വ്യക്തി,

b. ഒരു അവിഭക്ത ഹിന്ദു കുടുംബം,

c. ഒരു കമ്പനി,

d. ഒരു വ്യാപാര സ്ഥാപനം,

e. വ്യക്തികളുടെ രജിസ്റ്റർ ചെയ്തതോ അല്ലാത്തതോ ആയ ഒരു കൂട്ടായ്മ,

f. മുകളിൽ (a മുതൽ e വരെ) പറഞ്ഞ വിഭാഗങ്ങളിൽ പെടാത്ത നിയമപരമായി നിലനിൽപ്പുള്ള കൃത്രിമ വ്യക്തികൾ, കൂടാതെ

g. മുകളിൽ (a മുതൽ f വരെ) പറഞ്ഞവർക്ക് സ്വന്തമായതും നിയന്ത്രണത്തിലുള്ളതുമായ ഏജൻസി, ഓഫീസ് അല്ലെങ്കിൽ ശാഖ എന്നിവ.

xvi. “പ്രിൻസിപ്പൽ ഓഫീസർ” എന്നാൽ സ്ഥാപനം നിയമിക്കുന്ന, ചട്ടങ്ങളുടെ വകുപ്പ് 8 പ്രകാരം വിവരങ്ങൾ നൽകാൻ ഉത്തരവാദിത്വമുള്ള, ഉദ്യോഗസ്ഥൻ.

xvii. [3]"റസിഡന്റ്" എന്നാൽ ആധാർ നിയമം വകുപ്പ് 2 ന്റെ ഉപ വകുപ്പ് (v) പ്രകാരം ആധാർ കാർഡിനുള്ള അപേക്ഷാതീയതിയ്ക്ക് തൊട്ടു മുൻപുള്ള 12 മാസത്തിൽ ഒരേ സമയം അല്ലെങ്കിൽ പല സമയങ്ങളിലായി 182 ദിവസമോ അതിൽ കൂടുതലോ ഭാരതത്തിൽ താമസിച്ചിട്ടുള്ള വ്യക്തി;

xviii. "സംശയകരമായ ഇടപാട്" എന്നാൽ താഴെ നിർവചിക്കുന്ന രീതിയിലുള്ള പണ/ പണരഹിത ഇടപാടോ, ഇടപാട് നടത്താനുള്ള ശ്രമമോ ആണെന്ന് അർത്ഥമാകുന്നതും ഉത്തമവിശ്വാസത്തോടെ പ്രവർത്തിക്കുന്ന ഒരു വ്യക്തിയിൽ,:

a. തുകയുടെ വലുപ്പം എന്തായാലും നിയമത്തിന്റെ ഷെഡ്യൂളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന കുറ്റകൃത്യത്തിൽ മുഴുകിയതിന്റെ വിഹിതമാണോ എന്ന് ന്യായമായ സന്ദേഹം ഉണ്ടാക്കുന്നതും;

b. അസാധാരണവും അല്ലെങ്കിൽ ന്യായീകരിക്കാനാകാത്തതും സങ്കീർണ സാഹചര്യങ്ങളിൽ ഉള്ള ഇടപാടാണെന്ന് തോന്നിപ്പിക്കുന്നതും;

c. ഉദ്ദേശശുദ്ധിയോ സാമ്പത്തിക യുക്തിയോ ഇല്ലെന്നു തോന്നിപ്പിക്കുന്നതും;

d. ഭീകര പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഇടപാടാണെന്നു ന്യായമായും സംശയം ജനിപ്പിക്കുന്നതും ആകുന്നു.

*വിശദീകരണം: ഭീകരപ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഇടപാടുകൾ എന്നാൽ പണം ഭീകര പ്രവർത്തിനാണെന്ന് സംശയം ഉണ്ടാക്കുന്ന, അല്ലെങ്കിൽ ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ടതോ, ഭീകരവാദം/ ഭീകരൻ/ ഭീകര സംഘടന എന്നിവയുമായി ബന്ധപ്പെട്ടതോ, ഭീകരവാദത്തിനായി പണം നൽകുകയോ പണം നല്കാൻ ശ്രമിക്കുകയോ ചെയ്യുന്നതെല്ലാം ഇതിൽ ഉൾപ്പെടുന്നു.*

xix. "സ്മാൾ അക്കൗണ്ട്" എന്ന് വിവക്ഷിക്കുന്ന ഒരു സേവിങ്സ് അക്കൗണ്ടിൽ:

a. ഒരു സാമ്പത്തിക വർഷത്തെ ആകെ നിക്ഷേപം ഒരു ലക്ഷം രൂപയിൽ കൂടുന്നില്ല;

b. ഒരു മാസത്തെ ആകെ പിൻവലിക്കൽ (ട്രാൻസ്ഫർ ഉൾപ്പെടെ) പതിനായിരം രൂപയിൽ കവിയുന്നില്ല;

c. അക്കൗണ്ടിൽ ബാക്കി നിൽപ്പ് തുക ഒരു സമയത്തും അൻപതിനായിരം കവിയുന്നില്ല. എന്നിരുന്നാലും 4സർക്കാരിൽ നിന്നുള്ള ഗ്രാന്റ്, ക്ഷേമ ആനുകൂല്യങ്ങൾ, ഉൽപ്പന്നം സംഭരിക്കുമ്പോൾ ലഭിക്കുന്ന തുക എന്നിവ ബാലൻസ് കണക്കാക്കുമ്പോൾ പരിഗണിക്കുന്നതല്ല.

xx. “ഇടപാട്” എന്നാൽ വാങ്ങൽ, വില്പന, വായ്പ, പണയം, ഉപഹാരം കൈമാറ്റം, വിതരണം എന്നിവയോ അതിനുള്ള ഏർപ്പാട് ചെയ്യലോ, കൂടാതെ:

a. അക്കൗണ്ട് തുറക്കുക;

b. പണമായോ ചെക്കായോ പേയ്മെന്റ് ഓർഡറായോ ഇലക്ട്രോണിക് രീതിയിലോ മറ്റു ഭൗതികേതര രീതികളിൽ കൂടിയോ ഏതു കറൻസിയിലായാലും നിക്ഷേപം, പിൻവലിക്കൽ, വിനിമയം, കൈമാറ്റം;

c. സുരക്ഷാ നിക്ഷേപ പെട്ടിയോ സുരക്ഷാ നിക്ഷേപത്തിനുള്ള മറ്റു രീതികളോ ഉപയോഗിക്കുന്നത്;

d. വിശ്വാസത്തിൽ അധിഷ്ഠിതമായ ബന്ധത്തിൽ ഏർപ്പെടുന്നത്;

e. കരാറിന്റെ പേരിലോ മറ്റേതെങ്കിലും നിയമബാധ്യതയുടെ പേരിലോ മുഴുവനായോ ഭാഗികമായോ പണം സ്വീകരിക്കുകയോ നൽകുകയോ ചെയ്യുന്നത്;

f. ഒരു നൈയ്യാമിക വ്യക്തിയെയോ /സംവിധാനത്തെയോ സ്ഥാപിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യുന്നത്.

xxi [3]"അതെ/അല്ല ഓതെന്റിക്കേഷൻ സൗകര്യം" - ആധാർ (ഓതെന്റിക്കേഷൻ) റെഗുലേഷൻ 2016 പ്രകാരം തിരിച്ചറിയൽ വിവരങ്ങളും ആധാർ നമ്പറും ആധാർ കാർഡ് കൈവശമുള്ള ആളിന്റെ സമ്മതത്തോടു കൂടി അപേക്ഷിക്കുന്ന ഒരു സ്ഥാപനം ആധാർ അധികാരികൾക്ക് സമർപ്പിക്കുകയും അവർ തങ്ങളുടെ കൈവശമുള്ള രേഖകളുമായി ഒത്തുനോക്കി ഡിജിറ്റലായി ഒപ്പിട്ട "അതെ" അല്ലെങ്കിൽ "അല്ല" എന്ന സർട്ടിഫിക്കറ്റും മറ്റു സാങ്കേതിക വിവരങ്ങളും നൽകുകയും പക്ഷെ തിരിച്ചറിയൽ വിവരങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന ഒരു തരത്തിലുള്ള പ്രാമാണീകരണ സൗകര്യം.

(b) ഈ ഡയറക്ഷനിൽ വാക്കുകൾക്ക് നൽകിയിട്ടുള്ള അർത്ഥം, സാഹചര്യം മറിച്ചു ആവശ്യപെടുന്നില്ലെങ്കിൽ, താഴെ നല്കിയിട്ടുള്ളതായിരിക്കും.

i. "റിപ്പോർട്ട് ചെയ്യുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ" (CRS) എന്നാൽ നികുതി കാര്യങ്ങളിൽ പരസ്പര സഹായത്തിനുള്ള കൺവെൻഷന്റെ ആർട്ടിക്കിൾ 6 ന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ സ്വയമേവ കൈമാറ്റം ചെയ്യാനുള്ള ബഹുമുഖ കരാർ നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു.

ii. "ഇടപാടുകാരൻ" എന്നാൽ റെഗുലേറ്റഡ് സ്ഥാപനവുമായി സാമ്പത്തിക ഇടപാടുകൾ/ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തി. മറ്റൊരാൾക്ക് വേണ്ടി ഒരു വ്യക്തി ഇടപാട് നടത്തുകയാണെങ്കിൽ ആർക്കു വേണ്ടിയാണോ ഇടപാടുകൾ നടത്തുന്നത് അയാളും ഇടപാടുകാരന്റെ നിർവചനത്തിൽ ഉൾപ്പെടും.

iii. “വാക് ഇൻ കസ്റ്റമർ" എന്നാൽ സ്ഥാപനവുമായി അക്കൗണ്ട് അധിഷ്ഠിത ബന്ധമില്ലെങ്കിലും ഇടപാടുകൾ നടത്തുന്ന ആൾ.

iv. “കസ്റ്റമർ ഡ്യൂ ഡിലിജെൻസ്” (CDD) എന്നാൽ ഇടപാടുകാരെയും ഗുണഭോക്താവായ ഉടമയെയും തിരിച്ചറിയുന്നതിലും പരിശോധിക്കുന്നതിലുമുള്ള കൃത്യമായ ശ്രദ്ധ

v. “ഇടപാടുകാരനെ തിരിച്ചറിയൽ” എന്നാൽ ഇടപാടുകാരെ കൃത്യമായി CDD പ്രക്രിയക്ക് വിധേയമാക്കൽ എന്നർത്ഥം.

vi. “FATCA” എന്നാൽ അമേരിക്കയുടെ ഫോറിൻ അക്കൗണ്ട് ടാക്സ് കംപ്ലെയ്ൻസ് നിയമം. ഇതു പ്രകാരം അമേരിക്കയുടെ നികുതിദായകരുടെ പേരിലുള്ള ധനപരമായ അക്കൗണ്ടുകളെപ്പറ്റിയും അവർക്ക് നിർണ്ണായകമായ ഉടമസ്ഥതാ താൽപര്യമുള്ള വിദേശ സ്ഥാപനങ്ങളെയും കുറിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

vii. "ഐ.ജി.എ) (IGA)" എന്നാൽ അന്താരാഷ്ട്ര നികുതി നിയമങ്ങൾ അനുസരിക്കുന്നത് മെച്ചപ്പെടുത്തുവാനും അമേരിക്കയുടെ FATCA നടപ്പിലാക്കുവാനുമായി ഭാരത സർക്കാരും അമേരിക്കയുമായി ഒപ്പിട്ട സർക്കാരുകൾ തമ്മിലുള്ള ഉടമ്പടി.

viii. “KYC ടെമ്പ്ലേറ്റ്” എന്നാൽ വ്യക്തികൾക്കും നിയമപരമായ സ്ഥാപനങ്ങൾക്കും CKYCR ലേക്ക് KYC വിവരങ്ങൾ ശേഖരിച്ചു ഒത്തുനോക്കുവാനും റിപ്പോർട്ട് ചെയ്യുന്നതിനും സഹായകമായ ടെംപ്ലേറ്റ്സ്.

ix. “മുഖാ-മുഖ രഹിത ഇടപാടുകാർ” എന്നാൽ സ്ഥാപനത്തിന്റെ ശാഖയിലോ ഓഫീസിലോ വരാതെയും ഉദ്യോഗസ്ഥരെ നേരിൽ കാണാതെയും അക്കൗണ്ട് തുറക്കുന്ന ഇടപാടുകാർ.

x. “യഥാർഹ തുടർ ജാഗ്രത (CDD)” എന്നാൽ ഇടപാടുകാരന്റെ രൂപരേഖയും വരുമാന ഉറവിടവും അനുസരിച്ചുള്ള പണം മാത്രമേ അക്കൗണ്ടിൽ വരുന്നുള്ളൂ എന്നുറപ്പാക്കുവാൻ അക്കൗണ്ടിലെ ഇടപാടുകൾ തുടർച്ചയായി നിരീക്ഷിക്കൽ.

xi. “ആനുകാലികമായി നവീകരിക്കൽ” എന്നാൽ CDD പ്രക്രിയയുടെ ഭാഗമായി സമാഹരിച്ച രേഖകൾ, വിവരങ്ങൾ, വൃത്താന്തങ്ങൾ നാളിതു വരെയുള്ളവ പുതുക്കിയും പ്രസക്തമായവയാക്കിയും സൂക്ഷിക്കുന്നതിന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള കാലയളവുകളിൽ അവലോകനം നടത്തി സൂക്ഷിക്കുന്ന പ്രക്രിയ.

xii. “രാഷ്ട്രീയമായി ശ്രദ്ധിക്കപ്പെടുന്ന വ്യക്തികൾ” എന്നാൽ സർക്കാർ തലപ്പത്തുള്ളവർ, മുതിർന്ന രാഷ്ട്രീയക്കാർ, സർക്കാർ/ നീതിന്യായം/ കോടതി എന്നീ മേഖലകളിലെ മുതിർന്ന ഉദ്യോഗസ്ഥർ, സർക്കാർ ഉടമസ്ഥതയിലുള്ള കോർപറേഷന്റെ തലവന്മാർ, രാഷ്ട്രീയ പാർട്ടികളുടെ അധികാരപ്പെട്ടവർ എന്നിങ്ങനെ വിദേശ രാജ്യങ്ങളിൽ പൊതുപ്രവർത്തന രംഗത്ത് ശ്രദ്ധേയമായ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപെട്ടവർ.

xiii. “നിയന്ത്രിത സ്ഥാപനങ്ങൾ” (ആർ.ഇ കൾ) എന്നാൽ

a. ബാങ്കിങ് റെഗുലേഷൻ ആക്ട് 1949 ന്റെ വകുപ്പ് 22 നു കീഴിൽ ലൈസൻസ് നൽകിയിട്ടുള്ള ഒരു ഗ്രൂപ്പ് എന്ന നിലയിൽ 'ബാങ്കുകൾ' എന്ന് വിവക്ഷിക്കപ്പെടുന്ന എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും/ പ്രാദേശിക ഗ്രാമീണ ബാങ്കുകളും/ ലോക്കൽ ഏരിയ ബാങ്കുകളും/ എല്ലാ പ്രാഥമിക (അർബൻ) സഹകരണ ബാങ്കുകളും/ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളും/ അതുപോലുള്ള മറ്റേതു സ്ഥാപനവും.

b. ദേശിയ ധനകാര്യ സ്ഥാപനങ്ങളും

c. എല്ലാ ബാങ്കിതര ധനകാര്യ കമ്പനികളും, പലവക ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും അവശിഷ്ട ധനകാര്യ കമ്പനികളും

d. എല്ലാ പേയ്മെന്റ് സിസ്റ്റം ദാതാക്കളും/ സിസ്റ്റം പങ്കാളികളും/ പ്രീപെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റ് വിതരണം ചെയ്യുന്നവരും

e. നിയന്ത്രണാധികാരിയാൽ നിയന്ത്രിക്കപ്പെടുന്ന മണി ട്രാസ്ഫർ സർവീസ് സ്കീം ഏജന്റുമാർ ഉൾപ്പെടെയുള്ള എല്ലാ അധികാരപ്പെടുത്തപ്പെട്ടവരും എന്ന് അർത്ഥമാകുന്നു.

xiv. "ഷെൽ ബാങ്ക്" എന്നാൽ രൂപവൽക്കരിക്കപ്പെടുന്ന രാജ്യത്ത് ഭൗതിക സാന്നിദ്ധ്യമോ ഏതെങ്കിലും നിയന്ത്രിത ധനകാര്യ ഗ്രൂപ്പുമായി ബന്ധമോ ഇല്ലാത്ത ഒരു ബാങ്ക് എന്നർത്ഥം.

xv. "വയർ ട്രാൻസ്ഫർ" എന്നാൽ ഇടപാട് തുടങ്ങുന്ന വ്യക്തി (സ്വാഭാവിക അഥവാ നിയമാനുസൃത വ്യക്തി) യുടെ പേരിൽ ഒരു തുക ഒരു ബാങ്ക് മുഖാന്തിരം ഇലക്ട്രോണിക് മാർഗ്ഗത്തിൽ കൂടി, നേരിട്ടുള്ള കൈമാറ്റത്തിൽ കൂടി അല്ലെങ്കിൽ കൈമാറ്റങ്ങളുടെ ഒരു ശൃംഖലയിൽ കൂടി, ഗുണഭോക്താവിന് ഒരു ബാങ്കിൽ ലഭ്യമാക്കുന്നതിനായി നടത്തുന്ന ഇടപാട് എന്നർത്ഥം.

xvi. "ആഭ്യന്തര വയർ ട്രാൻസ്ഫറും രാജ്യാന്തര വയർ ട്രാൻസ്ഫറും": വയർ ട്രാൻസ്ഫർ ചെയ്യുന്ന ബാങ്കും/ ആളും ഗുണഭോക്താവും ഒരേ രാജ്യത്തു തന്നെയായാൽ അത് ആഭ്യന്തര വയർ ട്രാൻസ്ഫർ. വയർ ട്രാൻസ്ഫർ ചെയ്യുന്ന ബാങ്കും ഗുണഭോക്തൃ ബാങ്കും വ്യത്യസ്ത രാജ്യങ്ങളിൽ ആണെങ്കിൽ അത് രാജ്യാന്തര വയർ ട്രാൻസ്ഫർ.

(c) ഇവിടെ നിർവ്വചിച്ചിട്ടില്ലാത്ത മറ്റെല്ലാ ആശയപ്രകടനങ്ങൾക്കും ബാങ്കിങ് റെഗുലേഷൻ നിയമത്തിൽ അല്ലെങ്കിൽ ഭാരതീയ റിസർവ് ബാങ്ക് നിയമത്തിൽ അല്ലെങ്കിൽ പണം വെളുപ്പിക്കൽ തടയുന്ന നിയമത്തിൽ അല്ലെങ്കിൽ, പണം വെളുപ്പിക്കൽ തടയൽ (സൂക്ഷിക്കേണ്ട രേഖകൾ) ചട്ടത്തിൽ, കൂടാതെ അവയ്ക്ക് വന്നിട്ടുള്ള നിയമപരമായ മാറ്റങ്ങളിൽ അല്ലെങ്കിൽ പുനർ നിയമ നിർമ്മാണങ്ങളിൽ അല്ലെങ്കിൽ വാണിജ്യപരമായ സംഭാഷണങ്ങളിൽ എങ്ങനെയാണോ അർത്ഥം നൽകിയിരിക്കുന്നത് അതെ അർത്ഥം അവയ്ക്കുണ്ടായിരിക്കും.

## അദ്ധ്യായം - II

## പൊതുവിവരങ്ങൾ

**4.** ഡയറക്ടർ ബോർഡോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിറ്റിയോ യഥാവിധി അംഗീകരിച്ചിട്ടുള്ള 'നിങ്ങളുടെ ഇടപാടുകാരനെ അറിയുക' (കെ.വൈ.സി) നയം ആർ.ഇകൾക്ക് അവശ്യം ഉണ്ടായിരിക്കും.

**5.** കെ.വൈ.സി നയം താഴെ പറയുന്ന നാല് മുഖ്യ ഘടകങ്ങൾ ഉൾക്കൊണ്ടതാകണം:

(a) ഇടപാടുകാരന്റെ സ്വീകാര്യതാ നയം;

(b) നഷ്ട സംഭാവ്യത കൈകാര്യം ചെയ്യൽ;

(c) ഇടപാടുകാരെ തിരിച്ചറിയൽ നടപടികൾ (സി.ഐ.പി.);

(d) ഇടപാടുകൾ നിരീക്ഷിക്കൽ.

**6. നിയുക്ത ഡയറക്ടർ:**

(a) ഒരു "നിയുക്ത ഡയറക്ടർ" എന്നാൽ പി.എം.എൽ നിയമത്തിന്റെ നാലാം അദ്ധ്യായവും ചട്ടങ്ങളും പ്രകാരം ചുമത്തിയിട്ടുള്ള ചുമതലകളുടെ പൊതുവായ പാലനം ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്ഥാപനം (ആർ.ഇ)

നിയോഗിച്ച ഒരു വ്യക്തി എന്നർത്ഥം. അയാളെ നാമനിർദ്ദേശം ചെയ്യുന്നത് ബോർഡ് ആയിരിക്കും.

(b) നിയുക്ത ഡയറക്ടറുടെ പേര്, പദവി, മേൽവിലാസം എന്നിവ എഫ്.ഐ.യു-ഐ.എൻ.ഡി (FIU-IND) യെ അറിയിച്ചിരിക്കണം.

(c) ഒരു കാരണവശാലും പ്രിൻസിപ്പൽ ഓഫീസർ 'നിയുക്ത ഡയറക്ടർ' ആയി നാമനിർദ്ദേശം ചെയ്യപ്പെടരുത്.

**7. പ്രിൻസിപ്പൽ ഓഫീസർ:**

(a) നിയമങ്ങളും നിയന്ത്രണങ്ങളും ആവശ്യപ്പെടുന്ന വിധം നിർദ്ദേശ പാലനത്തിനും ഇടപാട് നിരീക്ഷണത്തിനും വിവരം പങ്കു വെക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വം പ്രിൻസിപ്പൽ ഓഫീസർക്കായിരിക്കും.

(b) പ്രിൻസിപ്പൽ ഓഫീസറുടെ പേര്, പദവി, മേൽവിലാസം എന്നിവ എഫ്.ഐ.യു-ഐ.എൻ.ഡി (FIU-IND) യെ അറിയിച്ചിരിക്കേണ്ടതാണ്.

**8. കെ.വൈ.സി നയപാലനം**

(a) സ്ഥാപനങ്ങൾ (REs) കെ.വൈ.സി നയ പാലനം താഴെ പറയുന്ന നടപടികളിൽ കൂടി ഉറപ്പുവരുത്തേണ്ടതാണ്:

(i) കെ.വൈ.സി പാലനത്തിനുവേണ്ടിയുള്ള 'സീനിയർ മാനേജ്മെന്റ്' ആരൊക്കെ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കണം.

(ii) നയങ്ങളും നടപടിക്രമങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം വിഭജിച്ചുനൽകൽ.

(iii) നിയമപരവും നിയന്ത്രണപരവുമായ ആവശ്യകതകൾ ഉൾപ്പെടെയുള്ള ആർ.ഇ.കളുടെ നയങ്ങളുടെയും നടപടിക്രമങ്ങളുടെയും പാലനപ്രവർത്തനങ്ങളുടെ സ്വതന്ത്രമായ വിലയിരുത്തൽ.

(iv) കെ.വൈ.സി./എ.എം.എൽ. നയങ്ങളുടെയും നടപടിക്രമങ്ങളുടെയും പാലനം പരിശോധിക്കുന്നതിന് സമകാല/ ആഭ്യന്തര ഓഡിറ്റ് സംവിധാനം.

(v) ആഡിറ്റ് കമ്മിറ്റിയ്ക്ക് ത്രൈമാസിക ആഡിറ്റ് കുറിപ്പുകളും അനുസരിക്കൽ റിപ്പോർട്ടും സമർപ്പിക്കൽ.

(b) [6]കെ.വൈ.സി. മാനദണ്ഡങ്ങൾ അനുസരിക്കൽ നിർണ്ണയിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്ന പ്രവൃത്തി പുറം കരാർ നൽകുന്നില്ലെന്ന് സ്ഥാപനങ്ങൾ ഉറപ്പാക്കുക.

**അദ്ധ്യായം - III**

**ഇടപാടുകാരുടെ സ്വീകാര്യത സംബന്ധിച്ച നയം.**

**9.** സ്ഥാപനങ്ങൾ ഇടപാടുകാരുടെ സ്വീകാര്യതാ സംബന്ധിയായ ഒരു നയം രൂപീകരിക്കേണ്ടതാണ്.

**10.** ഇടപാടുകാരുടെ സ്വീകാര്യതാ നയം ഉൾക്കൊള്ളുന്ന കാഴ്ചപ്പാടിന്റെ സാമാന്യത സംബന്ധിച്ച മുൻവിധിയില്ലാതെ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടത്:

(a) അജ്ഞാത, വ്യാജ/ ബിനാമി പേരിൽ ഒരു അക്കൗണ്ടും തുറക്കപ്പെടുന്നില്ല.

(b) ഇടപാടുകാരന്റെ നിസ്സഹകരണം കൊണ്ടോ അല്ലെങ്കിൽ ഇടപാടുകാരൻ നൽകുന്ന രേഖകളുടെ/ വിവരങ്ങളുടെ അവിശ്വാസ്യത മൂലമോ സ്ഥാപനങ്ങൾക്ക് ഉചിതമായ സി.ഡി.ഡി (CDD) നടപടികൾ പ്രയോഗത്തിൽ വരുത്താൻ കഴിയാത്തിടത്ത് ഒരു അക്കൗണ്ടും തുറക്കപ്പെടുന്നില്ല.

(c) സി.ഡി.ഡി (CDD) നടപടിക്രമം പാലിക്കാതെ ഒരു ഇടപാടും അല്ലെങ്കിൽ അക്കൗണ്ട് അടിസ്ഥാനത്തിലുള്ള ബന്ധവും ഏറ്റെടുക്കപ്പെടുന്നില്ല.

(d) കെ.വൈ.സി കാര്യത്തിനുവേണ്ടി അന്വേഷിച്ചറിയേണ്ട, നിർബന്ധമായും ആവശ്യമുള്ള വിവരങ്ങൾ അക്കൗണ്ട് തുടങ്ങുമ്പോഴും കാലാകാലങ്ങളിൽ പുതുക്കുമ്പോഴും പ്രത്യേകം വ്യക്തമാക്കപ്പെടണം.

(e) ഇഷ്ടാനുസരണമുള്ള/ അധിക വിവരങ്ങൾ അക്കൗണ്ട് തുടങ്ങിയശേഷം ഇടപാടുകാരന്റെ സ്പഷ്ടമായ സമ്മതത്തോടെ മാത്രം ശേഖരിക്കുക.

(f) [7]സ്ഥാപനങ്ങൾ യു.സി.ഐ.സി (UCIC) തലത്തിൽ സി.ഡി.ഡി (CDD) നടപടിക്രമം പ്രയോഗത്തിൽ വരുത്തേണ്ടതാണ്. ഇപ്രകാരം ഒരു സ്ഥാപനത്തിലെ നിലവിലുള്ള കെ.വൈ.സി വ്യവസ്ഥകൾ അനുസരിക്കുന്ന ഇടപാടുകാരൻ അതെ സ്ഥാപനത്തിൽ മറ്റൊരു അക്കൗണ്ട് തുടങ്ങുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഒരു പുതിയ സി.ഡി.ഡി. അഭ്യാസത്തിന്റെ ആവശ്യം ഉണ്ടാകുന്നില്ല.

(g) ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങുമ്പോൾ ഉൾപ്പെട്ട എല്ലാവരുടെയും കാര്യത്തിൽ സി.ഡി.ഡി. നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(h) ഏതെല്ലാം പരിതഃസ്ഥിതികളിൽ ഒരു ഇടപാടുകാരനെ മറ്റൊരു വ്യക്തിയ്ക്ക് സ്ഥാപനത്തിനുവേണ്ടി പകരം നിന്ന് പ്രവർത്തിക്കാൻ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു സുവ്യക്തമാക്കിയിരിക്കണം.

(i) ഭാരതീയ റിസർവ്വ് ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉപരോധപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യക്തിയുമായോ സ്ഥാപനവുമായോ ഇടപാടുകാരന്റെ അനന്യത ഒത്തുപോകുന്നില്ലെന്ന് ഉറപ്പുവരുത്താൻ പര്യാപ്തമായ സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടായിരിക്കണം.

**11.** ഇടപാടുകാരെ സംബന്ധിച്ച സ്വീകാര്യതാ നയം പൊതുജനങ്ങൾക്ക് പ്രത്യേകിച്ചും സാമ്പത്തികമായോ സാമൂഹികമായോ പ്രതികൂലാവസ്ഥയിലുള്ളവർക്ക് ബാങ്കിങ്/ സാമ്പത്തിക കാര്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയിൽ കലാശിക്കരുത്.

## അദ്ധ്യായം - IV

## നഷ്ടസംഭാവ്യത (risk) കൈകാര്യം ചെയ്യൽ

**12.** നഷ്ടസംഭാവ്യത കൈകാര്യം ചെയ്യുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്ന നഷ്ട സംഭാവ്യതാടിസ്ഥാനത്തിലുള്ള ഒരു സമീപനം ആർ.ഇ കൾക്ക് ഉണ്ടായിരിക്കണം.

(a) സ്ഥാപനത്തിന്റെ വിലയിരുത്തലിന്റെയും നഷ്ടസാധ്യതാ ധാരണയുടെയും അടിസ്ഥാനത്തിൽ ഇടപാടുകാരെ താഴ്ന്ന, ഇടത്തരം, മേൽത്തരം നഷ്ടസംഭാവ്യതാ ഗ്രൂപ്പുകളായി തരം തിരിക്കേണ്ടതാണ്.

(b) നഷ്ട സംഭാവ്യതാടിസ്ഥാനത്തിലുള്ള തരംതിരിക്കൽ നിർവഹിക്കേണ്ടത് ഇടപാടുകാരന്റെ അനന്യത, സാമൂഹ്യ സാമ്പത്തിക പദവി, ബിസിനസ്സിന്റെ സ്വഭാവം, കൂടാതെ കക്ഷികളുടെ ബിസിനസ്സ്, ലൊക്കേഷൻ മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. ഇടപാടുകാരന്റെ അനന്യത പരിഗണിക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ ഓൺലൈനായോ അല്ലെങ്കിൽ അവ നൽകിയിട്ടുള്ള അധികാരികൾ വഴിയോ സ്ഥിരീകരിക്കുന്നതിനുള്ള പ്രാപ്തിയും കണക്കിലെടുക്കേണ്ടതാണ്.

അങ്ങനെ എങ്കിൽ ഉണ്ടെന്ന് ഗ്രഹിക്കുന്ന നഷ്ടസംഭാവ്യതയുമായി ബന്ധപ്പെടുത്തി വ്യത്യസ്ത തരത്തിലുള്ള ഇടപാടുകാരിൽനിന്നും

സമാഹരിക്കുന്ന വിവിധ തരത്തിലുള്ള മറ്റു വിവരങ്ങൾ ആവശ്യപ്പെടാതെ കടന്നുകയറിയവ അല്ലാത്തതും കെ.വൈ.സി നയരേഖയിൽ വ്യക്തമാക്കപ്പെട്ടതും ആയിരിക്കണം.

*വിശദീകരണം: എഫ്.എ.റ്റി.എഫ് പൊതു പത്രിക, കെ.വൈ.സി./ എ.എം.എൽ എന്നിവയെകുറിച് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (ഐ.ബി.എ) പുറപ്പെടുവിച്ചിട്ടുള്ള റിപ്പോർട്ടുകൾ, മാർഗ്ഗനിർദ്ദേശക്കുറിപ്പുകൾ, ഭാരതീയ റിസർവ് ബാങ്ക് എല്ലാ സഹകരണ ബാങ്കുകൾക്കും അയച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശക്കുറിപ്പുകൾ മുതലായവയും നഷ്ടസംഭാവ്യത വിലയിരുത്തപ്പെടുമ്പോൾ ഉപയോഗിക്കാവുന്നതാണ്.*

## അദ്ധ്യായം - V

## ഇടപാടുകാരെ തിരിച്ചറിയൽ നടപടിക്രമം(CIP)

13. സ്ഥാപനങ്ങൾ താഴെ പറയുന്ന കേസുകളിൽ ഇടപാടുകാരെ തിരിച്ചറിയൽ പ്രക്രിയ നിർവ്വഹിക്കേണ്ടതാണ്:

(a) ഇടപാടുകാരനുമായി ഒരു അക്കൗണ്ടടിസ്ഥാന ബന്ധം തുടങ്ങുമ്പോൾ.

(b) ബാങ്കിൽ അക്കൗണ്ടുകാരൻ അല്ലാത്ത ഒരാളിനുവേണ്ടി ഏതെങ്കിലും അന്താരാഷ്ട്ര പണം കൈമാറ്റ ഇടപാടുകൾ നടത്തുമ്പോൾ.

(c) ഇടപാടുകാരനെ സംബന്ധിച്ച തിരിച്ചറിയൽ വസ്തുതകളുടെ വിശ്വാസ്യതയെയും പര്യാപ്തതയെയും കുറിച്ചു സംശയം ഉണ്ടാകുമ്പോൾ.

(d) അൻപതിനായിരം രൂപയിൽ കൂടുതൽ മൂന്നാം കക്ഷിയുടെ ഉൽപന്നങ്ങൾ വിൽക്കുക, സ്വന്തം ഉൽപന്നങ്ങൾ വിൽപന നടത്തുക, ക്രെഡിറ്റ് കാർഡിന്റെ കടം തീർക്കുക, മുൻകൂർ പണം അടച്ചുള്ള കാർഡുകളുടെയും ട്രാവൽ കാർഡുകളുടെയും വിൽപനയും പുനർസജ്ജമാക്കലും നടത്തുക എന്നിവ ചെയ്യുമ്പോൾ.

(e) അൻപതിനായിരം രൂപയിൽ കൂടുതലുള്ള ഒറ്റ ഇടപാടിലോ അല്ലെങ്കിൽ തമ്മിൽ ബന്ധമുണ്ടെന്ന് കരുതേണ്ട ധാരാളം ഇടപാടുകൾ ഒന്നിച്ചോ ഒരു അക്കൗണ്ട് രഹിത, അതായത് കടന്നു വന്നു പോകുന്ന ഇടപാടുകാരനു വേണ്ടി ഇടപാടുകൾ നടത്തുമ്പോൾ.

(f) ഒരു ഇടപാടുകാരൻ, അയാൾ ഏതു വിഭാഗത്തിലുള്ളതായാലും, ഒരു ഇടപാടിനെ മനഃപൂർവം തുടക്ക പരിധിയായ അൻപതിനായിരം രൂപയിൽ താഴെയുള്ള പല ഇടപാടുകളാക്കി മാറ്റുന്നു എന്ന് വിശ്വസിക്കുവാൻ സ്ഥാപനങ്ങൾക്ക് കാരണമുണ്ടെങ്കിൽ.

**14.** ഒരു അക്കൗണ്ട് അധിഷ്ഠിത ബന്ധം ആരംഭിക്കുമ്പോൾ ഇടപാടുകാരുടെ തിരിച്ചറിയലിനുവേണ്ടി സ്ഥാപനങ്ങൾക്ക് അവരുടെ ഇഷ്ടാനുസരണം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇടപാടുകാരനെക്കുറിച്ചുള്ള ഒരു മൂന്നാം കക്ഷിയുടെ ജാഗ്രതാ റിപ്പോർട്ടിനെ ആശ്രയിക്കാവുന്നതാണ്:

(a) [8]മൂന്നാം കക്ഷിയിൽ നിന്നോ അല്ലെങ്കിൽ സെൻട്രൽ കെ.വൈ.സി. റെക്കോർഡ് രജിസ്ട്രിയിൽനിന്നോ ഇടപാടുകാരനെപ്പറ്റി മൂന്നാം കക്ഷി തയ്യാറാക്കിയ ജാഗ്രതാ പഠനത്തിന്റെ രേഖകളോ വിവരമോ രണ്ടു നാളുകൾക്കുള്ളിൽ ലഭിച്ചിരിക്കണം.

(b) ആവശ്യപ്പെടുമ്പോൾ മൂന്നാം കക്ഷിയിൽ നിന്നും ഇടപാടുകാരനെക്കുറിച്ചുള്ള തിരിച്ചറിയൽ രേഖകളും ജാഗ്രതാ സംബന്ധിയായ മറ്റു പ്രസക്ത രേഖകളും താമസംവിനാ ലഭ്യമാകുമെന്ന് സ്വയം തൃപ്തിപ്പെടുത്താൻ മതിയായ നടപടികൾ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

(c) പി.എം.എൽ ആക്ട് അനുസരിച്ചുള്ള ആവശ്യങ്ങൾക്കും ബാധ്യതകൾക്കും അനുസൃതമായി ഇടപാടുകാരനെക്കുറിച്ചുള്ള ജാഗ്രതാ വിവരങ്ങൾ തയ്യാറാക്കുന്നതിനും റെക്കോർഡ് സൂക്ഷിക്കുന്നതിനും വേണ്ടി ക്രമീകരണങ്ങൾ മൂന്നാം കക്ഷിയിൽ നിന്നുണ്ടാകേണ്ടതും ഇക്കാര്യത്തിനായി മൂന്നാം കക്ഷി നിയന്ത്രിക്കപ്പെടേണ്ടതും മേൽനോട്ടത്തിനു വിധേയമാക്കേണ്ടതും നിരീക്ഷിക്കപ്പെടേണ്ടതുമാണ്.

(d) മൂന്നാം കക്ഷിയുടെ ആസ്ഥാനം വലിയ നഷ്ടസാധ്യതയുണ്ടെന്ന് വിലയിരുത്തപ്പെട്ട ഒരു രാജ്യത്തോ അധികാര പരിധിക്കകത്തോ ആകരുത്.

(e) ഇടപാടുകാരനെ സംബന്ധിച്ചുള്ള മതിയായ ജാഗ്രതയ്ക്കും ബാധകമായ വിധം അത് വർധിപ്പിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുക്കുന്നതിനുമുള്ള ആത്യന്തിക ഉത്തരവാദിത്വം സ്ഥാപനങ്ങൾക്ക് തന്നെയാണ്.

## അദ്ധ്യായം - VI

## കസ്റ്റമർ ജാഗ്രതാ (സി.ഡി.ഡി.) നടപടിക്രമം

**15. [9]തിരിച്ചറിയൽ വിവരങ്ങൾ നേടുന്നതിനുള്ള നടപടിക്രമം.**

ഒരു അക്കൗണ്ട് അടിസ്ഥാനമാക്കി ബന്ധം സ്ഥാപിക്കുമ്പോഴും അല്ലെങ്കിൽ ഏതെങ്കിലും നിയമാനുസൃത സ്ഥാപനവുമായി ബന്ധപ്പെട്ടു അതിന്റെ ഗുണഭോക്താവായ ഉടമസ്ഥനോ, ഒപ്പിടാൻ അധികാരപ്പെടുത്തപ്പെട്ട ആളോ, മുക്ത്യാർ നാമാവോ ആയ വ്യക്തിയുമായി ഇടപാടുകൾ നടത്തുമ്പോഴും, കസ്റ്റമർ-ജാഗ്രതാ നടപടി എടുക്കുന്നതിന് സ്ഥാപനങ്ങൾ ആ വ്യക്തിയിൽനിന്നും താഴെ പറയുന്ന വിവരങ്ങൾ വാങ്ങേണ്ടതാണ്:

a) ആധാറിൽ പേര് ചേർക്കുന്നതിന് അർഹതയുള്ള വ്യക്തിയിൽ നിന്നും ആധാർ നമ്പർ, പെർമനെന്റ് അക്കൗണ്ട് നമ്പർ (പി.എ.എൻ) അല്ലെങ്കിൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 1962 ലെ ആദായ നികുതി ചട്ടങ്ങളിൽ നിർവചിച്ചിട്ടുള്ള വിധം ഫോറം നമ്പർ 60;

എന്നിരുന്നാലും ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്ത വ്യക്തിയുടെ കാര്യത്തിൽ ആധാറിൽ ചേരാനുള്ള അപേക്ഷ കൊടുത്തതിന്റെ തെളിവ് വാങ്ങേണ്ടതാണ്. അപേക്ഷ 6 മാസത്തിൽ കൂടുതൽ പഴക്കമുള്ളതാകരുത്. പാൻ (പി.എ.എൻ) സമർപ്പിക്കുവാൻ കഴിയാത്തപക്ഷം തിരിച്ചറിയാനുള്ള വിശദവിവരങ്ങളും മേൽവിലാസവും അടങ്ങിയിട്ടുള്ള ഒരു ഓ.വി.ഡി(OVD)യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അടുത്തകാലത്തെടുത്ത ഒരു ഫോട്ടോയും വാങ്ങിയിരിക്കേണ്ടതാണ്.

> *വിശദീകരണം - "റിപ്പോർട്ട് ചെയ്യുന്ന സ്ഥാപനം സാക്ഷ്യപ്പെടുത്തിയ പകർപ്പ് വാങ്ങുക എന്നുപറഞ്ഞാൽ ഇടപാടുകാരൻ അപ്രകാരം സമർപ്പിച്ച ഔദ്യോഗിക സാധുതയുള്ള രേഖയുടെ പകർപ്പ് അതിന്റെ അസ്സലുമായി ആ സ്ഥാപനത്തിലെ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ ഒത്തുനോക്കി അക്കാര്യം ആ പകർപ്പിൽ രേഖപ്പെടുത്തി എന്നർത്ഥം"*
>
> എന്നാൽ, ജമ്മു & കാശ്മീർ, അസം, മേഘാലയ എന്നീ സംസ്ഥാനങ്ങളിലൊന്നിൽ നിവാസിയായ ഒരു വ്യക്തി ആധാറോ അതിനുവേണ്ടി അപേക്ഷ നൽകിയതിന് തെളിവോ സമർപ്പിക്കുന്നില്ല എങ്കിൽ അയാളിൽനിന്നും താഴെ പറയുന്നവ വാങ്ങിയിരിക്കേണ്ടതാണ്:
>
> i. വിശദമായ തിരിച്ചറിയൽ വിവരങ്ങൾ അടങ്ങിയ ഓ.വി.ഡി യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മേൽവിലാസവും
>
> ii. അടുത്ത സമയത്തെടുത്ത ഒരു ഫോട്ടോഗ്രാഫും

b) ആധാറിൽ ചേരാൻ അർഹതയില്ലാത്തതോ, നിവാസിയോ(resident) അല്ലാത്ത ഒരു വ്യക്തിയിൽനിന്നും താഴെ പറയുന്നവ വാങ്ങേണ്ടതാണ്:

i. പി.എ).എൻ (PAN) അല്ലെങ്കിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ള 1962 ലെ ആദായനികുതി ചട്ടങ്ങളിൽ നിർവചിച്ചിട്ടുള്ള പ്രകാരം ഉള്ള ഫോറം 60.

ii. സമീപകാലത്തെടുത്ത ഒരു ഫോട്ടോ

iii. മേൽവിലാസവും തിരിച്ചറിയലിനുള്ള വിശദവിവരങ്ങളും അടങ്ങിയ ഓ.വി.ഡി യുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും.

എന്നിരുന്നാലും, ഒരു വിദേശ പൗരൻ സമർപ്പിക്കുന്ന ഓ.വി.ഡി (OVD) യിൽ മേൽവിലാസ വിവരങ്ങൾ ഇല്ലെങ്കിൽ വിദേശ അധികാര പരിധിയുള്ള സർക്കാർ വകുപ്പുകൾ നൽകുന്ന രേഖകളും ഇന്ത്യയിലെ വിദേശ എംബസ്സിയോ/ മിഷനോ നൽകുന്ന കത്തും മേൽവിലാസത്തിന്റെ തെളിവായി സ്വീകരിക്കേണ്ടതാണ്.

എന്നാൽ, ഈ മുഖ്യനിർദ്ദേശങ്ങളുടെ ഭാഗം III ൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള നിയമാനുസൃത സ്ഥാപനങ്ങളുടെ അക്കൗണ്ട് തുടങ്ങുമ്പോൾ ഒപ്പിടാൻ അധികാരപ്പെടുത്തിയിട്ടുള്ള അല്ലെങ്കിൽ മുക്ത്യാർ നാമാവായ വ്യക്തിയുടെ പി.എ).എൻ (PAN) സമർപ്പിക്കുന്നില്ലെങ്കിൽ അപ്രകാരമുള്ള വ്യക്തിയുടെ ഓ.വി.ഡി (OVD) യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അതിൽ മേൽവിലാസം ഇല്ലെങ്കിൽ പോലും വാങ്ങിയിരിക്കേണ്ടതാണ്.

*വിശദീകരണം 1: ഈ മുഖ്യനിർദ്ദേശങ്ങളിൽ നിർവചിച്ചിട്ടുള്ള വിധം നിവാസികളല്ലാത്തവരിൽനിന്നും ആധാർ നമ്പർ ആവശ്യപ്പെടരുത്.*

*വിശദീകരണം 2: ആധാറിൽ ചേരുന്നതിനു വ്യക്തിക്ക് അർഹത ഇല്ലെന്നുള്ളതിന് ഒരു സത്യപ്രസ്താവന സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്.*

*വിശദീകരണം 3: ഇടപാടുകാർ അവരുടെ ഇഷ്ടാനുസരണം അഞ്ചു ഓ.വി.ഡികളിൽ ഒന്ന് സമർപ്പിക്കേണ്ടതാണ്.*

(c) ഇടപാടുകാരൻ സമർപ്പിച്ച ആധാറുമായി അല്ലെങ്കിൽ പി.എ).എൻ (PAN) നമ്പറുമായി ബന്ധപ്പെട്ട തിരിച്ചറിയൽ വിവരങ്ങളിൽ ഇപ്പോഴത്തെ മേൽവിലാസം ഇല്ലെങ്കിൽ അതിനായി സെക്ഷൻ 3(a)(xiv)ൽ നിർവചിച്ചിരിക്കുന്ന പ്രകാരം ഇടപാടുകാരിൽനിന്നും ഒരു ഓ.വി.ഡി (OVD) വാങ്ങിയിരിക്കണം.

“അങ്ങനെ വാങ്ങുമ്പോഴും ഇടപാടുകാരൻ നൽകുന്ന ഓ.വി.ഡിയിൽ ഇപ്പോഴത്തെ മേൽവിലാസം ഉണ്ടായില്ലെങ്കിൽ മേൽവിലാസത്തിന്റെ തെളിവ്

എന്ന പരിമിത ആവശ്യത്തിനായി താഴെ പറയുന്ന രേഖകൾ ഓ.വി.ഡി (OVD) കൾ ആയി കണക്കാക്കപ്പെടേണ്ടതാണ്:-

i. ഏതെങ്കിലും സേവനദാതാവിന്റെ രണ്ടു മാസത്തിൽ കൂടുതൽ പഴക്കമില്ലാത്ത ഉപഭോഗ ബിൽ (വൈദ്യുതി, ടെലിഫോൺ, പോസ്റ്റ്പെയ്ഡ് മൊബൈൽ ഫോൺ, പൈപ്പിൽ കൂടിയുള്ള ഗ്യാസ്, വെള്ളക്കരം);

ii. ഭൂ നികുതി അല്ലെങ്കിൽ മുൻസിപ്പൽ നികുതി രസീത്;

iii. വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അല്ലെങ്കിൽ കുടുംബ പെൻഷൻ അനുവദിച്ച് സർക്കാർ നൽകുന്ന ഉത്തരവുകളിൽ വകുപ്പുകൾ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന മേൽവിലാസം ഉണ്ടെങ്കിൽ അവ;

iv. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, നിയമപരമോ നിയന്ത്രണപരമോ ആയി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനികൾ എന്നിവിടങ്ങളിലെ തൊഴിലുടമകളിൽ നിന്നും ലഭിച്ചിട്ടുള്ള താമസ സൗകര്യം അനുവദിച്ചുകൊണ്ടുള്ള കത്തുകൾ, ഔദ്യോഗിക താമസ സൗകര്യം അനുവദിക്കുമ്പോൾ പ്രസ്തുത തൊഴിലുടമകളുമായിട്ടുള്ള ലീവ് ആൻഡ് ലൈസൻസ് കരാറുകൾ;

എന്നാൽ, മുകളിൽ പറഞ്ഞ രേഖകൾ സമർപ്പിച്ച് മൂന്ന് മാസത്തിനകം ഇടപാടുകാരൻ ആധാർ അല്ലെങ്കിൽ ഇപ്പോഴത്തെ മേൽവിലാസത്തോടുകൂടി നാളതീകരിക്കപ്പെട്ട ഓ.വി.ഡി (OVD) ഹാജരാക്കിയിരിക്കണം".

(d) ആധാർ നമ്പർ കൈപ്പറ്റുന്ന സമയത്തു സ്ഥാപനങ്ങൾ ഇടപാടുകാരന്റെ സ്പഷ്ടമായ സമ്മതത്തോടുകൂടി ഇ-കെ.വൈ.സി പ്രാമാണീകരണം (ബയോ-മെട്രിക് അല്ലെങ്കിൽ ഓ.റ്റി.പി. അടിസ്ഥാനത്തിൽ) അല്ലെങ്കിൽ അതെ/ അല്ല പ്രാമാണീകരണം നടത്തിയിരിക്കണം.

എന്നാൽ,

i. അതെ/ അല്ല പ്രാമാണികരണം അക്കൗണ്ട്-അടിസ്ഥാന ബന്ധം സ്ഥാപിക്കുമ്പോൾ നടത്തേണ്ടതില്ല.

ii. അതെ/ അല്ല പ്രാമാണികരണം നടത്തിയിരിക്കുന്ന നിലവിലുള്ള അക്കൗണ്ടുകളിൽ അപ്രകാരം പ്രാമാണികരണം നടത്തി ആറ് മാസത്തിനുള്ളിൽ ബയോ-മെട്രിക് അല്ലെങ്കിൽ ഓ.റ്റി.പി. അടിസ്ഥാനത്തിലുള്ള ഇ-കെ.വൈ.സി. പ്രാമാണികരണം നടത്തുന്നു എന്ന് സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

iii. ഒരു നിയമാനുസൃത സ്ഥാപനത്തിന്റെ ഗുണഭോക്തൃ ഉടമയെ സംബന്ധിച്ചിടത്തോളം നിലവിലുള്ള അക്കൗണ്ടിന്റെ കാര്യത്തിലോ അല്ലെങ്കിൽ ഒരു അക്കൗണ്ട്-അടിസ്ഥാന ബന്ധം സ്ഥാപിക്കുമ്പോഴോ അതെ/ അല്ല പ്രാമാണികരണം മതിയാകുന്നതാണ്.

iv. പുതിയ അക്കൗണ്ട് തുടങ്ങുന്നതിന് മുഖാ-മുഖം അല്ലാത്ത രീതിയിൽ ഓ.റ്റി.പി. അടിസ്ഥാനത്തിൽ പ്രാമാണികരണം നടത്തുന്നിടത്ത് സെക്ഷൻ 17ൽ വ്യക്തമാക്കിയിട്ടുള്ള പരിമിതികൾ ബാധകമായിരിക്കും.

v. ബയോ-മെട്രിക് അടിസ്ഥാനത്തിലുള്ള ഇ-കെ.വൈ.സി പ്രാമാണികരണം ബാങ്ക് ഉദ്യോഗസ്ഥർ/ ബിസിനസ് കറസ്പോണ്ടന്റ്സ്/ ബിസിനസ് സഹായികൾ/ ബയോ-മെട്രിക് പ്രാപ്തിയുള്ള എ.റ്റി.എംകൾ എന്നിവർക്ക് നടത്താവുന്നതാണ്.

*വിശദീകരണം 1: ഇടപാടുകാരന്റെ സുവ്യക്ത സമ്മതം തേടുമ്പോൾ ആധാർ (പ്രാമാണീകരണം) റെഗുലേഷൻസ് 2016 ന്റെ വകുപ്പുകൾ 5 ലും 6 ലും വ്യക്തമാക്കിട്ടുള്ള സമ്മത വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.*

*വിശദീകരണം 2: പ്രാമാണീകരണം അവരുടെ ഏതു ശാഖയിലും നടത്തുന്നതിന് സ്ഥാപനങ്ങൾ അനുവദിക്കേണ്ടതാണ്.*

(e) മുകളിൽ സെക്ഷൻ 15(a) ൽ സൂചിപ്പിച്ചിട്ടുള്ളവിധം ആധാറിൽ ചേരുന്നതിനും പെർമനന്റ് അക്കൗണ്ട് നമ്പർ (പി.എ).എൻ) ലഭിക്കുന്നതിനും അർഹതയുള്ളതായ ഇടപാടുകാരൻ സ്ഥാപനവുമായി ഒരു അക്കൗണ്ട് അടിസ്ഥാനത്തിലുള്ള ബന്ധം ആരംഭിക്കുന്ന സമയത്ത് ആധാർ നമ്പറോ പെർമനന്റ് അക്കൗണ്ട് നമ്പറോ/ ഫോറം 60 ഓ ഹാജരാക്കുന്നില്ലെങ്കിൽ അപ്രകാരമുള്ള ബന്ധം തുടങ്ങി ആറു മാസത്തിനകം ഇടപാടുകാരൻ അവ സമർപ്പിക്കേണ്ടതാണ്. അപ്രകാരം ചെയ്യാൻ ഇടപാടുകാരൻ പരാജയപ്പെടുകയാണെങ്കിൽ അങ്ങനെ സമർപ്പിക്കുന്നതുവരെ പ്രസ്തുത അക്കൗണ്ട് പ്രവർത്തനക്ഷമമായിരിക്കുന്നതല്ല .

*വിശദീകരണം: വായ്പാ അക്കൗണ്ട് പോലുള്ള ആസ്തി അക്കൗണ്ടുകളിൽ ഇടപാടുകൾ നിർത്തലാക്കുമ്പോൾ അവയിൽ തുക വരവ് വയ്ക്കലുകൾ മാത്രമേ അനുവദിക്കുകയുള്ളു.*

(f) അക്കൗണ്ട് തുടങ്ങുമ്പോൾ സ്ഥാപനങ്ങൾ ഈ വ്യവസ്ഥയെക്കുറിച്ച് ഇടപാടുകാരനെ അറിയിച്ചിരിക്കേണ്ടതാണ്.

(g) ജമ്മു-കാശ്മീർ അല്ലെങ്കിൽ ആസ്സാം അല്ലെങ്കിൽ മേഘാലയ സംസ്ഥാനത്ത് താമസക്കാരനല്ലാത്ത, ആധാറിൽ ചേരുന്നതിനും പെർമനന്റ് അക്കൗണ്ട് നമ്പർ (പി.എ).എൻ) ലഭിക്കുന്നതിനും അർഹതയുള്ള സ്ഥാപനവുമായി മുൻപേ തന്നെ അക്കൗണ്ട് അടിസ്ഥാനത്തിലുള്ള ബന്ധം സ്ഥാപിച്ചിട്ടുള്ള ഇടപാടുകാരൻ കേന്ദ്ര സർക്കാർ പരസ്യപ്പെടുത്തിയിട്ടുള്ള തീയ്യതിക്കകം ആധാർ നമ്പർ, പെർമനെന്റ് അക്കൗണ്ട് നമ്പർ/ഫോറം 60 സമർപ്പിച്ചിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇടപാടുകാരൻ പരാജയപ്പെടുന്നപക്ഷം ആധാർ നമ്പർ, പെർമനെന്റ് അക്കൗണ്ട് നമ്പർ/ഫോറം 60 സമർപ്പിക്കുന്നത് വരെ, മുൻ പറഞ്ഞ അക്കൗണ്ട് പ്രവർത്തനരഹിതമായിരിക്കുന്നതാണ്.

എന്നിരുന്നാലും പ്രസ്തുത തീയ്യതിക്ക് മുൻപായി സ്ഥാപനങ്ങൾ കുറഞ്ഞത് രണ്ട് നോട്ടീസെങ്കിലും അയച്ചിരിക്കണം.

(h) അക്കൗണ്ടുകൾ തുടങ്ങുമ്പോൾ പരിചയപ്പെടുത്തൽ ആവശ്യപ്പെടുന്നില്ലെന്ന് സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

### ഭാഗം I - വ്യക്തികളുടെ കാര്യത്തിലുള്ള സി.ഡി.ഡി.നടപടിക്രമം

**16.** 10ഒരു വ്യക്തിയുമായി അക്കൗണ്ട് അടിസ്ഥാനത്തിലുള്ള ബന്ധം സ്ഥാപിക്കുമ്പോൾ സ്ഥാപനങ്ങൾ താഴെ പറയുന്ന നടപടിക്രമം ബാധകമാക്കേണ്ടതാണ്:

(a) സെക്ഷൻ 15 ൽ പറഞ്ഞിരിക്കുന്നതുപോലെ വിവരങ്ങൾ സമ്പാദിക്കുക; കൂടാതെ

(b) കെ.വൈ.സി നയത്തിൽ സ്ഥാപനങ്ങൾ വ്യക്തമാക്കിയിട്ടുള്ളവിധം വ്യാപാരസ്വഭാവം അല്ലെങ്കിൽ സാമ്പത്തിക സ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട മറ്റു രേഖകൾ വാങ്ങുക.

എന്നിരുന്നാലും അക്കൗണ്ട് തുറക്കാൻ വേണ്ടി ഇടപാടുകാരിൽനിന്നും സമാഹരിക്കപ്പെടുന്ന വിവരങ്ങൾ രഹസ്യമായി കൈകാര്യം ചെയ്യേണ്ടതും അതിന്റെ വിശദാംശങ്ങൾ ഇടപാടുകാരന്റെ വ്യക്തമായ അനുമതി ഇല്ലാതെ മറ്റുള്ളവർക്ക് വിൽക്കുന്നതിനോ മറ്റേതെങ്കിലും കാര്യത്തിനു വേണ്ടി വെളിപ്പെടുത്താനാവുന്നതോ അല്ല.

> *വിശദീകരണം : ആധാർ പ്രാമാണീകരിക്കലും പി.എ.എൻ /ഫോറം 60 ഏതാണോ ബാധകം അത് വാങ്ങുന്നതും ഉൾപ്പെടെയുള്ള സി.ഡി.ഡി. നടപടിക്രമം സംയുക്ത അക്കൗണ്ടുകളിൽ ഉൾപ്പെട്ട എല്ലാവരുടെ കാര്യത്തിലും നടത്തേണ്ടതാണ്.*

**17.** [11]ഓ.റ്റി.പി (OTP) അടിസ്ഥാനമാക്കിയുള്ള ഇ-കെ.വൈ.സി ഉപയോഗിച്ച് മുഖാ-മുഖം അല്ലാത്ത രീതിയിൽ തുറക്കപ്പെട്ടിട്ടുള്ള അക്കൗണ്ടുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമാണ്:

(i) ഓ.റ്റി.പി വഴിയുള്ള പ്രാമാണീകരണത്തിന് ഇടപാടുകാരന്റെ വ്യക്തമായ സമ്മതം ഉണ്ടായിരിക്കണം.

(ii) ഇടപാടുകാരന്റെ എല്ലാ നിക്ഷേപ അക്കൗണ്ടുകളിലും കൂടിയുള്ള മൊത്തം ബാക്കിനിൽപ്പ് തുക ഒരു ലക്ഷം രൂപയിൽ കവിയരുത്. ബാക്കിനിൽപ്പ് ഈ പ്രാരംഭ പരിധി കവിയുകയാണെങ്കിൽ താഴെ (v) ൽ പറയുന്നതുപോലെ സി.ഡി.ഡി (CDD) പൂർത്തിയാകുന്നത് വരെ അക്കൗണ്ട് പ്രവർത്തന രഹിതമായിരിക്കും.

(iii) എല്ലാ നിക്ഷേപ അക്കൗണ്ടുകളിലും കൂടി ഒരു സാമ്പത്തിക വർഷം വന്നിട്ടുള്ള ആകെ വരവ് തുക രണ്ടു ലക്ഷം രൂപയിൽ കൂടരുത്.

(iv) വായ്പാ/ കടം അക്കൗണ്ടുകളെ സംബന്ധിച്ചിടത്തോളം നിശ്ചിതകാല വായ്പകൾ മാത്രമേ അനുവദിക്കാവൂ. ഒരു വർഷം അനുവദിക്കപ്പെട്ട എല്ലാ നിശ്ചിതകാല വായ്പകളും കൂടി അറുപതിനായിരം രൂപ കവിയരുത്.

(v) [12] ഓ.റ്റി.പി അടിസ്ഥാനത്തിലുള്ള കെ.വൈ.സി ഉപയോഗിച്ച് തുടങ്ങിയ നിക്ഷേപ, വായ്പാ അക്കൗണ്ടുകൾ ഒരു വർഷത്തിൽ കൂടുതൽ തുടരാൻ അനുവദിക്കരുത്. ഈ ഒരു വർഷത്തിനകം ബയോ-മെട്രിക് അടിസ്ഥാനത്തിലുള്ള കെ.വൈ.സി പ്രാമാണീകരണം പൂർത്തി യാക്കിയിരിക്കേണ്ടതാണ്.

(vi) [17]നിക്ഷേപ അക്കൗണ്ടുകളെ സംബന്ധിച്ച്, മുകളിൽ പറഞ്ഞ സി.ഡി.ഡി നടപടിക്രമം ഒരു വർഷത്തിനകം പൂർത്തിയാക്കപ്പെടുന്നില്ലെങ്കിൽ അത് ഉടനടി നിർത്തലാക്കണം; വായ്പാ അക്കൗണ്ടുകളിൽ അപ്പോഴുള്ളതിൽ കൂടുതൽ കടം അനുവദിക്കപ്പെടുകയും അരുത്.

(vii) മുഖാ-മുഖ രഹിത രീതിയിൽ ഓ.റ്റി.പി അടിസ്ഥാനത്തിലുള്ള കെ.വൈ.സി ഉപയോഗിച്ച് ഒരു അക്കൗണ്ട് മാത്രമേ തുറക്കുന്നുള്ളു എന്ന് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഈ രീതിയിൽ വേറെ ഒരു അക്കൗണ്ടും തുറന്നിട്ടില്ലെന്നും മേലിൽ തുറക്കുകില്ലെന്നും ഉള്ള ഒരു പ്രതിജ്ഞാപത്രവും ഇടപാടുകാരിൽനിന്നും വാങ്ങേണ്ടതാണ്. അത് കൂടാതെ കെ.വൈ.സി വിവരങ്ങൾ സി.കെ.വൈ.സി.ആർലേയ്ക്ക് അപ്-ലോഡ് ചെയ്യുമ്പോൾ അക്കൗണ്ടുകൾ ഓ.റ്റി.പി അടിസ്ഥാനത്തിലുള്ള ഇ-കെ.വൈ.സി. ഉപയോഗിച്ച് തുറന്നവയാണെന്നും മുഖാ-മുഖ രഹിത രീതിയിൽ ഓ.റ്റി.പി

അടിസ്ഥാനത്തിലുള്ള ഇ-കെ.വൈ.സി നടപടിക്രമം അനുസരിച്ച് തുടങ്ങിയ അക്കൗണ്ടുകളുടെ കെ.വൈ.സി വിവരങ്ങളെ അടിസ്ഥാനമാക്കി മറ്റു സ്ഥാപനങ്ങൾ അക്കൗണ്ടുകൾ തുടങ്ങരുതെന്നും സ്ഥാപനങ്ങൾ വളരെ സ്പഷ്ടമായി സൂചിപ്പിച്ചിരിക്കേണ്ടതാണ്.

(viii) മുകളിൽ പറഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പുവരുത്താനായി, എന്തെങ്കിലും അനുസരണക്കേടോ/ ലംഘനമോ ഉണ്ടായാൽ മുന്നറിയിപ്പ് നൽകുന്ന സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നിരീക്ഷണ നടപടിക്രമങ്ങൾ സ്ഥാപനങ്ങൾക്ക് ഉണ്ടാകണം.

**18.** [13]നീക്കപ്പെട്ടു.

**19.** [14] ,,

**20.** [15] ,,

**21.** [16] ,,

**22.** [17] ,,

**23.** [18]ആധാർ നമ്പറോ എൻറോൾമെൻറ് നമ്പറോ കൂടാതെ പി.എ.എൻ ഇല്ലാത്ത ഒരു വ്യക്തി ബാങ്ക് അക്കൗണ്ട് തുറക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ, താഴെ പറയുന്ന കാര്യങ്ങൾക്ക് വിധേയമായി ഒരു 'ലഘു അക്കൗണ്ട് തുറക്കേണ്ടതാണ്:

(a) ഇടപാടുകാരനിൽ നിന്നും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു ഫോട്ടോ വാങ്ങിയിരിക്കണം.

(b) തന്റെ മുൻപാകെയാണ് അക്കൗണ്ട് തുറന്ന വ്യക്തി ഒപ്പിട്ടതെന്ന് അല്ലെങ്കിൽ വിരലടയാളം പതിച്ചതെന്ന് ബാങ്കിന്റെ നിയുക്ത അധികാരി സാക്ഷ്യപ്പെടുത്തി ഒപ്പിട്ടിരിക്കണം.

(c) ഇത്തരം അക്കൗണ്ടുകൾ കോർ-ബാങ്കിങ് സൊല്യൂഷനും (CBS) ആയി യോജിപ്പിച്ച ശാഖകളിലും കായികമായി നിരീക്ഷിക്കുന്നതിനും ഈ അക്കൗണ്ടിൽ വിദേശ പണം എത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും. സാദ്ധ്യമായ ശാഖകളിലും മാത്രമേ തുറക്കപ്പെടുന്നുള്ളു.

(d) ഇത്തരം അക്കൗണ്ടുകളിൽ ഒരു ഇടപാട് നടത്തുന്നത് അനുവദിക്കുന്നതിനുമുമ്പ് ഇടപാടുകളുടെ ആകെത്തുകയുടെ നിർദ്ദിഷ്ട

മാസിക, വാർഷിക പരിധികൾ, അക്കൗണ്ടിലെ ബാക്കിനിൽപ്പ് ആവശ്യകതകൾ എന്നിവ ലംഘിക്കപ്പെടുന്നില്ലെന്ന് ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതാണ്.

(e) ഈ അക്കൗണ്ട് പന്ത്രണ്ടു മാസം പ്രവർത്തനക്ഷമമായിരിക്കും. അക്കൗണ്ട് ഉടമ അപേക്ഷിക്കുകയും ആദ്യത്തെ പന്ത്രണ്ടു മാസത്തിനകത്ത് ഏതെങ്കിലും ഓ.വി.ഡി യ്ക്ക് അപേക്ഷിച്ചിട്ടുണ്ട് എന്നതിന് തെളിവ് ഹാജരാക്കുകയും ചെയ്താൽ അക്കൗണ്ടിന്റെ പ്രവർത്തനം വീണ്ടും പന്ത്രണ്ടു മാസത്തേയ്ക്ക് നീട്ടിക്കൊടുക്കാവുന്നതാണ്.

(f) ഇളവനുവദിക്കൽ ഏർപ്പാട് മൊത്തത്തിൽ ഇരുപത്തിനാലു മാസങ്ങൾക്ക് ശേഷം പുനരവലോകനം ചെയ്യേണ്ടതാണ്.

(g) അക്കൗണ്ട് നിരീക്ഷണ വിധേയമാക്കേണ്ടതാണ്. പണം വെളുപ്പിക്കൽ അല്ലെങ്കിൽ തീവ്രവാദ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അല്ലെങ്കിൽ, അതിയായ അപകടസാഹചര്യം എന്നിങ്ങനെ എന്തെങ്കിലും സംശയിക്കപ്പെടുമ്പോൾ ഇടപാടുകാരന്റെ അനന്യത ഒരു ഓ.വി.ഡി യും ആധാർ നമ്പറും ഹാജരാക്കി തെളിയിക്കപ്പെടേണ്ടതാണ്. ഇടപാടുകാരന് ആധാർ നമ്പർ അനുവദിച്ചിട്ടില്ലെങ്കിൽ ആധാറിന് അപേക്ഷിച്ചിട്ടുണ്ട് എന്നുള്ളതിന് ആറ് മാസത്തിൽ കൂടുതൽ പഴക്കമില്ലാത്ത തെളിവ് ഓ.വി.ഡി യോടൊപ്പം ഹാജരാക്കി അനന്യത തെളിയിക്കേണ്ടതാണ്.

എന്നാൽ ഇടപാടുകാരൻ ആധാർ നമ്പറിനുവേണ്ടി എൻറോൾ ചെയ്യാൻ അർഹനല്ലെങ്കിൽ അയാളുടെ അനന്യത ഒരു ഓ.വി.ഡി ഹാജരാക്കലിൽ കൂടി സ്ഥാപിക്കേണ്ടതാണ്.

(h) ഇടപാടുകാരന്റെ അനന്യത പൂർണ്ണമായി സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ ഈ അക്കൗണ്ടിലേയ്ക്ക് വിദേശപണം സ്വീകരിക്കുന്നത് അനുവദിക്കപ്പെടുന്നതല്ല. അങ്ങനെ സ്ഥാപിക്കപ്പെടേണ്ടത് ഒരു ഓ.വി.ഡി യും ആധാർ നമ്പറും അല്ലെങ്കിൽ ആ വ്യക്തി ആധാറിന് അർഹനായിരിക്കുകയും എന്നാൽ ആയത് അനുവദിച്ചുകിട്ടാതിരിക്കുകയും ആണെങ്കിൽ ആറുമാസത്തിലേറെ പഴക്കമില്ലാത്ത ആധാർ എൻറോൾമെൻറ് നമ്പറും ഹാജരാക്കുന്നതിൽ കൂടിയാണ്. എന്നാൽ കക്ഷി ആധാറിനുവേണ്ടി എൻറോൾ ചെയ്യപ്പെടാൻ അർഹതയില്ലാത്ത വ്യക്തിയെങ്കിൽ ഒരു ഓ.വി.ഡി ഹാജരാക്കുന്നതിൽ കൂടി അയാളുടെ അനന്യത സ്ഥാപിക്കപ്പെടുന്നതാണ്.

**24.** [19]ബാങ്കിങ് ഇതര ധനകാര്യ കമ്പനികളിൽ (എൻ.ബി.എഫ്.സി.കൾ) അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടിക്രമം.

അക്കൗണ്ട് തുടങ്ങുന്നതിന് ആഗ്രഹിക്കുന്ന ഒരു വ്യക്തിയ്ക്ക് സെക്ഷൻ 15 ൽ പറയുന്ന പ്രകാരം തിരിച്ചറിയൽ വിവരങ്ങൾ ഹാജരാക്കാൻ കഴിയാതെ വരുന്നപക്ഷം എൻ .ബി.എഫ്.സി.കൾക്ക് അവരുടെ വിവേചനം അനുസരിച്ച് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അക്കൗണ്ട് തുറക്കാവുന്നതാണ്:

(a) എൻ.ബി.എഫ്.സി, ഇടപാടുകാരിൽനിന്നും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു ഫോട്ടോ വാങ്ങിയിരിക്കണം.

(b). അക്കൗണ്ട് തുറക്കുന്ന വ്യക്തി തന്റെ സാന്നിധ്യത്തിലാണ് ഒപ്പിട്ടത് അല്ലെങ്കിൽ വിരലടയാളം പതിച്ചത് എന്ന് എൻ.ബി.എഫ്.സി.യിലെ നിയുക്ത അധികാരി സാക്ഷ്യപ്പെടുത്തി ഒപ്പിടണം.

(c). പ്രസ്തുത അക്കൗണ്ട് ആരംഭത്തിൽ പന്ത്രണ്ടു മാസത്തേയ്ക്ക് പ്രവർത്തനക്ഷമമായിരിക്കുകയും ആ സമയത്തിനകം സെക്ഷൻ 15ൽ പറഞ്ഞിട്ടുള്ള പ്രകാരം തിരിച്ചറിയൽ വിവരങ്ങൾ നൽകുകയും വേണം.

(d) പരിചയപ്പെടുത്തൽ അടിസ്ഥാനത്തിൽ തുടങ്ങിയ നിലവിലുള്ള എല്ലാ അക്കൗണ്ടുകളെ സംബന്ധിച്ചും സെക്ഷൻ 15 പ്രകാരമുള്ള തിരിച്ചറിയൽ നടപടിക്രമം ആറു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

(e) ഏതു സമയത്തും അവരുടെ എല്ലാ അക്കൗണ്ടുകളിലുംകൂടി മൊത്തം ബാക്കിനിൽപുള്ള തുക അൻപതിനായിരം രൂപയിൽ കൂടരുത്.

(f) ഒരു വർഷത്തിൽ എല്ലാ അക്കൗണ്ടുകളിലുംകൂടിയുള്ള മൊത്തം വരവ് തുക ഒരു ലക്ഷം രൂപയിൽ കവിയരുത്.

(g) മുകളിൽ (e)യിലും (f)ലും ഉള്ള നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നപക്ഷം മുഴുവൻ കെ.വൈ.സി നടപടിക്രമവും പൂർത്തിയാകുന്നതുവരെ വീണ്ടും ഇടപാടുകൾ നടത്താൻ അനുവദിക്കുന്നതല്ലെന്ന് ഇടപാടുകാരനെ ബോധ്യപ്പെടുത്തിയിരിക്കണം

(h) ബാക്കിനിൽപ്പ് തുക നാല്പത്തിനായിരത്തിൽ എത്തുമ്പോഴും അല്ലെങ്കിൽ ഒരു വർഷത്തെ മൊത്തം വരവ് തുക എൺപതിനായിരം ആകുമ്പോഴും കെ.വൈ.സി. നടപടിക്രമം നടത്തുന്നതിന് ഉചിതമായ രേഖകൾ സമർപ്പിക്കണമെന്നും അല്ലെങ്കിൽ എല്ലാ അക്കൗണ്ടുകളിലുമുള്ള ബാക്കിനിൽപ്പ് തുക ഒന്നിച്ചെടുക്കുമ്പോൾ മുകളിൽ പറഞ്ഞ (e), (f) നിർദ്ദേശങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള പരിധികൾ കവിയുകയാണെങ്കിൽ അക്കൗണ്ടിലെ ഇടപാടുകൾ നിർത്തലാക്കുമെന്നും ഇടപാടുകാരനെ അറിയിക്കേണ്ടതാണ്.

**25.** 20 നീക്കം ചെയ്തു.

**26.** [21]സ്ഥാപനത്തിന്റെ ഒരു ശാഖ/ ഓഫീസ് ഒരിക്കൽ ചെയ്ത കെ.വൈ.സി.പരിശോധന അതെ സ്ഥാപനത്തിന്റെ മറ്റേതൊരു ശാഖയിലേക്കും/ ഓഫീസിലേക്കും ബന്ധപ്പെട്ട അക്കൗണ്ട് മാറ്റുവാൻ വേണ്ടി സാധുവായിരിക്കും. എന്നാൽ ആ അക്കൗണ്ടിന്റെ മുഴുവൻ കെ.വൈ.സി. പരിശോധനയും അതിനാപ്പം തന്നെ ചെയ്തിരിക്കേണ്ടതും കാലികമായ നാളതീകരണത്തിന് ബാക്കിനിൽക്കാത്തതും ആകണം.

## ഭാഗം II - ഏകവ്യക്തി ഉടമസ്ഥതയിലുള്ള വ്യാപാരസ്ഥാപനത്തിനുവേണ്ടിയുള്ള സി.ഡി.ഡി.നടപടികൾ

**27.** [22]ഏകവ്യക്തി ഉടമസ്ഥതയുള്ള ഒരു വ്യാപാര സ്ഥാപനത്തിന്റെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിന് സെക്ഷൻ 15ൽ പറഞ്ഞിട്ടുള്ള പ്രകാരം ഉടമസ്ഥനെപ്പറ്റിയുള്ള തിരിച്ചറിയൽ വിവരങ്ങൾ വാങ്ങിയിട്ടുണ്ടായിരിക്കണം.

**28.** മുകളിൽ പറഞ്ഞതുകൂടാതെ വ്യാപാരത്തിന്റെ/ പ്രവർത്തനത്തിന്റെ തെളിവായിട്ട് പ്രൊപ്രൈറ്ററി സ്ഥാപനത്തിന്റെ പേരിലുള്ള താഴെ പറയുന്ന രേഖകളിൽ രണ്ടെണ്ണവും വാങ്ങിയിരിക്കേണ്ടതാണ്.

(a) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

(b) ഷോപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിൽ മുൻസിപ്പൽ അധികാരികൾ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് / ലൈസൻസ്.

(c) വില്പന/ ആദായനികുതി വിവരപത്രികകൾ.

(d) [23]സി.എസ്.ടി /വി .എ).ടി. /ജി.എസ്.ടി.സർട്ടിഫിക്കറ്റ് (താത്കാലികം/ അന്തിമം).

(e) വിൽപ്പന നികുതി/ സേവന നികുതി/ തൊഴിൽ നികുതി അധികാരികൾ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് / രജിസ്ട്രേഷൻ രേഖ.

(f) പ്രൊപ്രൈറ്ററി സ്ഥാപനത്തിന് ഡി.ജി.എഫ്.റ്റി. ഓഫീസ് നൽകിയിട്ടുള്ള ഐ.ഇ.സി (importer exporter code) ഒരു നിയമത്തിനുകീഴിൽ രൂപവത്ക്കരിക്കപ്പെട്ട തൊഴിൽപരമായ ഒരു സംഘടന പ്രൊപ്രൈറ്ററി സ്ഥാപനത്തിന്റെ പേരിൽ നൽകിയിട്ടുള്ള ലൈസൻസ്/ പ്രാക്ടീസ് സർട്ടിഫിക്കറ്റ്.

(g) സ്ഥാപനത്തിന്റെ വരുമാനം പ്രതിഫലിപ്പിക്കുന്നതും ആദായ നികുതി അധികാരികൾ യഥാവിധി പ്രാമാണീകരിച്ച/ അംഗീകരിച്ച ഉടമയായ ഏക വ്യക്തിയുടെ പേരിലുള്ള സമ്പൂർണ്ണ ആദായ നികുതി വിവര പത്രിക (വെറും കൈപ്പറ്റുചീട്ടല്ല).

(h) വൈദ്യുതി ബിൽ, വെള്ളക്കരം ബിൽ, ലാൻഡ്ലൈൻ ടെലിഫോൺ ബിൽ, തുടങ്ങിയ ഉപഭോക്തൃ ബില്ലുകൾ.

**29.** ഇത്തരം രണ്ടു രേഖകൾ നൽകുന്നതിന് സാധ്യമല്ല എന്ന് സ്ഥാപനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന കേസുകളിൽ അവരുടെ കാര്യാകാര്യ വിവേചന ബുദ്ധിയ്ക്കനുസരിച്ച് വ്യാപാരത്തിന്റെ/ പ്രവൃത്തിയുടെ തെളിവിനായി അത്തരം രേഖകളിൽ ഒന്നുമാത്രമായും സ്വീകരിക്കാവുന്നതാണ്.

അങ്ങനെ വരുന്നപക്ഷം സ്ഥാപനങ്ങൾക്ക് സമ്പർക്കസ്ഥാനങ്ങൾ വഴി പരിശോധനകൾ ഏറ്റെടുക്കുകയും ആ പ്രൊപ്രൈറ്ററി സ്ഥാപനത്തിന്റെ അസ്തിത്വം സ്ഥാപിച്ചുകിട്ടുന്നതിലേക്കാവശ്യമായ മറ്റു വിവരങ്ങളും വിശദീകരണങ്ങളും ശേഖരിക്കുകയും പ്രൊപ്രൈറ്ററി സ്ഥാപനത്തിന്റെ വ്യാപാര പ്രവർത്തനം അതിന്റെ മേൽവിലാസത്തിൽ നിന്നും പരിശോധിക്കപ്പെട്ടു എന്ന് സ്ഥിരീകരിക്കുകയും സ്വയം തൃപ്തിപ്പെടുകയും ചെയ്യേണ്ടതാണ്.

## ഭാഗം III - നിയമാനുസൃത സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള

## സി.ഡി.ഡി നടപടികൾ

**30.** [24] ഒരു കമ്പനിയുടെ അക്കൗണ്ട് തുടങ്ങുന്നതിലേയ്ക്ക് താഴെ പറയുന്ന രേഖകളുടെ പ്രാമാണീകരിച്ച ഓരോ പകർപ്പ് വാങ്ങിയിരിക്കേണ്ടതാണ്:

(a) കമ്പനി രൂപീകരിച്ചതിന്റെ സർട്ടിഫിക്കറ്റ്.

(b) മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷനും.

(c) ഡയറക്ടർ ബോർഡിൻറെ ഒരു പ്രമേയവും കമ്പനിയ്ക്കുവേണ്ടി ഇടപാടുകൾ നടത്താൻ മാനേജർമാർ, ഓഫീസർമാർ അല്ലെങ്കിൽ ജീവനക്കാർക്ക് നൽകിയിട്ടുള്ള മുക്ത്യാർനാമയും.

(d) കമ്പനിയ്ക്കു വേണ്ടി ഇടപാടുകൾ നടത്താൻ മുക്ത്യാർനാമയുള്ള മാനേജർമാർ, ഓഫീസർമാർ അല്ലെങ്കിൽ ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന സെക്ഷൻ 15 പ്രകാരമുള്ള തിരിച്ചറിയൽ വിവരങ്ങൾ.

**31.** [25]ഒരു കൂട്ടുബിസിനസ്സ് സ്ഥാപനത്തിന്റെ അക്കൗണ്ട് തുറക്കുവാൻ താഴെ പറയുന്ന രേഖകളിൽ ഓരോന്നിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാങ്ങിയിരിക്കേണ്ടതാണ്:

(a) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

(b) കൂട്ടുബിസിനസ്സ് പ്രമാണം.

(c) അതിനുവേണ്ടി ഇടപാട് നടത്താൻ മുക്ത്യാർനാമയുള്ള വ്യക്തിയുടെ സെക്ഷൻ 15 പ്രകാരമുള്ള തിരിച്ചറിയൽ വിവരങ്ങൾ.

**32.** [26] ഒരു ട്രസ്റ്റിന്റെ അക്കൗണ്ട് തുടങ്ങുവാൻ താഴെ പറഞ്ഞിട്ടുള്ള രേഖകളിൽ ഓരോന്നിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാങ്ങിയിരിക്കേണ്ടതാണ്:

(a) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

(b) ട്രസ്റ്റ് പ്രമാണം.

(c) അതിനുവേണ്ടി ഇടപാട് നടത്താൻ മുക്ത്യാർനാമയുള്ള വ്യക്തിയുടെ സെക്ഷൻ 15 ൽ നിർദ്ദേശിച്ചിട്ടുള്ള തിരിച്ചറിയൽ വിവരങ്ങൾ.

**33.** [27] രജിസ്റ്റർ ചെയ്യാത്ത അസ്സോസിയേഷന് അല്ലെങ്കിൽ വ്യക്തികളുടെ ഒരു കൂട്ടായ്മക്കുവേണ്ടി അക്കൗണ്ട് ആരംഭിക്കുവാൻ താഴെ കാണിച്ചിട്ടുള്ള രേഖകളിൽ ഓരോന്നിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാങ്ങിയിരിക്കണം:

(a) അസ്സോസിയേഷന്റെ അല്ലെങ്കിൽ വ്യക്തികളുടെ കൂട്ടായ്മയുടെ ഭരണസമിതിയുടെ പ്രമേയം;

(b) അതിനുവേണ്ടി ഇടപാട് നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ള മുക്ത്യാർനാമ;

(c) അതിനുവേണ്ടി ഇടപാട് നടത്താൻ മുക്ത്യാർനാമയുള്ള വ്യക്തിയുടെ സെക്ഷൻ 15 ൽ നിർദ്ദേശിച്ചിട്ടുള്ള തിരിച്ചറിയൽ വിവരങ്ങൾ;

(d) പ്രസ്തുത അസ്സോസിയേഷന്റെ അല്ലെങ്കിൽ കൂട്ടായ്മയുടെ നൈയ്യാമിക അസ്തിത്വത്തെ പൊതുവായി സ്ഥിരീകരിക്കുന്നതിന് സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ.

> *വിശദീകരണം: രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ട്രസ്റ്റുകൾ, കൂട്ടുബിസിനസ്സ് സ്ഥാപനങ്ങൾ എന്നിവയെ 'അൺ ഇൻകോർപറേറ്റഡ് അസോസിയേഷൻ' എന്ന പദത്തിന് കീഴിൽ ഉൾപ്പെടുത്തണം.*
>
> *വിശദീകരണം: 'വ്യക്തികളുടെ കൂട്ടായ്മ' എന്ന പദത്തിൽ സൊസൈറ്റികളും ഉൾപ്പെടുന്നു.*

**33A.** ഇതിനുമുൻപ് പറഞ്ഞ ഭാഗത്തു വ്യക്തമായി ഉൾപ്പെടുത്തിയിട്ടില്ലാത്ത സർക്കാർ അഥവാ അതിന്റെ വകുപ്പുകൾ, സംഘങ്ങൾ, സർവ്വകലാശാലകൾ,

ഗ്രാമ പഞ്ചായത്തുപോലുള്ള തദ്ദേശസ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള ജുഡീഷ്യൽ സ്ഥാപനങ്ങളുടെ അക്കൗണ്ട് തുറക്കുന്നതിനുവേണ്ടി താഴെ കൊടുത്തിട്ടുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാങ്ങിയിരിക്കേണ്ടതാണ്:

(a) ആ സ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ അധികാരപ്പെടുത്തപ്പെട്ട വ്യക്തിയുടെ പേര് കാണിക്കുന്ന രേഖ;

(b) 28അതിനുവേണ്ടി ഇടപാട്  നടത്തുന്നതിന് മുക്ത്യാർ കിട്ടിയിട്ടുള്ള വ്യക്തിയുടെ അനന്യതയും മേൽവിലാസവും തെളിയിക്കുന്നതിന് ആധാർ/ പി.എ.എൻ/ ഔദ്യോഗിക സാധൂകരണമുള്ള രേഖകൾ;

(c) ഇപ്രകാരമുള്ള സ്ഥാപനത്തിന്റെ/ ജുഡീഷ്യൽ വ്യക്തിയുടെ നൈയ്യാമിക നിലനിൽപ്പ് സ്ഥിരീകരിക്കുന്നതിന് സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മറ്റു രേഖകൾ.

## ഭാഗം IV - ഗുണഭോക്താവായ ഉടമസ്ഥനെ തിരിച്ചറിയൽ

**34.** സ്വാഭാവിക വ്യക്തിയല്ലാത്ത എന്നാൽ നിയമപരമായി ഉള്ള ഒരു വ്യക്തിയുടെ അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ടി ഗുണഭോക്താവായ ഉടമസ്ഥനെ/ ഉടമസ്ഥരെ തിരിച്ചറിയേണ്ടതും താഴെ കൊടുത്തിട്ടുള്ള കാര്യങ്ങളുടെ വെളിച്ചത്തിൽ അയാളുടെ/ അവളുടെ അനന്യത പരിശോധിക്കുന്നതിന് ചട്ടം 9(3) പ്രകാരമുള്ള ന്യായയുക്തമായ എല്ലാ നടപടികളും എടുക്കേണ്ടതുമാണ്:

(a) ഇടപാടുകാരൻ അല്ലെങ്കിൽ നിയന്ത്രണ വിധേയ താൽപര്യങ്ങളുടെ ഉടമസ്ഥൻ സ്റ്റോക്ക് എക്സ്ചെയ്ഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെട്ട ഒരു കമ്പനിയോ അല്ലെങ്കിൽ അത്തരം ഒരു കമ്പനിയുടെ സഹായകക്കമ്പനിയോ ആണെന്നുള്ളിടത്ത് ഏതെങ്കിലും ഓഹരി ഉടമയെ അല്ലെങ്കിൽ അത്തരം കമ്പനികളുടെ ഗുണഭോക്താവായ ഉടമസ്ഥനെ തിരിച്ചറിയുകയോ അയാളുടെ അനന്യത പരിശോധിക്കുകയോ ആവശ്യമുള്ളതല്ല.

(b) ട്രസ്റ്റ്/ നോമിനി അല്ലെങ്കിൽ വിശ്വാസാധിഷ്ഠിത (fiduciary) അക്കൗണ്ടുകളുടെ കാര്യത്തിൽ ഇടപാടുകാരൻ മറ്റൊരാൾക്ക് വേണ്ടി പ്രവർത്തിക്കുന്നത് ട്രസ്റ്റി/ നോമിനി ആയിട്ടാണോ അല്ലെങ്കിൽ വേറെ ഏതെങ്കിലും മധ്യവർത്തി ആയിട്ടാണോ എന്ന് തീരുമാനിക്കപ്പെടുന്നു. അത്തരം കേസുകളിൽ മധ്യവർത്തികളുടെ അനന്യതയും ആർക്കുവേണ്ടിയാണോ പ്രവർത്തിക്കുന്നത് അവരുടെ അനന്യതയും സംബന്ധിച്ച് തൃപ്തികരമായ  തെളിവുകളും കൂടെ ട്രസ്റ്റിന്റെ സ്വഭാവം അല്ലെങ്കിൽ നിലവിലുള്ള ക്രമീകരണങ്ങൾ എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങളും വാങ്ങിയിരിക്കണം.

## ഭാഗം V തുടർന്നുപോകേണ്ട യഥാർഹ ജാഗ്രത

**35.** ഇടപാടുകാർ ബിസിനസ്സിന്റെ നഷ്ട സംഭാവ്യതാ രൂപരേഖ, പണത്തിന്റെ ഉറവിടം എന്നീ കാര്യങ്ങളെക്കുറിച്ച് തങ്ങൾക്കുള്ള അറിവ് അവരുടെ ഇടപാടുകളുമായി പൊരുത്തപ്പെടുന്നതാണെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങൾ തുടർച്ചയായ യഥാർഹ ജാഗ്രതാ പ്രക്രിയ ഏറ്റെടുക്കേണ്ടതാണ്.

**36.** നിരന്തരമായ നിരീക്ഷണം ആവശ്യമാക്കുന്ന സംഗതികളുടെ വ്യാപ്തിയെക്കുറിച്ച് മുൻവിധി കൂടാതെ താഴെ പറയുന്ന വിധങ്ങളിലുള്ള ഇടപാടുകൾ അവശ്യം നിരീക്ഷിക്കപ്പെടേണ്ടതാണ്:

a) ആർ.ടി.ജി.എസ്. ഉൾപ്പെടെയുള്ള വലിയ സങ്കീർണ്ണമായ ഇടപാടുകൾ, അസാധാരണ മാതൃകയിലുള്ളവയും ഇടപാടുകാരന്റെ സാധാരണവും പ്രതീക്ഷിക്കപ്പെടുന്നതുമായ പ്രവർത്തനവുമായി പൊരുത്തപ്പെടാത്തവയും പ്രത്യക്ഷത്തിൽ സാമ്പത്തികയുക്തി അല്ലെങ്കിൽ നിയമാനുസൃത ഉദ്ദേശ്യം ഇല്ലാത്തതുമായ ഇടപാടുകൾ.

b) പ്രത്യേക വിഭാഗങ്ങളിലുള്ള അക്കൗണ്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള പ്രാരംഭ പരിധികൾ മറികടക്കുന്ന ഇടപാടുകൾ.

c) നിലനിർത്തുന്ന ബാക്കിനിൽപ്പ് തുകകളുമായി പൊരുത്തപ്പെടാത്ത മൊത്തം വരവ്

d) നിലവിലുള്ളതും പുതുതായി തുടങ്ങിയതുമായ അക്കൗണ്ടുകളിൽ മൂന്നാംകക്ഷി ചെക്കുകൾ, ഡ്രാഫ്റ്റുകൾ മുതലായ നിക്ഷേപിക്കലും തുടർന്ന് വൻതുകക്കുള്ള പണം പിൻവലിക്കലും.

**37.** നിരീക്ഷണ വ്യാപ്തി ഇടപാടുകാരന്റെ നഷ്ടസാധ്യതാ വിഭാഗവുമായി ഒത്തുപോകുന്നതായിരിക്കണം.

*വിശദീകരണം: അതിനഷ്ട സംഭാവ്യതയുള്ള അക്കൗണ്ടുകൾ കൂടുതൽ ഊർജ്ജിതമായ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്.*

(a) അക്കൗണ്ടുകളുടെ നഷ്ടസാധ്യതാ വിഭാഗീകരണത്തിന്റെ പുനരവലോകനം ഏറ്റവും കുറഞ്ഞത് ആറുമാസത്തിൽ ഒരിക്കൽ എന്ന കാലികതത്വത്തോടുകൂടി നടത്തുന്നതിനുള്ള സംവിധാനവും വർദ്ധിപ്പിച്ച യഥാർഹ ജാഗ്രതാ നടപടികളും നിലവിൽ വരുത്തേണ്ടതാണ്.

(b) വിപണന സ്ഥാപനങ്ങളുടെ, പ്രത്യേകിച്ചും വിവിധ-തല വിപണന (മൾട്ടി ലെവൽ മാർക്കറ്റിങ്) കമ്പനികളുടെ അക്കൗണ്ടുകളിലെ ഇടപാടുകൾ നിരന്തരമായി നിരീക്ഷിക്കപ്പെടേണ്ടതാണ്.

*വിശദീകരണം: വളരെ കൂടുതൽ എണ്ണം ചെക് ബുക്കുകൾ ആവശ്യപ്പെടുന്ന, അല്ലെങ്കിൽ/ ഒപ്പം രാജ്യത്തിന്റെ പല ഭാഗത്തുനിന്നും ഒരു ബാങ്ക് അക്കൗണ്ടിൽ ധാരാളം ലഘു നിക്ഷേപങ്ങൾ(പൊതുവെ പണമായി) നടത്തുന്ന അല്ലെങ്കിൽ/ ഒപ്പം സമാനമായ തുകകൾക്കുള്ളതും/ തീയ്യതികൾ ഉള്ളതുമായ വലിയ എണ്ണം ചെക്കുകൾ കൊടുക്കുന്ന ഒരു കമ്പനിയുടെ ഇത്തരം കാര്യങ്ങൾ ഉടനടി ഭാരതീയ റിസർവ്വ് ബാങ്കിനും ബന്ധപ്പെട്ട എഫ്.ഐ. യു-ഐ.എൻ.ഡി പോലുള്ള മറ്റു അധികാരികൾക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.*

**38. [29] ആനുകാലിക നാളതീകരണം**

വലിയ നഷ്ട സംഭാവ്യതയുള്ള ഇടപാടുകാരുടെ കാര്യത്തിൽ രണ്ടു വർഷത്തിലൊരിക്കലും, ഇടത്തരം നഷ്ട സംഭാവ്യതയുള്ളവരുടെ കാര്യത്തിൽ എട്ടു വർഷത്തിലൊരിക്കലും കുറഞ്ഞ നഷ്ട സംഭാവ്യതയുള്ള ഇടപാടുകാരുടെ കാര്യത്തിൽ പത്തു വർഷത്തിലൊരിക്കലും താഴെ പറയുന്ന നടപടിക്രമം അനുസരിച്ച് ആനുകാലിക നാളതീകരണം നടത്തപ്പെടേണ്ടതാണ്:

(a) നിയന്ത്രിത സ്ഥാപനങ്ങൾ ഇനി പറയുന്ന കാര്യങ്ങൾ നടപ്പാക്കേണ്ടതാണ്.

i. പി.എ.എൻ, അത് നൽകുന്ന അധികാരസ്ഥാനത്തു ലഭ്യമായ പരിശോധന സൗകര്യത്തിൽ നിന്നും ഉള്ള പരിശോധനയും, ഒപ്പം

ii. ബാധകമായ കേസുകളിൽ ഇടപാടുകാരന്റെ സ്പഷ്ടമായ സമ്മതത്തോടുകൂടി സ്ഥാപനത്തിന്റെ പക്കൽ മുൻപേ തന്നെ ഉള്ള ആധാർ നമ്പർ പ്രാമാണീകരണവും.

iii. ആധാറിനോട് കൂടിയുള്ള തിരിച്ചറിയൽ വിവരങ്ങളിൽ നിലവിലുള്ള മേൽവിലാസം ഉൾപ്പെടുന്നില്ലെങ്കിൽ നിലവിലെ മേൽവിലാസമുള്ള ഒരു ഓ.വി.ഡി. (OVD) വാങ്ങാവുന്നതാണ്.

iv. 'താഴ്ന്ന നഷ്ടസംഭാവ്യത' വിഭാഗത്തിൽപ്പെടുന്ന വ്യക്തികളിൽ നിന്നൊഴികെ ആധാർ ലഭിക്കാൻ അർഹതയില്ലാത്ത വ്യക്തികളിൽനിന്നും ആനുകാലിക പുതുക്കൽ സമയത്തു് അനന്യതയും മേൽവിലാസവുമടങ്ങിയ ഓ.വി.ഡി.യുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് വാങ്ങിയിരിക്കണം. താഴ്ന്ന നഷ്ടസംഭാവ്യതയുള്ളവരെ സംബന്ധിച്ച് അവരുടെ അനന്യതകൾക്കും മേൽവിലാസങ്ങൾക്കും മാറ്റമില്ലെങ്കിൽ അക്കാര്യത്തിന് ഒരു സ്വയം-സാക്ഷ്യപ്പെടുത്തൽ വാങ്ങിയിരിക്കേണ്ടതാണ്.

v. നൈയ്യാമിക സ്ഥാപനങ്ങളുടെ കാര്യത്തിൽ അക്കൗണ്ട് തുറന്ന സമയത്ത് ആവശ്യപ്പെട്ട് വാങ്ങിയ രേഖകൾ പുനരവലോകനം ചെയ്യുകയും സാക്ഷ്യപ്പെടുത്തിയ പുതിയ പകർപ്പുകൾ വാങ്ങുകയും വേണം.

(b) ഓ.വി.ഡി. അല്ലെങ്കിൽ ആധാർ പ്രാമാണീകരണത്തിനുള്ള സമ്മതം ഹാജരാക്കുമ്പോൾ അവയുടെ ഉത്തമ വിശ്വാസ്യത സ്ഥിരീകരിക്കുന്നതിന് അക്കൗണ്ട് ഉടമയുടെ/ ഉടമകളുടെ ഭൗതിക സാന്നിദ്ധ്യം ആവശ്യപ്പെടാൻ മതിയായ കാരണങ്ങളില്ലെങ്കിൽ അവരെ സ്ഥാപനങ്ങൾ അപ്രകാരം നിർബന്ധിക്കരുത്. സാധാരണയായി ഓ.വി.ഡി/ സമ്മതം എന്നിവ ഇടപാടുകാരൻ മെയിൽ/ പോസ്റ്റ് മാർഗ്ഗം അയച്ചാൽ സ്വീകാര്യമായിരിക്കേണ്ടതാണ്.

(c) കെ.വൈ.സി നവീകരിക്കൽ നടത്തിയെന്നുള്ളതിന് സ്ഥാപനങ്ങൾ തീയ്യതിയോടുകൂടിയ കൈപ്പറ്റു ചീട്ട് നൽകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(d) മുകളിൽ നിർദ്ദേശിച്ച സമയപരിധികൾ അക്കൗണ്ട് തുടങ്ങുന്ന/ കെ.വൈ.സി അവസാനം പരിശോധിച്ച തീയ്യതി മുതൽ ബാധകമായിരിക്കും.

**39.** [30] നീക്കം ചെയ്തു

## ഭാഗം VI - ഊർജ്ജിതപ്പെടുത്തിയതും ലഘൂകരിച്ചതുമായ യഥാർഹ ജാഗ്രതാ നടപടിക്രമം

### A. ഊർജ്ജിതമാക്കിയ യഥാർഹ ജാഗ്രത.

**40.** [31]**മുഖാ-മുഖം വരാത്ത ഇടപാടുകാരുടെ അക്കൗണ്ടുകൾ:** മുഖാമുഖം വരാത്ത ഇടപാടുകാരെ സംബന്ധിച്ചുള്ള ഊർജ്ജിതപ്പെടുത്തിയ യഥാർഹ ജാഗ്രതയ്ക്കനുസരിച്ച് ഇടപാടുകാരന്റെ ആദ്യ പണം ഒടുക്കൽ മറ്റൊരു സ്ഥാപനത്തിലുള്ള കെ.വൈ.സി പാലിക്കുന്ന അയാളുടെ അക്കൗണ്ടിൽ കൂടിയാണെന്ന് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

**41. രാഷ്ട്രീയമായി പൊതുജനശ്രദ്ധയിലുള്ള വ്യക്തികളുടെ അക്കൗണ്ടുകൾ (പി.ഇ.പി.കൾ)**

A. പി.ഇ.പി കളുമായി ഇച്ഛാനുസരണം ഒരു ബന്ധം സ്ഥാപിക്കുന്നതിനുള്ള സ്വാതന്ത്ര്യം സ്ഥാപനങ്ങൾക്കുണ്ടായിരിക്കും. അങ്ങനെ ചെയ്യുന്നപക്ഷം:

(a) പി.ഇ.പി.യുടെ നിക്ഷേപത്തിന്റെ ഉറവിടം, കുടുംബാംഗങ്ങളുടെയും അടുത്ത ബന്ധുക്കളുടെയും അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ച മതിയായ വിവരങ്ങൾ ശേഖരിക്കുന്നതാണ്;

(b) പി.ഇ.പി യെ ഇടപാടുകാരനായി സ്വീകരിക്കുന്നതിന് മുൻപ് അയാളുടെ അനന്യത പരിശോധിക്കപ്പെട്ടിട്ടുണ്ടായിരിക്കണം;

(c) ഒരു പി.ഇ.പി.യ്ക്കുവേണ്ടി അക്കൗണ്ട് തുടങ്ങാനുള്ള തീരുമാനം സ്ഥാപനത്തിന്റെ ഇടപാടുകാരന്റെ സ്വീകാര്യതയ്ക്കുള്ള നയം അനുസരിച്ച് ഔദ്യോഗികമായി ഉയർന്ന തലത്തിൽ എടുക്കപ്പെടണം;

(d) അങ്ങനെയുള്ള എല്ലാ അക്കൗണ്ടുകളും നിരന്തരമായ ഊർജിത നിരീക്ഷണത്തിന് വിധേയമാക്കപ്പെടണം;

(e) നിലവിലുള്ള ഒരു ഇടപാടുകാരൻ അല്ലെങ്കിൽ നിലവിലുള്ള അക്കൗണ്ടിന്റെ ഗുണഭോക്താവായ ഉടമ പിന്നീട് ഒരു പി.ഇ.പി.ആകുന്നു എങ്കിൽ ആ ബിസിനസ് ബന്ധം തുടരുന്നതിന് ഉന്നത മാനേജ്മെന്റിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്;

(f) നിരന്തര ഊർജ്ജിത നിരീക്ഷണം ഉൾപ്പെടെയുള്ള സി.ഡി.ഡി നടപടികൾ പി.ഇ.പി.കൾക്ക് ബാധകമാണ്.

B. ഒരു അക്കൗണ്ടിന്റെ ഗുണഭോക്താവായ ഉടമ ഒരു പി.ഇ.പി. ആകുന്നിടത്തും ഈ നിർദ്ദേശങ്ങൾ ബാധകമാക്കിയിരിക്കേണ്ടതാണ്.

**42. തൊഴിൽപരമായ മധ്യവർത്തികളാൽ തുറക്കപ്പെടുന്ന കക്ഷികളുടെ അക്കൗണ്ട്:**

തൊഴിൽപരമായ മധ്യവർത്തികൾ മുഖേന കക്ഷികളുടെ അക്കൗണ്ടുകൾ തുറക്കുമ്പോൾ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടത് എന്തെന്നാൽ:

a) ഒറ്റക്കക്ഷിക്കുവേണ്ടി മധ്യവർത്തി അക്കൗണ്ട് തുടങ്ങുമ്പോൾ കക്ഷി തിരിച്ചറിയപ്പെടണം.

b) മ്യൂച്ചൽ ഫണ്ടുകൾ, പെൻഷൻ ഫണ്ടുകൾ അല്ലെങ്കിൽ മറ്റു വിധത്തിലുള്ള ഫണ്ടുകൾ പോലെയുള്ളവയ്ക്കു വേണ്ടി തൊഴിൽപരമായ മധ്യവർത്തികളാൽ കൈകാര്യം ചെയ്യപ്പെടുന്ന 'സഞ്ചിത' അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

c) കക്ഷിയുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് കക്ഷികളുടെ സ്വകാര്യത മധ്യവർത്തികളെ തടയുന്നെങ്കിൽ സ്ഥാപനങ്ങൾ അത്തരം മധ്യവർത്തികളുടെ അക്കൗണ്ടുകൾ തുറക്കാൻ പാടില്ല.

d) മധ്യവർത്തികളുടെ അധീനതയിലുള്ള അക്കൗണ്ടുകൾ സ്ഥാപനതലത്തിൽ ഒന്നിപ്പിക്കാതിരിക്കുകയും ഓരോ ഗുണഭോക്തൃ ഉടമയ്ക്കും ഒരു സബ്-അക്കൗണ്ട്

ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത് എല്ലാ ഗുണഭോക്തൃ ഉടമകളും തിരിച്ചറിയപ്പെടേണ്ടതാണ്. അല്ലെങ്കിൽ അത്തരം ഫണ്ടുകൾ സ്ഥാപനതലത്തിൽ ഒന്നിപ്പിയ്ക്കുന്നേടത്ത് സ്ഥാപനങ്ങൾ ഗുണഭോക്തൃ ഉടമകളെ അറിയേണ്ടതാണ്.

e) മധ്യവർത്തി നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായിട്ടുള്ളതും ഇടപാടുകാരുടെ കെ.വൈ.സി ആവശ്യകതകൾ പാലിക്കപ്പെടുന്നതിന് പര്യാപ്തമായ സംവിധാനങ്ങളോടുകൂടിയതുമാണ് മധ്യവർത്തി എങ്കിൽ സ്ഥാപനങ്ങൾക്ക് അവരുടെ വിവേചനത്തിനനുസരിച്ച് ഒരു മധ്യവർത്തി ചെയ്ത യഥാർഹ ജാഗ്രതാ പ്രക്രിയയെ വിശ്വാസപൂർവ്വം ആശ്രയിക്കാവുന്നതാണ്.

(f) ഇടപാടുകാരനെ അറിയുന്നതിനുള്ള ആത്യന്തികമായ ഉത്തവാദിത്വം സ്ഥാപനങ്ങൾക്കായിരിക്കും.

**B. ലഘൂകരിയ്ക്കപ്പെട്ട യഥാർഹ ജാഗ്രത**

**43. 32സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്. ജി) ക്ക് ലഘൂകരിച്ച മാനദണ്ഡങ്ങൾ**

(a) സ്വയം സഹായ സംഘങ്ങളുടെ സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുമ്പോൾ മാസ്റ്റർ ഡയറക്ഷന്റെ വകുപ്പ് 15 പ്രകാരമുള്ള സി.ഡി.ഡി നടപടിക്രമത്തിൽ പറഞ്ഞിട്ടുള്ളതുപോലെ എല്ലാ അംഗങ്ങളുടെയും സി.ഡി.ഡി ആവശ്യപ്പെടേണ്ടതില്ല.

(b) മാസ്റ്റർ ഡയറക്ഷന്റെ വകുപ്പ് 15 ൽ പറഞ്ഞിട്ടുള്ള സി.ഡി.ഡി നടപടിക്രമം അനുസരിച്ചുള്ള സി.ഡി.ഡി എല്ലാ ഭാരവാഹികളെയും സംബന്ധിച്ചു മാത്രം മതിയാകുന്നതാണ്.

(c) സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ലിങ്കിംഗ് സമയത്ത് അംഗങ്ങളുടെയും ഭാരവാഹികളുടെയും സെക്ഷൻ 15 ൽ പറഞ്ഞ നടപടി പ്രകാരമുള്ള സി.ഡി.ഡി പ്രത്യേകം ആവശ്യമില്ല.

**44. വിദേശ വിദ്യാർത്ഥികളുടെ അക്കൗണ്ട് തുറക്കുമ്പോൾ ബാങ്കുകൾ പാലിക്കേണ്ട നടപടിക്രമം**

(a) അനന്യതയുടെയും സ്വദേശ മേൽവിലാസത്തിന്റെയും തെളിവ് വഹിക്കുന്ന പാസ്പോർട്ട് (വിസയും കുടിയേറ്റ അംഗീകാരവും ഉൾപ്പെടെ), ഒരു ഫോട്ടോഗ്രാഫ് ഇൻഡ്യയിലെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രവേശനം വാഗ്ദാനം ചെയ്യുന്ന കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ ബാങ്കുകൾക്ക് അവരുടെ ഇഷ്ടാനുസരണം, ഒരു വിദേശ വിദ്യാർത്ഥിയുടെ നോൺ റസിഡന്റ് ഓർഡിനറി (എൻ.ആർ.ഓ) ബാങ്ക് അക്കൗണ്ട് തുറക്കാവുന്നതാണ്.

i. അങ്ങനെ ചെയ്യുന്നപക്ഷം അക്കൗണ്ട് തുടങ്ങി 30 ദിവസത്തിനകം തദ്ദേശ മേൽവിലാസത്തെപ്പറ്റി ഒരു സത്യപ്രസ്താവന വാങ്ങിയിരിക്കേണ്ടതും അതിൽ പറഞ്ഞിരിക്കുന്ന മേൽവിലാസം പരിശോധിക്കേണ്ടതുമാണ്.

ii. മാത്രമല്ല മേൽവിലാസം പരിശോധിച്ചു കഴിയുന്നതിന് മുൻപ് അക്കൗണ്ടിലേക്കുള്ള വിദേശ പണം വരവ് 1000 US ഡോളർ/ തത്തുല്യമായ തുക അധികരിക്കുകയോ മേൽപറഞ്ഞ മുപ്പതു ദിവസത്തിനകം അക്കൗണ്ടിലേക്കു മൊത്തം വരവ് അൻപതിനായിരം രൂപയിൽ കൂടുകയോ ചെയ്യരുതെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ട് പ്രവർത്തിപ്പിക്കാവുന്നതാണ്.

(b) ഈ അക്കൗണ്ട് ഒരു സാധാരണ എൻ.ആർ.ഓ. അക്കൗണ്ടുപോലെ കൈകാര്യം ചെയ്യേണ്ടതും ഭാരതീയ റിസർവ്വ് ബാങ്കിന്റെ നോൺ റസിഡന്റ് ഓർഡിനറി റുപ്പീ (എൻ.ആർ.ഒ) അക്കൗണ്ടുകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളും 1999ലെ എഫ്.ഇ.എം.എ (FEMA) യുടെ വ്യവസ്ഥകളും അനുസരിച്ച് പ്രവർത്തിപ്പിക്കേണ്ടതുമാണ്.

(c) പാകിസ്ഥാൻ പൗരന്മാരായ വിദ്യാർത്ഥികൾക്ക് ഇപ്രകാരം അക്കൗണ്ട് തുടങ്ങുന്നതിന് റിസർവ്വ് ബാങ്കിന്റെ മുൻകൂർ അനുവാദം ആവശ്യമുണ്ട്.

**45. വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർക്ക് (എഫ്.പി.ഐ.കൾ) ലഘൂകരിച്ച കെ.വൈ.സി നിബന്ധനകൾ**

എസ്.ഇ.ബി.ഐ.(സെബി) മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അർഹതയുള്ള/ രജിസ്റ്റർ ചെയ്ത വിദേശ നിക്ഷേപകരുടെ അക്കൗണ്ടുകൾ, പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീമിന് (പി.ഐ.എസ്.) കീഴിൽ നിക്ഷേപം നടത്തുന്നതിലേക്കായി ആദായനികുതി (എഫ്.എ).ടി.സി.എ./സി.ആർ.എസ്.) ചട്ടങ്ങൾക്ക് വിധേയമായി അനുബന്ധം IIൽ വിശദമാക്കിയിട്ടുള്ള കെ.വൈ.സി രേഖകൾ കൈപ്പറ്റിക്കൊണ്ട് തുറക്കാവുന്നതാണ്.

അങ്ങനെ ചെയ്യുന്നപക്ഷം അനുബന്ധം II ൽ കൊടുത്തിട്ടുള്ള ഒഴിവാക്കിയിട്ടുള്ള രേഖകൾ ആവശ്യപ്പെടുമ്പോൾ സമർപ്പിച്ചുകൊള്ളാമെന്നുള്ള ഒരു പ്രതിജ്ഞ വിദേശ നിക്ഷേപകരിൽ നിന്നോ അല്ലെങ്കിൽ എഫ്.പി.ഐ യ്ക്ക്വേണ്ടി പ്രവർത്തിക്കുന്ന ഗ്ലോബൽ കസ്റ്റോഡിയനിൽ നിന്നോ ബാങ്കുകൾ വാങ്ങിയിരിക്കേണ്ടതാണ്.

## അദ്ധ്യായം - VII

## രേഖകൾ കൈകാര്യം ചെയ്യൽ

**46.** പി.എം.എൽ. നിയമത്തിന്റെയും ചട്ടങ്ങളുടെയും വകുപ്പുകളിൽ സൂചിപ്പിക്കും വിധം ഇടപാടുകാരുടെ അക്കൗണ്ട് വിവരങ്ങൾ പരിപാലിക്കുക, സംരക്ഷിക്കുക, റിപ്പോർട്ട് ചെയ്യുക എന്നിവ സംബന്ധിച്ച താഴെ പറയുന്ന നടപടികൾ എടുത്തിരിക്കേണ്ടതാണ്.

(a) സ്ഥാപനവും ഇടപാടുകാരനും തമ്മിലുള്ള ആഭ്യന്തര, അന്താരാഷ്ട്ര ഇടപാടുകളുടെ ആവശ്യമുള്ള എല്ലാ രേഖകളും ഇടപാട് തീയതി മുതൽ കുറഞ്ഞത് അഞ്ച് വർഷം പരിപാലിയ്ക്കുക;

(b) അക്കൗണ്ട് തുടങ്ങിയപ്പോഴും ബിസ്സിനസ്സ് ബന്ധം പുലർത്തിയിരുന്നപ്പോഴും വാങ്ങിയിട്ടുള്ള ഇടപാടുകാരുടെ തിരിച്ചറിയലിന്റെയും അവരുടെ മേൽവിലാസങ്ങളുടേയും ബന്ധപ്പെട്ട രേഖകൾ, ബിസ്സിനസ്സ് ബന്ധം അവസാനിപ്പിച്ചശേഷം കുറഞ്ഞത് അഞ്ച് വർഷം സൂക്ഷിക്കുക;

(c) തിരിച്ചറിയൽ രേഖകളും ഇടപാട് വിവരങ്ങളും, അർഹരായ അധികാരികൾ ആവശ്യപ്പെടുമ്പോൾ, ലഭ്യമാക്കുക;

(d) പണം വെളുപ്പിക്കൽ തടയൽ (രേഖകളുടെ പരിപാലനം) ചട്ടങ്ങൾ, 2005 (പി.എം.എൽ. ചട്ടങ്ങൾ, 2005) ലെ ചട്ടം 3 നു കീഴിൽ പ്രതിപാദിച്ചിട്ടുള്ള ഇടപാടുകളുടെ ശരിയായ രേഖ സൂക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം നടപ്പിൽ വരുത്തുക;

(e) പി.എം.എൽ.ചട്ടം 3 ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇടപാടുകളെ പറ്റിയുള്ള എല്ലാ അവശ്യ വിവരങ്ങളും, താഴെ പറയുന്നവയുൾപ്പെടെ ഒറ്റയ്ക്കുള്ള ഇടപാടിന്റെ പുനർനിർമ്മാണം അനുവദിക്കുന്നതിലേക്കായി പരിപാലിക്കേണ്ടതാണ്:

(i) ഇടപാടുകളുടെ സ്വഭാവം;

(ii) ഇടപാടു തുകയും അതിന്റെ കറൻസിയും;

(iii) ഇടപാട് നടത്തപ്പെട്ട തീയതി;

(iv) ഇടപാടിലുൾപ്പെട്ട കക്ഷികൾ;

(f) ആവശ്യമുള്ളപ്പോഴൊക്കെ അല്ലെങ്കിൽ അർഹതയുള്ള അധികാരികൾ താൽപര്യപ്പെടുമ്പോൾ എളുപ്പത്തിലും പെട്ടെന്നും വിവരങ്ങൾ വീണ്ടെടുക്കുന്നതിന് കഴിയും വിധത്തിൽ അക്കൗണ്ട് വിവരങ്ങൾ ശരിയായി പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഒരു സംവിധാനം ആവിഷ്കരിക്കുക;

(g) ഇടപാടുകാരന്റെ അനന്യതയും മേൽവിലാസവും സംബന്ധിച്ച രേഖകൾ, ചട്ടം 3ൽ പരാമർശിക്കുന്ന ഇടപാടുകളുടെ രേഖകൾ എന്നിവ കമ്പ്യൂട്ടറിലോ പുസ്തകരൂപത്തിലോ സൂക്ഷിക്കുക.

### അദ്ധ്യായം - VIII

## സാമ്പത്തിക രഹസ്യാന്വേഷണ യൂണിറ്റ് - ഇന്ത്യ യ്ക്ക്(FIU-IND) വേണ്ടിയുള്ള റിപ്പോർട്ടിങ് ആവശ്യകതകൾ

**47.** പി.എം.എൽ (രേഖകളുടെ പരിപാലനം) ചട്ടങ്ങൾ 2005 ലെ ചട്ടം 3 ൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾ, ചട്ടം 7 പ്രകാരം സ്ഥാപനങ്ങൾ ഡയറക്ടർ, സാമ്പത്തിക രഹസ്യാന്വേഷണ യൂണിറ്റ് - ഇന്ത്യയ്ക്ക് (FIU –IND) ലഭ്യമാക്കണ്ടതാണ്.

*വിശദീകരണം: ചട്ടം 7 ന്റെ ഉപ ചട്ടങ്ങൾ 3,4 ഇവയുടെ ഭേദഗതി സംബന്ധിച്ച് സെപ്റ്റംബർ 22, 2015ന് വിജ്ഞാപനം ചെയ്ത മൂന്നാം ചട്ട ഭേദഗതി പ്രകാരം എഫ്.ഐ.യു-ഐ.എൻ.ഡി ഡയറക്ടർക്ക് ചട്ടം 3 ന്റെ ഒന്നാം ഉപചട്ടത്തിലെ വിവിധ വിഭാഗങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഇടപാടുകൾ കണ്ടുപിടിക്കുന്നതിനെ കുറിച്ചും വിവരങ്ങൾ നൽകുന്നതിന്റെ രൂപരേഖയെ കുറിച്ചും സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും വിവരങ്ങൾ നൽകുന്നതിനുള്ള നടപടിക്രമവും വിധവും വ്യക്തമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.*

**48.** എഫ്.ഐ.യു.-ഐ.എൻ.ഡി.നിർദ്ദേശിക്കുന്ന/ പുറപ്പെടുവിക്കുന്ന റിപ്പോർട്ടിങ് ഫോർമാറ്റുകൾ സമഗ്ര റിപ്പോർട്ടിങ് ഫോർമാറ്റ് ഗൈഡ്, നിർദ്ദിഷ്ട റിപോർട്ടുകൾ തയ്യാറാക്കുന്നതിന് റിപ്പോർട്ടിങ് സ്ഥാപനങ്ങളെ സഹായിക്കുവാൻ വികസിപ്പിച്ചെടുത്തിട്ടുള്ള റിപ്പോർട്ട് നിർമ്മിതിയ്ക്കും റിപ്പോർട്ട് സാധൂകരണത്തിനുമുള്ള സൗകര്യങ്ങൾ എന്നിവയും കണക്കിലെടുക്കപ്പെടണം. തത്സമയ ഇടപാട് വിവരങ്ങളിൽനിന്നും സി.ടി.ആർ.(CTR)/ എസ്.ടി.ആർ(STR)എന്നിവ രൂപപ്പെടുത്തിയെടുക്കുന്നതിന് അനുയോജ്യമായ സാങ്കേതിക ഉപകരണങ്ങൾ ഇനിയും സ്ഥാപിക്കുകയോ/ സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് എഫ്.ഐ.യു.-ഐ.എൻ.ഡി. അതിന്റെ വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള ഇലക്ട്രോണിക് പണം ഇടപാട് റിപ്പോർട്ടുകളും (CTR)/ സംശയാസ്പദ ഇടപാട് റിപ്പോർട്ടുകളും (STR) ഫയൽ ചെയ്യുന്നതിനുള്ള തിരുത്താവുന്ന ഇലക്ട്രോണിക് സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. എല്ലാ ശാഖകളും കമ്പ്യൂട്ടർവൽക്കരിക്കപ്പെടാത്ത സ്ഥാപനങ്ങളുടെ മുഖ്യ ഓഫീസർമാർക്ക് ഇനിയും കമ്പ്യൂട്ടർവൽക്കരിക്കപ്പെടാത്ത ശാഖകളിൽനിന്നുള്ള ഇടപാടുകളുടെ വിശദവിവരങ്ങൾ വകതിരിച്ചെടുക്കാൻ യോജിച്ച ക്രമീകരണം ഉണ്ടായിരിക്കേണ്ടതും എഫ്.ഐ.യു.-ഐ.എൻ.ഡി. അതിന്റെ വെബ്സൈറ്റായ

http://fiuindia.gov.in ൽ ലഭ്യമാക്കിയിട്ടുള്ളതുപോലെ പ്രസ്തുത വിവരങ്ങൾ സി.റ്റി.ആർ./ എസ്.റ്റി.ആർന്റെ തിരുത്താവുന്ന ഇലക്ട്രോണിക് സൗകര്യങ്ങളുടെ സഹായത്തോടെ ഒരു ഇലക്ട്രോണിക് ഫയലിലേക്കു അയക്കുകയും ചെയ്യേണ്ടതാണ്.

**49.** എഫ്.ഐ.യു.-ഐ.എൻ.ഡി ഡയറക്ടർക്ക് വിവരങ്ങൾ നൽകുമ്പോൾ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കപ്പുറം ഇടപാട് റിപ്പോർട്ട് ചെയ്യുവാൻ താമസം വരുത്തുന്ന ഓരോ ദിവസവും അല്ലെങ്കിൽ തെറ്റായി ധരിപ്പിച്ച ഒരു ഇടപാട് പരിഹരിക്കുവാൻ താമസം വരുത്തുന്ന ഓരോ ദിവസവും ഓരോ പ്രത്യേകം വീഴ്ചയായി കണക്കാക്കുന്നതാണ്. എസ്.റ്റി.ആർ ഫയൽ ചെയ്തിട്ടുള്ള അക്കൗണ്ടുകളിലുള്ള പ്രവർത്തനത്തിന് സ്ഥാപനങ്ങൾ ഒരു നിയന്ത്രണവും ഏർപ്പെടുത്തേണ്ടതില്ല. എസ്.റ്റി.ആർ നൽകുന്നു എന്ന വസ്തുത സ്ഥാപനങ്ങൾ തീർത്തും രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. ഒരു തലത്തിലും ഇടപാടുകാരന് ഒരു സൂചനയും നൽകുന്നില്ലെന്ന് ഉറപ്പുവരുത്തിയിരിക്കണം.

**50.** ഫലപ്രദമായ തിരിച്ചറിയലിന്റെയും സംശയാസ്പദ ഇടപാടുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെയും ഭാഗമായി നഷ്ടസാധ്യത വർഗ്ഗീകരണത്തിനും ഇടപാടുകാരനെ സംബന്ധിക്കുന്ന നാളതീകരിക്കപ്പെട്ട രൂപരേഖകൾക്കും പൊരുത്തപ്പെടാത്ത ഇടപാടുകളുണ്ടാവുമ്പോൾ മുന്നറിയിപ്പ് പുറപ്പെടുവിക്കുന്ന കരുത്തുറ്റ സോഫ്റ്റ്‌വെയർ ഉപയോഗത്തിലുണ്ടായിരിക്കണം.

## അദ്ധ്യായം IX

## അന്താരാഷ്ട്ര കരാറുകൾക്കു കീഴിൽ വരുന്ന ആവശ്യകതകളും ബാധ്യതകളും അന്താരാഷ്ട്ര ഏജൻസികളിൽനിന്നുള്ള അറിയിപ്പുകൾ-

**51.** ഐക്യരാഷ്ട്ര സെക്യൂരിറ്റി കൗൺസിൽ (യു.എൻ.എസ്.സി) അംഗീകരിച്ചതും കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്ന തീവ്രവാദമുണ്ടെന്ന് സംശയിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പട്ടികയിലുള്ളവരുടെ പേരിൽ ഒരു അക്കൗണ്ടും ഇല്ലെന്ന് നിയമ വിരുദ്ധ പ്രവർത്തനങ്ങളുടെ (തടയൽ) (യു.എ.പി.എ) നിയമം 1967 ന്റെ 51A വകുപ്പ് പ്രകാരം സ്ഥാപനങ്ങൾ ഉറപ്പുവരുത്തിയിരിക്കണം. രണ്ടു പട്ടികകളുടെയും വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

(a) " ഐ.എസ്.ഐ.എൽ(Da'esh) & അൽ-ഖൊയ്ദ ഉപരോധ പട്ടിക"യിൽ അൽ-ഖൊയ്ദയുമായി ബന്ധമുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. നാളതീകരിയ്ക്കപ്പെട്ട ഐ.എസ്.ഐ.എൽ & അൽ-ഖൊയ്ദ ഉപരോധപ്പട്ടിക ലഭ്യമാകുന്ന വെബ്സൈറ്റ്:

https://scsanctions.un.org/fop/fop?xml=htdocs/resources/xml/en/consolidated.xml&xslt=htdocs/resources/xsl/en/al-qaida-r.xsl

(b) താലിബാൻ ബന്ധമുള്ള വ്യക്തികളും (ഒന്നിച്ചാക്കിയ പട്ടികയിലെ (സെക്ഷൻ A) സ്ഥാപനങ്ങളും (സെക്ഷൻ B) ഉൾപ്പെട്ടിട്ടുള്ള "1988 ഉപരോധ പട്ടിക" ലഭിക്കുന്ന വെബ്സൈറ്റുകൾ.

https://scsanctions.un.org/fop/fop?xml=htdocs/resources/xml/en/consolidated.xml&xslt=htdocs/resources/xsl/en/taliban-r.xsl.

**52.** പട്ടികകളിലെ ഏതെങ്കിലും വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ സാദൃശ്യമുള്ള അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ യു.എ.പി.എ (UAPA)യുടെ 2009 ആഗസ്റ്റ് 27 ലെ വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ആഭ്യന്തര മന്ത്രാലയത്തെ അറിയിക്കുന്നതുകൂടാതെ എഫ്.ഐ.യു.-ഐ.എൻ.ഡി.യ്ക്കും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കണം.

**53.** മുകളിൽ പറഞ്ഞത് കൂടാതെ മറ്റേതെങ്കിലും അധികാര അതിർത്തിയേയോ സ്ഥാപനങ്ങളെയോ സംബന്ധിച്ച് റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന യു.എൻ.എസ്.സിയുടെ മറ്റ് പ്രമേയങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

### 54. നിയമ വിരുദ്ധ പ്രവർത്തനം (തടയൽ) നിയമം 1967, സെക്ഷൻ 51A പ്രകാരം ആസ്തി മരവിപ്പിക്കൽ

2009 ആഗസ്റ്റ് 27 ലെ യു.എ.പി.എ. ഉത്തരവ് (ഈ മുഖ്യ ഡയറക്ഷന്റെ അനുബന്ധം I) പ്രകാരമുള്ള നടപടിക്രമം കർശനമായി അനുസരിക്കേണ്ടതും സർക്കാർ ഉത്തരവിന്റെ കൂലങ്കഷമായ അനുവർത്തനം ഉറപ്പാക്കിയിരിക്കേണ്ടതുമാണ്.

### 55. എഫ്.എ.റ്റി.എഫ് ശുപാർശകൾ ബാധകമാക്കാത്ത അല്ലെങ്കിൽ അപര്യാപ്തമായി ബാധകമാക്കിയിട്ടുള്ള അധികാര പരിധികൾ

(a) ഭാരതീയ റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന എഫ്.എ.റ്റി.എഫ് പത്രികകൾ, പിന്നെ പരസ്യമായി ലഭിക്കുന്ന വിവരങ്ങൾ എന്നിവ എഫ്.എ.റ്റി.എഫ് ശുപാർശകൾ ബാധകമാക്കാത്ത അല്ലെങ്കിൽ അപര്യാപ്തമായി ബാധകമാക്കിയിട്ടുള്ള രാജ്യങ്ങളെ തിരിച്ചറിയുന്നതിന് പരിഗണിക്കപ്പെടാവുന്നതാണ്. എഫ്.എ.റ്റി.എഫ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അധികാരസീമകളിലെ എ.എം.എൽ/ സി.എഫ്.റ്റി. സംവിധാന നടത്തിപ്പിലുള്ള പോരായ്മകൾ കൊണ്ടുണ്ടാകുന്ന നഷ്ട സംഭാവ്യതകൾ കണക്കിലെടുക്കപ്പെടണം.

(b) എഫ്.എ.റ്റി.എഫ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അധികാര പരിധികളും എഫ്.എ.റ്റി.എഫ് ശുപാർശകൾ പൂർണ്ണമായും നടപ്പാക്കാത്ത അല്ലെങ്കിൽ അപര്യാപ്തമായി മാത്രം നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽനിന്നുള്ള അല്ലെങ്കിൽ രാജ്യങ്ങളിലുള്ള വ്യക്തികളും (നൈയ്യാമിക വ്യക്തികളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമുൾപ്പെടെ) ആയിട്ടുള്ള ബിസ്സിനസ്സ് ബന്ധങ്ങളിലും ഇടപാടുകളിലും സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

*വിശദീകരണം: സെക്ഷൻ 55 (a) യിലും (b) യിലും പരാമർശിച്ചിട്ടുള്ള നടപടിക്രമം എഫ്.എ.റ്റി.എഫ് പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള രാജ്യങ്ങളും അധികാര സീമകളുമായി വ്യാപാര ഇടപാടുകൾ ഉണ്ടാക്കുന്നതിന് സ്ഥാപനങ്ങളെ തടസ്സപ്പെടുത്തുന്നില്ല.*

(c) എഫ്.എ.റ്റി.എഫ് ശുപാർശകൾ പ്രാബല്യത്തിലാക്കാത്ത അല്ലെങ്കിൽ അപര്യാപ്തമായി മാത്രം നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽനിന്നും, എഫ്.എ.റ്റി.എഫ് പത്രികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അധികാര സീമകളിൽ നിന്നുമുള്ള വ്യക്തികളുമായി (നൈയ്യാമിക വ്യക്തികളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമുൾപ്പെടെ) നടത്തുന്ന ഇടപാടുകളുടെ പശ്ചാത്തലവും ഉദ്ദേശ്യവും പരിശോധിക്കപ്പെടേണ്ടതും രേഖപ്പെടുത്തപ്പെട്ട കണ്ടെത്തലുകൾ, എല്ലാ രേഖകളും സഹിതം, കൈവശം സൂക്ഷിക്കപ്പെടേണ്ടതും റിസർവ്വ് ബാങ്ക്/ മറ്റ് ബന്ധപ്പെട്ട അധികാരികൾ എന്നിവർക്ക് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കപ്പെടേണ്ടതുമാണ്.

## അദ്ധ്യായം X

## മറ്റ് നിർദ്ദേശങ്ങൾ

### 56. രഹസ്യം സൂക്ഷിക്കാനുള്ള ബാധ്യതയും വിവരങ്ങൾ പങ്കുവയ്ക്കലും:

(a) ബാങ്കറും ഇടപാടുകാരനും തമ്മിലുള്ള കരാർ ബന്ധം മൂലം സംജാതമാകുന്ന ഇടപാടുകാരന്റെ വിവരങ്ങൾ ബാങ്കുകൾ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

(b) സർക്കാരിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും വസ്തുതകൾക്കും/ വിവരങ്ങൾക്കും വേണ്ടിയുള്ള ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ, ആവശ്യപ്പെടുന്ന വിവരങ്ങൾ ബാങ്ക് ഇടപാടുകളുടെ രഹസ്യവുമായി ബന്ധമുള്ള നിയമങ്ങളും വകുപ്പുകളും ലംഘിക്കുന്ന സ്വഭാവമുള്ളവയല്ലെന്ന് ബാങ്കുകൾ സ്വയം തൃപ്തിപ്പെടുത്തേണ്ടതാണ്.

(c) ഇപ്പറഞ്ഞ ചട്ടത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളവ താഴെ പറയുന്നവയാണ്:

i. വെളിപ്പെടുത്തൽ നിയമപരമായ നിർബ്ബന്ധത്തിനു കീഴിലാണെങ്കിൽ,

ii. പൊതുജനങ്ങൾക്കുവേണ്ടി വെളിപ്പെടുത്താൻ ബാധ്യതയുള്ളപ്പോൾ,

iii. ബാങ്കിന്റെ താൽപര്യത്തിനു വേണ്ടി വെളിപ്പെടുത്തൽ ആവശ്യമാകുമ്പോൾ,

iv. ഇടപാടുകാരന്റെ പ്രകടമായ അല്ലെങ്കിൽ വ്യംഗ്യമായ സമ്മതത്തോടുകൂടി വെളിപ്പെടുത്തൽ നടത്തുമ്പോൾ.

(d) എൻ.ബി.എഫ്.ബി.സി കൾ ഭാരതീയ റിസർവ്വ് ബാങ്ക് നിയമം, 1934 ന്റെ വകുപ്പ് 45 NB യിൽ നിബന്ധന ചെയ്തിട്ടുള്ളത് പോലെ വിവരങ്ങളുടെ രഹസ്യ സ്വഭാവം പാലിക്കേണ്ടതാണ്.

**57. സി.ഡി.ഡി നടപടിക്രമവും സെൻട്രൽ കെ.വൈ.സി റെക്കോർഡ്സ് രജിസ്ട്രി (സി.കെ.വൈ.സി.ആർ) യുമായി കെ.വൈ.സി വിവരങ്ങൾ പങ്കുവയ്ക്കലും**

'വ്യക്തികൾക്കും' നൈയ്യാമിക സ്ഥാപനങ്ങൾക്കും, ആർക്കാണോ അവർക്ക് വേണ്ടി തയ്യാറാക്കിയ പരിഷ്കരിച്ച കെ.വൈ.സി ടെംപ്ലേറ്റുകൾ ആവശ്യപ്പെടുന്നതുപോലെ സ്ഥാപനങ്ങൾ ചട്ടങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം സി.കെ.വൈ.സി.ആർ ഉം ആയി പങ്കുവയ്ക്കാൻ കെ.വൈ.സി വിവരങ്ങൾ പിടിച്ചെടുക്കേണ്ടതാണ്. ഭാരതീയ സർക്കാർ, സെൻട്രൽ രജിസ്ട്രി ഓഫ് സെക്യൂരിറ്റൈസേഷൻ, അസറ്റ് റീകൺസ്ട്രക്ഷൻ ആൻറ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ഓഫ് ഇൻഡ്യ (സി.ഇ.ആർ. എസ്.എ.ഐ) യെ, സി.കെ.വൈ.സി.ആർ പോലെ പ്രവർത്തിയ്ക്കുന്നതിനും അതിന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും 2015 നവംബർ 26 -)o തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനം .നമ്പർ എസ.ഓ.3183 (E) പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്.

സി.കെ.വൈ.സി.ആർ ന്റെ 'ലൈവ് റൺ' 2016 ജൂലൈ 15 മുതൽ ഘട്ടംഘട്ടമായി, വ്യക്തിഗത അക്കൗണ്ടുകൾ ആദ്യം എന്ന അടിസ്ഥാനത്തിൽ, ആരംഭിക്കുന്നതായിരിക്കും. അതിൻപ്രകാരം സ്ഥാപനങ്ങൾ താഴെ പറയുന്ന നടപടികൾ എടുത്തിരിക്കണം:

(i) പണം വെളുപ്പിക്കൽ തടയൽ (രേഖകളുടെ പരിപാലനം) ചട്ടങ്ങൾ, 2005 ന്റെ നിബന്ധനകൾ പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ നിശ്ചയമായും 2017 ജനുവരി 1 മുതൽ തുടങ്ങിയിട്ടുള്ള എല്ലാ പുതിയ വ്യക്തിഗത അക്കൗണ്ടുകളുമായി ബന്ധപ്പെട്ട കെ.വൈ.സി വിവരങ്ങൾ സി.ഇ.ആർ.എസ്.എ.ഐ യിലേക്ക് അപ്‌ലോഡ് ചെയ്തിരിക്കണം. 2017 ജനുവരിയിൽ തുറന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ അപ്‌ലോഡ്

ചെയ്യുന്നതിന് 2017 ഫെബ്രുവരി 1 വരെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്ക് സമയം നൽകിയിട്ടുണ്ട്.

(ii) ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അല്ലാതുള്ള സ്ഥാപനങ്ങൾ 2017 ഏപ്രിൽ 1 മുതൽ തുടങ്ങിയിട്ടുള്ള എല്ലാ പുതിയ വ്യക്തിഗത അക്കൗണ്ടുകളുടെയും വിവരങ്ങൾ, പണം വെളുപ്പിക്കൽ തടയൽ (രേഖകളുടെ പരിപാലനം) ചട്ടങ്ങൾ 2005 ന്റെ നിബന്ധനകൾ പ്രകാരം സി.ഇ.ആർ.എസ്. എ. ഐ യിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്.

(iii) കെ.വൈ.സി വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ (വെർഷൻ 1.1) സി.ഇ.ആർ.എസ്.എ.ഐ. പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ ഉപയോഗത്തിനുവേണ്ടി 'ടെസ്റ്റ് എൻവയോൺമെന്റും' സി.ഇ.ആർ.എസ്. എ. ഐ ലഭ്യമാക്കുന്നുണ്ട്.

**58. ഫോറിൻ അക്കൗണ്ട് ടാക്സ് കംപ്ലെയ്ൻസ് ആക്ട് (FATCA), പൊതുവായ റിപ്പോർട്ടിങ് മാനദണ്ഡങ്ങൾ (CRS) എന്നിവ അനുസരിച്ചുള്ള റിപ്പോർട്ടിങ് ആവശ്യകത**

എഫ്.എ.ടി.സി.എ യുടെയും സി.ആർ.എസ് ന്റെയും കീഴിൽ സ്ഥാപനങ്ങൾ ആദായ നികുതി ചട്ടങ്ങളിലെ നിബന്ധനകൾ 114F, 114G, 114H അനുസരിക്കേണ്ടതും തങ്ങൾ ആദായ നികുതി ചട്ടം 114F ൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു റിപ്പോർട്ടിങ് ധനകാര്യ സ്ഥാപനമാണോ എന്ന് തീരുമാനിക്കേണ്ടതും, അങ്ങനെയെങ്കിൽ റിപ്പോർട്ടിങ് ആവശ്യകതകൾ അനുസരിക്കുന്നതിലേക്കായി താഴെ പറയുന്ന നടപടികൾ എടുക്കേണ്ടതുമാണ്:

(a) ആദായനികുതി വകുപ്പിന്റെ ബന്ധപ്പെട്ട ഇ-ഫയലിംഗ് പോർട്ടലിൽ ഒരു റിപ്പോർട്ടിങ് ധനകാര്യ സ്ഥാപനമായി രജിസ്റ്റർ ചെയ്യുക. അങ്ങനെ ചെയ്യേണ്ട ലിങ്ക് https://incometaxindiaefiling.gov.in/post login->my Account->Register as Reporting Financial Institution

(b) പ്രത്യക്ഷ നികുതി സെൻട്രൽ ബോർഡ് (സി.ബി.ഡി.ടി) തയ്യാറാക്കിട്ടുള്ള സ്കീമിനെ അവലംബിച്ചു ഫോം 61B അല്ലെങ്കിൽ 'ഒന്നും ഇല്ല ' (NIL) റിപ്പോർട്ട്, അധികാരപ്പെടുത്തപ്പെട്ട ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പുപയോഗിച്ച് ഓൺലൈൻ ആയി സമർപ്പിക്കുക.

*വിശദീകരണം: ചട്ടം 114H പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടേണ്ട അക്കൗണ്ടുകൾ തിരിച്ചറിയുന്നതിനായി നടത്തുന്ന യഥാർഹ ജാഗ്രതാ നടപടിക്രമത്തിനുവേണ്ടി സ്ഥാപനങ്ങൾ ഫോറിൻ എക്സ്ചേഞ്ച് ഡീലേഴ്സ് അസ്സോസിയേഷൻ ഓഫ് ഇൻഡ്യ(FEDAI) അവരുടെ*

*വെബ്സൈറ്റായ [http://www.fedai.org.in/RevaluationRates.aspx](http://www.fedai.org.in/RevaluationRates.aspx) ൽ പ്രസിദ്ധീകരിക്കുന്ന സ്പോട്ട് റഫറൻസ് നിരക്കുകളെ അവലംബിക്കേണ്ടതാണ്.*

(c) ചട്ടം 114H ൽ കൊടുത്തിട്ടുള്ള നിബന്ധന പ്രകാരം യഥാർഹ നടപടിക്രമം നടപ്പിലാക്കുന്നതിനും അത് രേഖപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി വിവര സാങ്കേതിക (ഐ.ടി) ചട്ടക്കൂട് വികസിപ്പിച്ചെടുക്കുക.

(d) ഐ.റ്റി.ചട്ടക്കൂടിനും ആദായനികുതി ചട്ടങ്ങളിലെ 114F, 114G, 114H ചട്ടങ്ങളുടെ അനുവർത്തനത്തിനും വേണ്ടി ഒരു ആഡിറ്റ് സംവിധാനം വികസിപ്പിക്കുക.

(e) അനുവർത്തനം ഉറപ്പാക്കുന്നതിനുവേണ്ടി നിയുക്ത ഡയറക്ടറുടെ അല്ലെങ്കിൽ വേറെ ഏതെങ്കിലും സമാന ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു ഉന്നതതല നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുക.

(f) സെൻട്രൽ ബോർഡ് ഓഫ് ഡയറക്റ്റ് ടാക്സസ് (സി.ബി.ഡി.റ്റി) കാലാകാലങ്ങളിൽ ഈ വിഷയത്തിൽ പുറപ്പെടുവിക്കുന്ന നാളതീകരിക്കപ്പെട്ട നിർദ്ദേശങ്ങൾ/ചട്ടങ്ങൾ / മാർഗ്ഗനിർദ്ദേശ കുറിപ്പുകൾ/ പത്രക്കുറിപ്പുകൾ എന്നിവയുമായി അനുവർത്തനം ഉറപ്പാക്കേണ്ടതാണ്. ഇവ [http://www.incometaxindia.gov.in/Pages/default.aspx](http://www.incometaxindia.gov.in/Pages/default.aspx) എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സ്ഥാപനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

a) എഫ്.എ.റ്റി.സി.എ, സി.ആർ.എസ് എന്നിവയെക്കുറിച്ചു നാളതീകരിക്കപ്പെട്ട മാർഗ്ഗ നിർദ്ദേശ കുറിപ്പുകൾ.

b) ചട്ടം 114H (8) നു കീഴിൽ 'ധനകാര്യ അക്കൗണ്ടുകളുടെ പരിസമാപ്തിയാക്കലിനെ കുറിച്ച് ഒരു പത്രക്കുറിപ്പ്.

**59. പേയ്മെന്റ് ഇൻസ്ട്രമെന്റുകൾ ഹാജരാക്കാനുള്ള കാലാവധി**

ചെക്കുകൾ/ ഡ്രാഫ്റ്റുകൾ പേ ഓർഡറുകൾ/ ബാങ്കേഴ്സ് ചെക്കുകൾ എന്നിവ അവയുടെ തീയതി മുതൽ മൂന്നു മാസ കാലാവധിയ്ക്കപ്പുറം ഹാജരാക്കിയാൽ പണം നൽകേണ്ടതില്ല .

**60. ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കലും മണി മ്യൂൾസും**

നിക്ഷേപ അക്കൗണ്ടുകളിൽ നിയമ വിരുദ്ധ പ്രവേശനം നേടുന്ന കുറ്റവാളികൾ മണി മ്യൂൾസ് ആയി പ്രവർത്തിക്കുന്ന മൂന്നാംകക്ഷികളെ ജോലിക്കുവെച്ച് തട്ടിപ്പു പദ്ധതികളിൽ കൂടി (ഉദാ: സ്വകാര്യ സാമ്പത്തിക വിവരങ്ങൾ ചോർത്തൽ, ആൾമാറാട്ടം) കിട്ടുന്ന വരുമാനം വെളുപ്പിച്ചെടുക്കുന്നതിന് വേണ്ടി അവരെ

ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനം പരമാവധി കുറയ്ക്കുന്നതിനായി അക്കൗണ്ട് തുറക്കുന്നതിനെപ്പറ്റിയും ഇടപാടുകളെ നിരീക്ഷിക്കുന്നതിനെക്കുറിച്ചും ഉള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. തുടങ്ങുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന ഒരു അക്കൗണ്ട് ഒരു മണി മ്യൂളിന്റേതാണെന്ന് സ്ഥിരീകരിക്കപ്പെട്ടാൽ ബന്ധപ്പെട്ട ബാങ്ക് ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് വിശ്വസിക്കേണ്ടി വരും.

**61. ചെക്ക് ആരുടെ പേരിലാണോ, അയാളുടെ അക്കൗണ്ടിൽ കൂടി മാത്രം തുക ശേഖരിക്കാവുന്ന ചെക്കുകൾ (അക്കൗണ്ട് പേയീ ചെക്കുകൾ)**

പണം കൈപ്പറ്റേണ്ട ആളിന്റേതല്ലാത്ത അക്കൗണ്ടിൽ കൂടി ഒരു അക്കൗണ്ട് - പേയീ ചെക്കിന്റെയും പണം ശേഖരിക്കരുത്. ബാങ്കുകൾക്ക് അവരുടെ ഇഷ്ടാനുസരണം ഇടപാടുകാരായ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയുടെ അക്കൗണ്ടുകളിൽ അൻപതിനായിരം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള അക്കൗണ്ട് - പേയീ ചെക്കുകളുടെ തുകകൾ ശേഖരിക്കാവുന്നതാണ്. എന്നാൽ, ആ ചെക്കുകകളുടെ തുക കൈപ്പറ്റേണ്ടവർ ആ ക്രെഡിറ്റ് സൊസൈറ്റികളുടെ അവശ്യ ഭാഗമായിരിക്കണം.

**62.** (a) ബാങ്കുകളും ബാങ്കിങ് ഇതര ധനകാര്യ കമ്പനികളും പുതിയ ബന്ധത്തിൽ ഏർപ്പെടുന്ന വ്യക്തികളായ ഇടപാടുകാർക്കും അതുപോലെ നിലവിലുള്ള ഇടപാടുകാർക്കും ഒരു "സവിശേഷ ഇടപാടുകാരനെ തിരിച്ചറിയൽ കോഡ്" (യു.സി.ഐ.സി.) അനുവദിച്ചു കൊടുക്കേണ്ടതാണ്.

(b) ബാങ്കുകൾക്കും എൻ.ബി.എഫ്.സി കൾക്കും അവരുടെ ഇഷ്ടാനുസരണം അക്കൗണ്ട് ഇല്ലാത്ത/ വല്ലപ്പോഴും വരുന്ന, മുൻകൂർ പണം കൊടുത്ത ഉപാധികൾ (prepaid instruments) വാങ്ങാൻ വരുന്ന, മൂന്നാം കക്ഷി ഉൽപന്നങ്ങൾ വാങ്ങാൻ വരുന്ന ഇടപാടുകാർക്ക് യു.സി.ഐ.സി കോഡ് അനുവദിയ്ക്കാതിരിയ്ക്കാം. എന്നാൽ കൂടെക്കൂടെ ഇടപാട് നടത്താൻ വന്നുപോകുന്ന അക്കൗണ്ട് ഇല്ലാത്തവരെ തിരിച്ചറിയാനുള്ള മതിയായ സംവിധാനമുണ്ടെന്നും അവർക്ക് യു.സി.ഐ.സി അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

**63. പുതിയ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കൽ - ക്രെഡിറ്റ് കാർഡുകൾ/ ഡെബിറ്റ് കാർഡുകൾ/ സ്മാർട്ട് കാർഡുകൾ/ ഗിഫ്റ്റു കാർഡുകൾ/ മൊബൈൽ വാലറ്റ്/ നെറ്റ് ബാങ്കിങ്/ മൊബൈൽ ബാങ്കിങ്/ ആർ.ടി.ജി.എസ്/ എൻ.ഇ.എഫ്.ടി/ ഇ.സി.എസ്/ ഐ.എം.പി.എസ് മുതലായവ-**

പുതിയ, അല്ലെങ്കിൽ വികസിപ്പിച്ചെടുക്കുന്ന, സാങ്കേതിക വിദ്യകളിൽ നിന്നും നേരിടുന്ന പണം വെളുപ്പിക്കൽ, തീവ്രവാദപ്രവർത്തനങ്ങൾക്ക് സാമ്പത്തിക

സഹായം ചെയ്യൽ എന്നീ ഭീഷണികൾക്കെതിരെ സ്ഥാപനങ്ങൾ തികഞ്ഞ ശ്രദ്ധാലുക്കളാകേണ്ടതാണ്. പുതിയ ഉൽപന്നങ്ങൾ, സേവനങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവ നടപ്പിൽ വരുത്തുന്നതിന് മുൻപ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന അനുയോജ്യമായ കെ.വൈ.സി നടപടിക്രമങ്ങൾ പ്രയോഗത്തിലുണ്ടെന്ന് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്. ക്രെഡിറ്റ് കാർഡ് വിതരണത്തിനുപയോഗിക്കുന്ന ഏജന്റുമാരെയും യഥാർഹ ജാഗ്രത/ കെ.വൈ.സി നടപടികൾക്ക് വിധേയമാക്കിയിരിക്കണം.

**64. കറസ്പോണ്ടന്റ് ബാങ്കുകൾ**

കറസ്പോണ്ടന്റ് ബാങ്കിങ് ബന്ധങ്ങൾ അംഗീകരിക്കുന്നതിന്, താഴെ പറയുന്ന വ്യവസ്ഥകൾക്കനുസരിച്ച് മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് ബാങ്കുകൾക്ക് അവരുടെ ബോർഡുകൾ അല്ലെങ്കിൽ ചെയർമാൻ/ സി.ഇ.ഓ/ എം.ഡി തലവനായ ഒരു കമ്മിറ്റി അംഗീകരിച്ച ഒരു നയം ഉണ്ടായിരിക്കണം:

(a) മാനേജ്മെന്റിനെ പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടെ ബാങ്കിന്റെ ബിസിനസ്സിന്റെ സ്വഭാവം, പ്രധാന ബിസിനെസ്സ് പ്രവർത്തനങ്ങൾ, എ.എൽ.എം/ സി.എഫ്.ടി പാലനം എത്രത്തോളം, അക്കൗണ്ട് തുടങ്ങുന്നതിന്റെ ഉദ്ദേശ്യം, പ്രസ്തുത ബാങ്കിങ് സേവനങ്ങൾ ഉപയോഗിച്ചേക്കാവുന്ന മൂന്നാം കക്ഷി സ്ഥാപനത്തിന്റെ അനന്യത, ആ ബാങ്കിന്റെ സ്വദേശത്തുള്ള നിയന്ത്രണ മേൽനോട്ട ചട്ടക്കൂട് എന്നീ കാര്യങ്ങളെ കുറിച്ച് മതിയായ വിവരങ്ങൾ ശേഖരിച്ചിരിക്കണം.

(b) കമ്മിറ്റി അംഗീകരിക്കുന്ന ശുപാർശകൾക്ക് ബോർഡിന്റെ അടുത്ത മീറ്റിംഗിൽ അംഗീകാരം വാങ്ങിയിരിക്കണം.

(c) കറസ്പോണ്ടന്റ് ബാങ്കിങ് ബന്ധം സ്ഥാപിക്കപ്പെടുന്ന ഓരോ ബാങ്കിന്റെയും ഉത്തവാദിത്വങ്ങൾ വ്യക്തമായി പ്രമാണരേഖയാക്കപ്പെടണം.

(d) ബാങ്ക് അക്കൗണ്ടുകളിൽക്കൂടി മാത്രം പണം നൽകേണ്ട കേസുകളിൽ അക്കൗണ്ടുകളിൽ നേരിട്ട് പ്രവേശനമുള്ള ഇടപാടുകാരുടെ അനന്യത പരിശോധിച്ചിട്ടുണ്ട് എന്നും അവരുടെമേൽ തുടർച്ചയായുള്ള യഥാർഹ ജാഗ്രത ഏറ്റെടുക്കുന്നുണ്ട് എന്നും കറസ്പോണ്ടന്റ് ബാങ്ക് തൃപ്തരാകേണ്ടതാണ്.

(e) കറസ്പോണ്ടന്റ് ബാങ്ക് ഉറപ്പാക്കേണ്ട കാര്യം, ആവശ്യപ്പെട്ടാലുടൻ ഇടപാടുകാരന്റെ പ്രസക്തമായ തിരിച്ചറിയൽ വിവരങ്ങൾ നൽകാൻ കഴിവുള്ളതാണ് റെസ്പോണ്ടന്റ് ബാങ്ക് എന്നുള്ളതാണ്.

(f) ഒരു ഷെൽ ബാങ്കുമായി കറസ്പോണ്ടന്റ് ബാങ്ക് ബന്ധത്തിൽ ഏർപ്പെടാൻ പാടുള്ളതല്ല.

(g) റെസ്പോണ്ടന്റ് ബാങ്കുകൾ അവരുടെ അക്കൗണ്ടുകൾ ഉപയോഗിക്കാൻ ഷെൽ ബാങ്കുകളെ അനുവദിക്കുന്നില്ലെന്ന് ഉറപ്പാക്കണം.

(h) തന്ത്രപരമായി പോരായ്മകളുള്ള അധികാര സീമകളിൽ സ്ഥിതിചെയ്യുന്ന അല്ലെങ്കിൽ എഫ്.എ്.ടി.എഫ് ശുപാർശകൾ നടപ്പിലാക്കുന്നതിൽ മതിയായ പുരോഗതി ഉണ്ടാക്കിയിട്ടില്ലാത്ത കറസ്പോണ്ടന്റ് ബാങ്കുകളുമായി ഇടപെടുമ്പോൾ ബാങ്കുകൾ ജാഗ്രത പുലർത്തണം.

(i) കറസ്പോണ്ടന്റ് ബാങ്കുകൾക്ക് കെ.വൈ.സി/ എ.എം.എൽ നയങ്ങളും നടപടികളുമുണ്ടെന്നും കറസ്പോണ്ടന്റ് അക്കൗണ്ടുകളിൽകൂടി നടത്തുന്ന ഇടപാടുകളെ സംബന്ധിച്ച് ഊർജ്ജിത യഥാർഹ ജാഗ്രത നടപടിക്രമങ്ങൾ പ്രയോഗിക്കുന്നുണ്ടെന്നും ബാങ്കുകൾ ഉറപ്പു വരുത്തണം.

**65. കമ്പി വഴി കൈമാറ്റം (വയർ ട്രാൻസ്ഫർ)**

കമ്പി വഴി കൈമാറ്റം നടത്തുമ്പോൾ സ്ഥാപനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്:

(a) ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ചുള്ളവ ഉൾപ്പെടെയുള്ള അതിർത്തിയ്ക്ക് പുറത്തേയ്ക്കുള്ള എല്ലാ കമ്പി വഴി കൈമാറ്റങ്ങൾക്കൊപ്പം ആളിന്റെ പേര്, മേൽവിലാസം, അക്കൗണ്ട് നമ്പർ അല്ലെങ്കിൽ അക്കൗണ്ടിന്റെ അഭാവത്തിൽ ബന്ധപ്പെട്ട രാജ്യത്ത് നിലവിലുള്ള സമ്പ്രദായപ്രകാരം ഒരു സവിശേഷ പരാമർശ നമ്പർ തുടങ്ങിയവയെ സംബന്ധിച്ച് കൃത്യവും അർത്ഥവത്തുമായ വിവരങ്ങൾ കൈമാറേണ്ടതുണ്ട്.

*ബാധകമല്ല: തുടക്കകാരനും ഗുണഭോക്താവും ബാങ്കോ ധനകാര്യ സ്ഥാപനങ്ങളോ ആകുന്ന ബാങ്കുകൾ തമ്മിലുള്ള കൈമാറ്റവും ഒത്തുതീർപ്പും ആണെങ്കിൽ മുകളിൽ പറഞ്ഞ ആവശ്യകത ബാധകമല്ല.*

(b) ആഭ്യന്തര കമ്പി വഴി കൈമാറ്റങ്ങൾ അൻപതിനായിരമോ കൂടുതലോ രൂപയ്ക്കുള്ളതാണെങ്കിൽ ഇടപാട് ആരംഭിക്കുന്നവരുടെ പേര്, മേൽവിലാസം, അക്കൗണ്ട് നമ്പർ മുതലായ വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടണം.

(c) റിപ്പോർട്ട് ചെയ്യുന്നതിൽ നിന്നും അല്ലെങ്കിൽ നിരീക്ഷണത്തിൽ നിന്നും ഒഴിവാകുന്നതിനുവേണ്ടി ഒരു ഇടപാടുകാരൻ മന:പൂർവ്വം കമ്പി വഴി കൈമാറ്റം അൻപതിനായിരം രൂപയ്ക്ക് താഴെയായി നിജപ്പെടുത്തുന്നു എങ്കിൽ അയാളുടെ തിരിച്ചറിയൽ നടത്തേണ്ടതായിട്ടുണ്ട്. അയാളിൽ നിന്നും നിസ്സഹകരണമാണുണ്ടാകുന്നതെങ്കിൽ അയാളുടെ അനന്യത

സ്ഥിരീകരിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടാകേണ്ടതും എഫ്.ഐ.യു.-ഐ.എൻ.ഡി യ്ക്ക് എസ.ടി.ആർ നൽകേണ്ടതുമാണ്.

(d) അർഹതയുള്ള കമ്പി വഴി കൈമാറ്റങ്ങൾ തുടങ്ങിവയ്ക്കുന്നവരെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ഓർഡർ ചെയ്യുന്ന ബാങ്ക് ഏറ്റവും കുറഞ്ഞത് അഞ്ചു വർഷമെങ്കിലും സംരക്ഷിക്കേണ്ടതാണ്,

(e) കമ്പി വഴി കൈമാറ്റത്തിന്റെ ശൃംഖലയിലെ ഒരു മധ്യവർത്തി കണ്ണിയായി പ്രവർത്തിക്കുന്ന ഒരു ബാങ്ക്, കമ്പി വഴി കൈമാറ്റത്തോടൊപ്പമുള്ള അതിന്റെ തുടക്കക്കാരന്റെ എല്ലാ വിവരങ്ങളും അതോടൊപ്പം സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(f) സ്വീകരിക്കുന്ന മധ്യവർത്തി ബാങ്ക്, അതിർത്തി കടന്നുള്ള ഒരു കമ്പി വഴി കൈമാറ്റത്തെ അനുയാത്ര ചെയ്യുന്ന അതിന്റെ തുടക്കക്കാരന്റെ മുഴുവൻ വിവരങ്ങളും കൈമാറ്റം ചെയ്യേണ്ടതാണ് എന്നാൽ ബന്ധപ്പെട്ട ഒരു ആഭ്യന്തര കമ്പി വഴി കൈമാറ്റത്തോടൊപ്പം അയയ്ക്കാൻ സാങ്കേതിക പരിമിതികൾകൊണ്ട് കഴിയാതെ വരുന്നെങ്കിൽ, അത് ഏറ്റവും കുറഞ്ഞത് അഞ്ചു വർഷം സൂക്ഷിക്കേണ്ടതാണ്.

(g) കമ്പി വഴി കൈമാറ്റം തുടങ്ങിവയ്ക്കുന്നവരുടെ എല്ലാ വിവരങ്ങളും ബന്ധപ്പെട്ട നിയമപാലകർക്കും ഒപ്പം/ അല്ലെങ്കിൽ പ്രോസിക്യൂഷൻ അധികാരികൾക്കും താമസംവിനാ ലഭ്യമാക്കേണ്ടതാണ്.

(h) ഗുണഭോക്തൃ ബാങ്കിൽ, കമ്പി വഴി കൈമാറ്റം തുടങ്ങിവയ്ക്കുന്നവരുടെ മുഴുവൻ വിവരങ്ങളും ഇല്ലാത്ത ഇടപാടുകൾ തിരിച്ചറിയുന്നതിന് റിസ്ക് അടിസ്ഥാനത്തിലുള്ള ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

(i) തുടങ്ങുന്നവരുടെ മുഴുവൻ വിവരങ്ങളും ഇല്ലാത്ത ഇടപാടുകൾ ഗുണഭോക്തൃ ബാങ്ക് എഫ്.ഐ.യു-ഐ.എൻ.ഡി യ്ക്ക് സംശയാസ്പദ ഇടപാട് എന്ന നിലയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(j) ഗുണഭോക്തൃ ബാങ്ക്, പണം അടയ്ക്കുന്ന ആളിന്റെ വിശദവിവരങ്ങൾ ഓർഡർ ചെയ്യുന്ന ബാങ്കിനോട് ആവശ്യപ്പെടേണ്ടതാണ്. പണം അടയ്ക്കുന്ന ആളിന്റെ വിവരങ്ങൾ നൽകാൻ ഓർഡർ ചെയ്യുന്ന ബാങ്ക് പരാജയപ്പെടുകയാണെങ്കിൽ ഗുണഭോക്ത്യ ബാങ്കിന് ഓർഡർ ചെയ്യുന്ന ബാങ്കുമായുള്ള വ്യാപാരം പരിമിതപ്പെടുത്തുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ് .

**66. ഡിമാൻഡ് ഡ്രാഫ്റ്റുകൾ നൽകൽ, അവ സ്വീകരിച്ചു പണം നൽകൽ, മുതലായവ.,**

അൻപതിനായിരം രൂപയോ അതിനു മുകളിലോ മൂല്യമുള്ള ഡിമാൻഡ് ഡ്രാഫ്റ്റ്, മെയിൽ/ ടെലിഗ്രാഫിക് ട്രാൻസ്ഫർ/ എൻ.ഇ.എഫ്.ടി/ ഐ.എം.പി.എസ് വഴി അല്ലെങ്കിൽ മറ്റേതെങ്കിലും വഴിയുള്ള ഏതു പണം ഒടുക്കലും അല്ലെങ്കിൽ ട്രാവലേഴ്സ് ചെക്ക് നൽകലും നടത്തേണ്ടത് ഇടപാടുകാരന്റെ അക്കൗണ്ട് കിഴിവ് ചെയ്തോ അല്ലെങ്കിൽ അൻപതിനായിരം രൂപയോ അതിൽ കൂടുതലോ മൂല്യമുള്ള ചെക്കിനെതിരെയോ ആകണം. അല്ലാതെ നേരിട്ട് പണം ഒടുക്കൽ വഴിയല്ല.

**67. പി.എ.എൻ രേഖപ്പെടുത്തൽ**

കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള ആദായ നികുതി ചട്ടം 114B ബാങ്കുകൾക്ക് ബാധകമാക്കിയിട്ടുള്ള പ്രകാരം ഇടപാടുകാരുടെ സ്ഥിരം അക്കൗണ്ട് നമ്പർ (പി.എ.എൻ) അവരുടെ ഇടപാടുകൾ ഏറ്റെടുക്കുമ്പോൾ വാങ്ങുകയും പരിശോധിക്കപ്പെടുകയും ചെയ്യേണ്ടതാണ്. പി.എ.എൻ ഇല്ലാത്തവരിൽ നിന്നും ഫോറം 60 വാങ്ങിയിരിക്കണം.

**68. മൂന്നാം കക്ഷി ഉല്പന്നങ്ങൾ വിൽക്കൽ**

ഏജന്റുകളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മൂന്നാം കക്ഷി ഉൽപ്പന്നങ്ങൾ അതാതു സമയത്ത് പ്രാബല്യത്തിലുള്ള നിയമ പ്രകാരം വിൽക്കുമ്പോൾ ഈ നിർദ്ദേശങ്ങളുടെ ആവശ്യത്തിലേക്കായി താഴെ പറയുന്ന കാര്യങ്ങൾ അനുസരിക്കേണ്ടതാണ്:

(a) ഈ നിർദ്ദേശങ്ങളിൽ സെക്ഷൻ 13 (e) ൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്കായി അക്കൗണ്ടില്ലാതെ വന്നു പോകുന്ന ഇടപാടുകാരുടെ അനന്യതയും മേൽവിലാസവും പരിശോധിക്കപ്പെടേണ്ടതാണ്.

(b) മൂന്നാം കക്ഷി ഉൽപ്പന്നങ്ങളുടെ വില്പനയുടെ ഇടപാട് വിവരങ്ങളും ബന്ധപ്പെട്ട രേഖകളും അദ്ധ്യായം VII, സെക്ഷൻ 46 ൽ നിർദ്ദേശിച്ചപ്രകാരം പരിപാലിക്കേണ്ടതാണ്.

(c) അക്കൗണ്ടില്ലാതെ വന്നുപോകുന്ന ഇടപാടുകാർ ഉൾപ്പെടെയുള്ള ഇടപാടുകാരുമായുള്ള മൂന്നാം കക്ഷി ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട ഇടപാടുകളെപ്പറ്റി സി.ടി.ആർ/ എസ്.ടി.ആർ ഫയൽ ചെയ്യുന്ന ആവശ്യത്തിലേക്ക് മുന്നറിയിപ്പുകൾ പിടിച്ചെടുക്കുന്നതിനും, ഉൽപ്പാദിപ്പിക്കുന്നതിനും, വിശകലനം

ചെയ്യുന്നതിനും പ്രാപ്തിയുള്ള എ.എം.എൽ സോഫ്റ്റ് വേറുകൾ ലഭ്യമായിരിക്കണം.

(d) അൻപതിനായിരവും അതിൽ കൂടുതലും രൂപയ്ക്കുള്ള ഇടപാടുകൾ ഏറ്റെടുക്കേണ്ടത് താഴെയുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു് മാത്രമായിരിക്കണം:

- ഇടപാടുകാരന്റെ അക്കൗണ്ടിൽ കിഴിവ് വരുത്തി അല്ലെങ്കിൽ ചെക്കിന് എതിരെ.
- അക്കൗണ്ട് അടിസ്ഥാനത്തിലുള്ളവരും അക്കൗണ്ടില്ലാതെ വന്നുപോകുന്നവരുമായ ഇടപാടുകാരുടെ കാര്യത്തിൽ അവർ നൽകുന്ന പി.എ.എൻ വാങ്ങി പരിശോധിച്ചിട്ട്.

(e) മുകളിൽ (d) യിലുള്ള നിർദ്ദേശങ്ങൾ സ്ഥാപനങ്ങളുടെ സ്വന്തം ഉൽപ്പന്നങ്ങളുടെ വില്പനയുടെ കാര്യത്തിലും ക്രെഡിറ്റ് കാർഡ് കുടിശ്ശിക ഒടുക്കുന്നതിലും മുൻ കൂർ പണം ഒടുക്കിയിട്ടുള്ള കാർഡുകളുടെ/ ട്രാവൽ കാർഡുകളുടെ വിൽപ്പനയിലും റീലോഡിങ്ങിലും ഒപ്പം അൻപതിനായിരം രൂപയ്ക്കോ മുകളിലോ ഉള്ള ഏതു ഉൽപ്പന്നങ്ങളുടെ കാര്യത്തിലും ബാധകമായിരിക്കും.

**69. സഹകരണ ബാങ്കുകൾ പ്രയോജനപ്പെടുത്തുന്ന സമ-മൂല്യ ചെക്ക് സൗകര്യം**

(a) വാണിജ്യ ബാങ്കുകൾ സഹകരണ ബാങ്കുകൾക്ക് നൽകുന്ന 'സമ-മൂല്യ' ചെക്ക് സൗകര്യം നിരീക്ഷിക്കപ്പെടേണ്ടതാണ്. അതിൽനിന്നുമുണ്ടാകാവുന്ന പണ സംബന്ധമായതും, സൽപ്പേര് സംബന്ധമായതുമായ നഷ്ട സാദ്ധ്യതകൾ നിർണ്ണയിക്കുന്നതിനായി ഇത്തരം ക്രമീകരണങ്ങൾ പുനരവലോകനം ചെയ്യപ്പെടേണ്ടതുമാണ് .

(b) ഇത്തരം ക്രമീകരണങ്ങളുടെ കീഴിൽ കെ.വൈ.സി, എ.എം.എൽ ഇവയെപ്പറ്റി നിലവിലുള്ള നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകളും സൊസൈറ്റികളും അനുസരിക്കുന്നതിനെക്കുറിച്ച് അറിയാൻ അവർ പരിപാലിക്കുന്ന രേഖകൾ പരിശോധിക്കുന്നതിനുള്ള അവകാശം ബാങ്കുകൾ നിലനിർത്തേണ്ടതാണ്.

(c) സഹകരണ ബാങ്കുകൾ ഉറപ്പാക്കേണ്ടത്:

i. 'സമ-മൂല്യ' ചെക്ക് സൗകര്യം ഉപയോഗിക്കുന്നത്,

a. അവരുടെ സ്വന്തം ഉപയോഗത്തിനും,

b. അൻപതിനായിരം രൂപയോ കൂടുതലോ ഉള്ള ഇടപാടുകൾ കർശനമായും ഇടപാടുകാരന്റെ അക്കൗണ്ടിൽ കിഴിവ് വരുത്തിയാണ് നടത്തുന്നതെങ്കിൽ,

അത്തരം കെ.വൈ.സി അനുസരിക്കുന്ന അക്കൗണ്ട് ഉടമകളുടെ ഉപയോഗത്തിനും,

c. പിന്നെ അക്കൗണ്ടില്ലാതെ കടന്നുവരുന്ന, അൻപതിനായിരം രൂപയിൽ താഴെ പണം ഇടപാട് നടത്തുന്ന ഓരോരുത്തരുടെയും ഉപയോഗത്തിനും വേണ്ടി മാത്രമാണെന്നാണ്.

ii. താഴെ പറയുന്നവ പരിരക്ഷിയ്ക്കുന്നു എന്ന്:

a. മറ്റു സംഗതികളോടൊപ്പം, അപേക്ഷകന്റെ പേര്, അക്കൗണ്ട് നമ്പർ, ഗുണഭോക്താവിന്റെ വിശദവിവരങ്ങൾ, സമ-മൂല്യ ചെക്ക് നൽകുന്ന തീയ്യതി എന്നിവ കൂടി ഉൾപ്പെടുന്ന സമ-മൂല്യ ചെക്കിനെ സംബന്ധിക്കുന്ന രേഖകൾ,

b. ഇത്തരം ചെക്കുകൾ സ്വീകരിക്കുന്നതിനുവേണ്ടി, ഈ സൗകര്യം നൽകുന്ന വാണിജ്യ ബാങ്കിൽ മതിയായ ബാക്കിനിൽപ്പ്/ പണം പിൻവലിയ്ക്കുന്നതിനുള്ള ക്രമീകരണം.

iii. നൽകുന്ന 'സമ-മൂല്യ' ചെക്കുകൾ തുക എത്രയായാലും 'അക്കൗണ്ട് പേയീ' ആയി ക്രോസ് ചെയ്തത് ആണെന്ന് ഉറപ്പാക്കുക.

**70. പണം മുൻകൂർ കൊടുത്ത പേയ്മെന്റ് ഉപാധികൾ നൽകൽ (പി.പി.ഐകൾ)**

പി.പി.ഐ.കൾ നൽകുന്നവർ ഭാരതീയ റിസർവ്വ് ബാങ്കിന്റെ ഡിപ്പാർട്മെന്റ് ഓഫ് പേയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റം അവരുടെ മുഖ്യ നിർദ്ദേശങ്ങളുടെ ഭാഗമായി ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി അനുസരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

**71. തൊഴിലാളികളെ നിയമിക്കലും തൊഴിലാളി പരിശീലനവും**

(a) തൊഴിലാളി നിയമനത്തിന്റെ അവിഭാജ്യ ഘടകമായി മതിയായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

(b) എ.എം.എൽ/ സി.എഫ്.ടി നയത്തിൽ ഉദ്യോഗസ്ഥർ മതിയായ രീതിയിൽ പരിശീലിപ്പിക്കപ്പെടുന്നതിന് തൊഴിലാളികൾക്ക് വേണ്ടി തുടർ-പരിശീലന പരിപാടി നിശ്ചയമായും നടപ്പാക്കിയിരിക്കണം. പരിശീലനത്തിന്റെ ശ്രദ്ധാകേന്ദ്രം മുൻനിര ഉദ്യോഗസ്ഥർക്കും, അനുവർത്തന ഉദ്യോഗസ്ഥർക്കും പുതിയ ഇടപാടുകാരെ കൈകാര്യം ചെയ്യുന്നവർക്കും വ്യത്യസ്തമായിരിക്കണം. ഇടപാടുകാരുടെ അവബോധക്കുറവിൽ നിന്നുമുണ്ടാകുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുൻനിര ഉദ്യോഗസ്ഥർ സവിശേഷമായി പരിശീലിപ്പിക്കപ്പെടണം. ആവശ്യമുള്ളവിധം പരിശീലിപ്പിക്കപ്പെട്ടവരും ആർ.ഇ.യുടെ എ.എം.എൽ/ സി.എഫ്.ടി നയങ്ങൾ,

നിയന്ത്രണങ്ങൾ, ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ എന്നിവയിൽ നിപുണരും ആയ ഉദ്യോഗസ്ഥർ പരിശോധനകൾക്ക് ഉണ്ടാകുന്നെന്ന് ഉറപ്പാക്കിയിരിക്കണം.

**72.** എൻ.ബി.എഫ്.സികളുടെയും/ ആർ.എൻ.ബി.സി.കളുടെയും അവർ അധികാരപ്പെടുത്തിയിട്ടുള്ള ബ്രോക്കർമാർ/ ഏജന്റുമാർ തുടങ്ങിയവർ ഉൾപ്പെടെയുള്ള വ്യക്തികളുടെയും കെ.വൈ.സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിയ്ക്കൽ.

(a) നിക്ഷേപ സമാഹരണത്തിന് എൻ.ബി.എഫ്.സി.കളും/ ആർ.എൻ.ബി.സി.കളും അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തികളും അവരുടെ ബ്രോക്കർമാരും/ ഏജന്റുകളും അല്ലെങ്കിൽ അതുപോലെയുള്ളവരും എൻ.ബി.എഫ്.സി.കൾക്കും/ ആർ.എൻ.ബി.സി.കൾക്കും ബാധകമായ കെ.വൈ.സി മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നവരായിരിക്കണം.

(b) കെ.വൈ.സി മാർഗ്ഗനിർദ്ദേശങ്ങളുടെ അനുവർത്തനം പരിശോധിക്കുവാനായി എല്ലാ വിവരങ്ങളും ഭാരതീയ റീസർവ്വ് ബാങ്കിന് ലഭ്യമാക്കേണ്ടതും എൻ.ബി.എഫ്.സി.കളും/ ആർ.എൻ.ബി.സി.കളും അവർക്ക് വേണ്ടി പ്രവർത്തിക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ളവർ വരുത്തുന്ന എല്ലാ നിയമലംഘനങ്ങളുടെയും അനന്തര ഫലങ്ങൾ പൂർണ്ണമായും ഏറ്റെടുക്കേണ്ടതുമാണ്.

(c) എൻ.ബി.എഫ്.സി കളുടെയും/ ആർ.എൻ.ബി.സി.കളുടെയും ബ്രോക്കർമാർ/ ഏജന്റുമാർ അല്ലെങ്കിൽ അതുപോലുള്ളവർ, അവർ കമ്പനിയുടെ ബ്രോക്കറേജ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടേടത്തോളം, ഉൾപ്പെടെയുള്ള അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തികളുടെ അക്കൗണ്ട് ബുക്കുകൾ ആഡിറ്റിനും ഇൻസ്പെക്ഷനും എപ്പോഴൊക്കെ ആവശ്യമുണ്ടോ അപ്പോഴെല്ലാം ലഭ്യമാക്കേണ്ടതാണ്.

## അധ്യായം XI

## റദ്ദാക്കൽ വ്യവസ്ഥകൾ

**73.** ഈ നിർദ്ദേശങ്ങളുടെ പ്രസിദ്ധീകരണത്തോടുകൂടി അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള സർക്കുലറുകളിൽ അടങ്ങിയിട്ടുള്ള നിദ്ദേശങ്ങളും/ മാർഗ്ഗനിദ്ദേശങ്ങളും റദ്ദു ചെയ്യപ്പെട്ടിരിക്കുന്നു.

**74.** മുകളിൽ പറയുന്ന സർക്കുലറുകൾ പ്രകാരം നൽകിയിട്ടുള്ള എല്ലാ അംഗീകാരങ്ങളും/ സമ്മതങ്ങളും ഈ നിർദ്ദേശങ്ങൾക്ക് കീഴിൽ തന്നിട്ടുള്ളവയെന്ന് കണക്കാക്കപ്പെടേണ്ടതാണ്.

**75.** റദ്ദു ചെയ്യപ്പെട്ട എല്ലാ സർക്കുലറുകളും ഈ നിദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് പ്രാബല്യത്തിൽ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടണം.

## അനുബന്ധം I

## നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 1967 ന്റെ 51A വകുപ്പ് നടപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങളെപ്പറ്റിയുള്ള സർക്കാർ ഉത്തരവ്

ഫയൽ നമ്പർ. 17015/10/2002-IS-VI
ഭാരത സർക്കാർ
ആഭ്യന്തരകാര്യ മന്ത്രാലയം
ആഭ്യന്തര സുരക്ഷ-I ഡിവിഷൻ
ന്യു ഡൽഹി, 2009 ഓഗസ്റ്റ് 27

**To,**

1. ഗവർണർ, ഭാരതീയ റിസർവ് ബാങ്ക്, മുംബൈ
2. ചെയർമാൻ, സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ, മുംബൈ
3. ചെയർമാൻ, ഇൻഷുറൻസ് റെഗുലേറ്ററി & ഡെവലപ്മെന്റ് അതോറിറ്റി, ഹൈദരാബാദ്
4. വിദേശകാര്യ സെക്രട്ടറി, വിദേശ കാര്യ മന്ത്രാലയം, ന്യൂ ഡൽഹി
5. ധനകാര്യ സെക്രട്ടറി, റവന്യൂ വകുപ്പ്, ധന കാര്യ മന്ത്രാലയം, ന്യൂ ഡൽഹി
6. റവന്യൂ സെക്രട്ടറി, റവന്യൂ വകുപ്പ്, ധന കാര്യ മന്ത്രാലയം, ന്യൂ ഡൽഹി
7. ഡയറക്ടർ, രഹസ്യാന്വേഷണ ബ്യൂറോ, ന്യൂ ഡൽഹി
8. അഡിഷണൽ സെക്രട്ടറി, ഫിനാൻഷ്യൽ സർവീസസ് വകുപ്പ്, ധന മന്ത്രാലയം, ന്യൂ ഡൽഹി
9. എല്ലാ സംസ്ഥാന/ കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർ

**ഉത്തരവ്**

**നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 1967ന്റെ**
**<u>വകുപ്പ് 51A നടപ്പാക്കുന്നതിനുള്ള നടപടിക്രമം</u>**

നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം,1967ൽ മറ്റുള്ളവയ്ക്കൊപ്പം, വകുപ്പ് 51A ഉൾപ്പെടുത്തി ഭേദഗതി ചെയ്യുകയും 2008 ഡിസംബർ 31 നു വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. വകുപ്പ് 51A താഴെ കൊടുത്തിരിക്കുന്നു:

"51A. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനും വിജയകരമായി നേരിടുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിന് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കും-

(a) ഉത്തരവിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ അല്ലെങ്കിൽ തീവ്രവാദത്തിൽ വ്യാപൃതനോ വ്യാപൃതനാണെന്ന് സംശയിക്കപ്പെടുന്നതോ ആയ മറ്റേതെങ്കിലും വ്യക്തികൾ സ്വന്തമായോ തനിക്കു വേണ്ടി മറ്റാരെങ്കിലുമോ തന്റെ നിർദ്ദേശാനുസരണമോ സ്വന്തമാക്കി കൈവശം വച്ചിട്ടുള്ള ഫണ്ടുകളും മറ്റു ധനപരആസ്തികളും ധനാഗമ മാർഗങ്ങളും മരവിപ്പിക്കുന്നതിനും കണ്ടുകെട്ടുന്നതിനും ജപ്തി ചെയ്യുന്നതിനും;

(b) ഉത്തരവിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ അല്ലെങ്കിൽ തീവ്രവാദത്തിൽ ഏർപ്പെട്ടിട്ടുള്ളതോ ഏർപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കപ്പെടുന്നതോ ആയ വ്യക്തികൾ എന്നിവരുടെ ഗുണത്തിനായി പണമോ ധനപരമായ ആസ്തികളോ ധനാഗമ മാർഗങ്ങളോ അല്ലെങ്കിൽ ബന്ധപ്പെട്ട സേവനങ്ങളോ ലഭ്യമാക്കുന്നതിൽ നിന്നും ഏതു വ്യക്തിയെയും സ്ഥാപനത്തെയും നിരോധിക്കുന്നതിന്;

(c) ഉത്തരവിന്റെ ഷെഡ്യൂളിൽ ലിസ്റ്റ് ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ തീവ്രവാദത്തിൽ ഏർപ്പെട്ടിട്ടുള്ളതോ അഥവാ ഏർപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കുന്നതോ ആയ ഏതു വ്യക്തികളുടെയും ഭാരതത്തിനകത്തേക്കുള്ള പ്രവേശനം അല്ലെങ്കിൽ ഭാരതത്തിൽ കൂടിയുള്ള സഞ്ചാരം തടയുന്നതിന്",

**നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, "ഉത്തരവ്" എന്നതിനെ താഴെ പറയും പ്രകാരം നിർവചിക്കുന്നു:**

"ഉത്തരവ്" എന്നാൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട വിധമുള്ള തീവ്രവാദം തടയലും അടിച്ചമർത്തലും(രക്ഷാസമിതി പ്രമേയങ്ങൾ നടപ്പാക്കൽ) ഉത്തരവ്, 2007 എന്നർത്ഥം.

വകുപ്പ് 51A യുടെ നിബന്ധനകൾ അടിയന്തിരമായും ഫലപ്രദമായും നടപ്പാക്കുന്നതിന് ഇനി പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്:-

**UAPA ഏകോപന അധികാരികളുടെ നിയമനവും അവരുടെ വിശദവിവരങ്ങൾ അറിയിക്കലും**

2. UAPA ഏകോപന അധികാരികളുടെ നിയമനവും വിശദവിവരങ്ങൾ അറിയിക്കലും സംബന്ധിച്ച്- .

(i) IS-I ഡിവിഷന് വേണ്ടിയുള്ള ഏകോപന അധികാരി ജോയിന്റ് സെക്രട്ടറി (IS-I), ആഭ്യന്തരകാര്യ മന്ത്രാലയം ആയിരിക്കും. അദ്ദേഹവുമായി സമ്പർക്കം പുലർത്തുന്നതിനുള്ള വിവരങ്ങൾ 011-23092736 (ടെലി) 011-23092569 (ഫാക്സ്), isis@nic.in (ഇ-മെയിൽ ID)എന്നിവയാകുന്നു.

(ii) വിദേശകാര്യ മന്ത്രാലയം, സാമ്പത്തിക കാര്യ വകുപ്പ്, ആഭ്യന്തര മന്ത്രാലയത്തിന്റെ വിദേശികളുടെ വിഭാഗം, FIU-IND, ഒപ്പം RBI, സെബി, IRDA എന്നിവർ (ഇനി മേൽ ക്രമീകരണ അധികാരികൾ എന്ന് പരാമർശിക്കപ്പെടുന്നു) ഒരു UAPA ഏകോപന അധികാരിയെ നിയമിക്കേണ്ടതും പേരും ബന്ധപ്പെടുന്നതിനുള്ള വിവരങ്ങളും ആഭ്യന്തര മന്ത്രാലയത്തിന്റെ IS-I വിഭാഗത്തെ അറിയിക്കുകയും ചെയ്തിരിക്കണം.

(iii) സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഒരു ഏകോപന അധികാരിയെ ആഭ്യന്തര വകുപ്പ് നിയമിക്കേണ്ടതും (പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി തലത്തിൽ ഉള്ളവരായാൽ വളരെ നല്ലത്) പേരും സമ്പർക്കം പുലർത്താനുള്ള വിവരങ്ങളും ആഭ്യന്തര മന്ത്രാലയത്തിലെ IS-I ഡിവിഷനെ അറിയിക്കുകയും ചെയ്തിരിക്കണം.

(iv) ആഭ്യന്തര മന്ത്രാലയത്തിലെ IS-I ഡിവിഷൻ എല്ലാ UAPA ഏകോപന അധികാരികളുടെയും ഒരു ഏകീകൃത പട്ടിക സൂക്ഷിക്കേണ്ടതും അത് മറ്റെല്ലാ UAPA ഏകോപന അധികാരികൾക്കും അയച്ചു കൊടുക്കേണ്ടതും ആകുന്നു.

(v) റിസർവ് ബാങ്ക്, സെബി, IRDA എന്നിവർ UAPA ഏകോപന അധികാരികളുടെ ഏകീകൃത പട്ടിക യഥാക്രമം ബാങ്കുകൾക്കും സെബിയുടെ നിയന്ത്രണത്തിലുള്ള സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകൾക്കും ഡെപ്പോസിറ്ററികൾക്കും മധ്യവർത്തികൾക്കും ഒപ്പം ഇൻഷുറൻസ് കമ്പനികൾക്കും അയച്ചു കൊടുക്കേണ്ടതാണ്. ആഭ്യന്തര മന്ത്രാലയത്തിലെ IS-I ഡിവിഷന്റെ ഏകോപന അധികാരിയായ ജോയിന്റ് സെക്രട്ടറി, ഏകോപന അധികാരികളുടെ ഭേദഗതി വരുത്തിയ പട്ടിക വിദേശകാര്യ മന്ത്രാലയം, സാമ്പത്തിക കാര്യവകുപ്പ്, ആഭ്യന്തര മന്ത്രാലയത്തിലെ ഫോറിനേഴ്സ് ഡിവിഷൻ, ഭാരതീയ റിസർവ് ബാങ്ക്, SEBI, IRDA, FIU-IND എന്നിവയുടെ ഏകോപന അധികാരികൾക്ക് അയച്ചു കൊടുക്കാൻ ഏർപ്പാടാക്കേണ്ടതാണ്.

(vi) UAPA ഏകോപന അധികാരികളുടെ ഏകീകൃത പട്ടിക ആഭ്യന്തര മന്ത്രാലയത്തിലെ IS-I ഡിവിഷൻ ഏകോപന അധികാരിയ്ക്ക് ഓരോ വർഷവും ജൂലൈ മാസത്തിലും കൂടാതെ പട്ടികയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അതാതു സമയത്തും അയച്ചു കൊടുക്കേണ്ടതാണ്.

## പ്രഖ്യാപിത വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ പട്ടികയെപ്പറ്റിയുള്ള അറിയിപ്പ്

3. പ്രഖ്യാപിത വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ പട്ടികയെപ്പറ്റിയുള്ള അറിയിപ്പിനെ സംബന്ധിച്ച്-

(i) വിദേശകാര്യ മന്ത്രാലയം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പട്ടിക ഐക്യ രാഷ്ട്ര സമിതിയുടെ ഉപരോധ നടപടികൾക്ക് വിധേയമായി പതിവായി നാളതീകരിക്കേണ്ടതാണ്. ഏതു പരിഷ്കരണം വരുത്തുമ്പോഴും ഈ പട്ടിക വിദേശകാര്യ മന്ത്രാലയം ഇലക്ട്രോണിക് മാർഗത്തിൽ കൂടി ക്രമീകരണ അധികാരികളിലെയും FIU-IND, IS-I ഡിവിഷൻ, ആഭ്യന്തര മന്ത്രാലയത്തിന്റെ വിദേശികളുടെ വിഭാഗം എന്നിവിടങ്ങളിലെയും ഏകോപന അധികാരികൾക്ക്(Regulators) അയച്ചു കൊടുക്കണം.

(ii) മുകളിൽ (I) ൽ സൂചിപ്പിച്ചിട്ടുള്ള പട്ടിക(പ്രഖ്യാപിത പട്ടിക എന്ന് പരമാർശിക്കപ്പെട്ടത്) ബാങ്കുകൾക്കും സെബിയാൽ (SEBI) നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകൾക്കും ഡെപ്പോസിറ്ററികൾക്കും മധ്യവർത്തികൾക്കും ഒപ്പം ഇൻഷുറൻസ് കമ്പനികൾക്കും യഥാക്രമം അയച്ചു കൊടുക്കേണ്ടതാണ്.

(iii) ആഭ്യന്തര മന്ത്രാലയത്തിന്റെ IS-I ഡിവിഷൻ പ്രഖ്യാപിത പട്ടികകൾ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും ഏകോപന അധികാരികൾക്കും അയച്ചു കൊടുക്കുന്നതായിരിക്കും.

(iv) ആഭ്യന്തര മന്ത്രാലയത്തിന്റെ വിദേശികളുടെ വിഭാഗം ഈ പട്ടിക കുടിയേറ്റകാര്യ അധികാരികൾക്കും സുരക്ഷാ ഏജൻസികൾക്കും അയച്ചു കൊടുക്കും.

**ഫണ്ട്, ധനപരമായ ആസ്തികൾ, അല്ലെങ്കിൽ സാമ്പത്തിക വിഭവങ്ങൾ, അനുബന്ധ സേവനങ്ങൾ ആയ ബാങ്ക് അക്കൗണ്ടുകൾ, സ്റ്റോക്കുകൾ, ഇൻഷുറൻസ് പോളിസികൾ തുടങ്ങിയവയെ സംബന്ധിച്ച്**

4. ഫണ്ട്, ധനപരമായ ആസ്തികൾ, അല്ലെങ്കിൽ സാമ്പത്തിക വിഭവങ്ങൾ, അനുബന്ധ സേവനങ്ങൾ ആയ ബാങ്ക് അക്കൗണ്ടുകൾ, സ്റ്റോക്കുകൾ, ഇൻഷുറൻസ് പോളിസികൾ, തുടങ്ങിയവയെ സംബന്ധിച്ചിടത്തോളം ക്രമീകരണ അധികാരികൾ(Regulators) പ്രഖ്യാപിത പട്ടികകൾ യഥാക്രമം ബാങ്കുകൾക്കും സെബി (SEBI)യാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകൾക്കും ഡെപ്പോസിറ്ററികൾക്കും മധ്യവർത്തികൾക്കും ഒപ്പം ഇൻഷുറൻസ് കമ്പനികൾക്കും അയച്ചു കൊടുക്കേണ്ടതാണ്. RBI, SEBI, IRDA എന്നിവർ ബാങ്കുകൾക്കും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക്

എക്സ്ചെയ്ഞ്ചുകൾക്കും ഡെപ്പോസിറ്ററികൾക്കും മധ്യവർത്തികൾക്കും ഒപ്പം ഇൻഷുറൻസ് കമ്പനികൾക്കും ആവശ്യാനുസരണമുള്ള മാർഗനിർദ്ദേശങ്ങൾ നൽകിയിട്ട് കൂടെ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടേണ്ടതാണ്.

(i) നാളതീകരിക്കപ്പെട്ട പ്രഖ്യാപിത പട്ടിക ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കേണ്ടതും അത് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പതിവായി പരിശോധിക്കേണ്ടതുമാണ്. അങ്ങനെ ചെയ്യുന്നത് ഉത്തരവിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ(ഇനി മുതൽ പ്രഖ്യാപിത വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്ന് പരാമർശിക്കപ്പെടുന്നവർ) ഫണ്ട്, ധനപരമായ ആസ്തികൾ, അല്ലെങ്കിൽ സാമ്പത്തിക വിഭവങ്ങൾ, അനുബന്ധ സേവനങ്ങൾ ആയ ബാങ്ക് അക്കൗണ്ടുകൾ, സ്റ്റോക്കുകൾ, ഇൻഷുറൻസ് പോളിസികൾ, തുടങ്ങിയവ സ്വന്തമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാണ്.

(ii) തങ്ങളുടെ ഇടപാടുകാരിൽ ആരുടെയെങ്കിലും വിവരങ്ങൾ പ്രഖ്യാപിത വ്യക്തികളുടെയോ/ സ്ഥാപനങ്ങളുടെയോ വിവരങ്ങളുമായി യോജിക്കുന്നുവെങ്കിൽ ആ ബാങ്കുകളും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകളും/ ഡെപ്പോസിറ്ററികളും മധ്യവർത്തികളും ഒപ്പം ഇൻഷുറൻസ് കമ്പനികളും അടിയന്തിരമായി പ്രസ്തുത ഇടപാടുകാരനെ കണ്ടെത്തി 24 മണിക്കൂറിനകം അയാൾക്ക് അവരുടെ ബുക്കുകളിൽ ഉള്ള ഫണ്ട്, ധനപരമായ ആസ്തികൾ, അല്ലെങ്കിൽ സാമ്പത്തിക വിഭവങ്ങൾ, അനുബന്ധ സേവനങ്ങൾ ആയ ബാങ്ക് അക്കൗണ്ടുകൾ, സ്റ്റോക്കുകൾ, ഇൻഷുറൻസ് പോളിസികൾ, എന്നിവയെപ്പറ്റിയുള്ള മുഴുവൻ വിവരങ്ങളും ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി(IS-I) യെ ടെലിഫോൺ,(011-23092736) ഫാക്സ്(011-23092569) എന്നീ മാർഗങ്ങളിൽ കൂടി അറിയിക്കേണ്ടതാണ്. പ്രസക്ത വിവരങ്ങൾ തപാലിൽ അയക്കുന്നത് കൂടാതെ isis@nic.in എന്ന ഇമെയിൽ ഐ.ഡി യിലും അവശ്യം അയച്ചിരിക്കണം.

(iii) ബാങ്കുകളും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകളും ഡെപ്പോസിറ്ററികളും മധ്യവർത്തികളും ഒപ്പം ഇൻഷുറൻസ് കമ്പനികളും മുകളിൽ (ii) ൽ പറഞ്ഞിട്ടുള്ള അറിയിപ്പിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട അക്കൗണ്ടുള്ള സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ UAPA ഏകോപന അധികാരികൾക്കും (Regulators) FIU-IND യ്ക്കും യഥാസ്ഥിതി അയച്ചു കൊടുക്കേണ്ടതാണ്.

(iv) ഏതെങ്കിലും ഇടപാടുകാരന്റെ വിവരങ്ങൾ പ്രഖ്യാപിത വ്യക്തികളുടെ / സ്ഥാപനങ്ങളുടെ വിവരങ്ങളുമായി സംശയാതീതമായി സമാനമാണെങ്കിൽ ബാങ്കുകളും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകളും ഡെപ്പോസിറ്ററികളും മധ്യവർത്തികളും ഒപ്പം ഇൻഷുറൻസ് കമ്പനികളും പ്രഖ്യാപിത വ്യക്തികളെ ധനപരമായ ഇടപാടുകൾ നടത്തുന്നതിൽ നിന്നും തടയേണ്ടതും ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (IS-I) യ്ക്ക് . 011-23092569 എന്ന ഫാക്സ് നമ്പറിലും 011 -23092736 എന്ന ടെലിഫോൺ, നമ്പറിലും അറിയിപ്പ് നൽകേണ്ടതുമാണ്. വിവരങ്ങൾ തപാലിൽ അയക്കുന്നത് കൂടാതെ isis@nic.in എന്ന ഇമെയിൽ ഐ.ഡിയിലും അവശ്യം അയച്ചിരിക്കണം.

(v) ബാങ്കുകളും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകളും ഡെപ്പോസിറ്ററികളും മധ്യവർത്തികളും ഒപ്പം ഇൻഷുറൻസ് കമ്പനികളും മുകളിൽ (ii) ൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകളിൽ നടത്തിയിട്ടുള്ള അല്ലെങ്കിൽ നടത്താൻ ശ്രമിച്ചിട്ടുള്ള എല്ലാ ഇടപാടുകളും ഉൾകൊള്ളുന്ന സംശയാസ്പദ ഇടപാടുകളെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് (STR) നിർദിഷ്ട രൂപത്തിൽ FIU-IND യിൽ ഫയൽ ചെയ്യേണ്ടതാണ്.

5. മുകളിൽ ഖണ്ഡിക 3(ii)ൽ പരാമർശിച്ച വിവരങ്ങൾ ലഭിച്ചു കഴിഞ്ഞാൽ ആഭ്യന്തര മന്ത്രാലയത്തിലെ IS-I ഡിവിഷൻ, ബാങ്കുകളും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെഞ്ചുകളും/ ഡെപ്പോസിറ്ററികളും മധ്യവർത്തികളും ഒപ്പം ഇൻഷുറൻസ് കമ്പനികളും തിരിച്ചറിഞ്ഞിട്ടുള്ള വ്യക്തികളും/ സ്ഥാപനങ്ങളും പ്രഖ്യാപിത പട്ടികയിൽ ഉള്ളവരാണ് എന്നും കൂടാതെ ബാങ്കുകളും സെബിയാൽ നിയന്ത്രിക്കപ്പെടുന്ന സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകളും ഡെപ്പോസിറ്ററികളും മധ്യവർത്തികളും ഒപ്പം ഇൻഷുറൻസ് കമ്പനികളും റിപ്പോർട്ട് ചെയ്തിട്ടുള്ള ഫണ്ട്, ധനപരമായ ആസ്തികൾ, അല്ലെങ്കിൽ സാമ്പത്തിക വിഭവങ്ങൾ, അനുബന്ധ സേവനങ്ങൾ എന്നിവ പ്രഖ്യാപിത വ്യക്തികളും/ സ്ഥാപനങ്ങളും സ്വന്തമാക്കിയിട്ടുണ്ട് എന്നും ഉറപ്പു വരുത്തുവാൻ സംസ്ഥാന പോലീസിന്റെയോ ഒപ്പം/ അല്ലെങ്കിൽ കേന്ദ്ര ഏജൻസികളുടെയോ ഒരു പരിശോധന നടത്തിക്കേണ്ടതാണ്. വിവരങ്ങൾ ലഭിച്ചു കഴിഞ്ഞാൽ അഞ്ചു പ്രവൃത്തി ദിവസങ്ങളിൽ അധികരിക്കാതെയുള്ള സമയത്തിൽ ഈ പരിശോധന പൂർത്തിയാക്കിയിരിക്കേണ്ടതാണ്

6. ആ വസ്തുവകകൾ പ്രഖാപിത വ്യക്തികളും സ്ഥാപനങ്ങളും സ്വന്തമാക്കിയിട്ടുള്ളതാണെന്നോ അവരുടെ പ്രയോജനത്തിനു വേണ്ടി സൂക്ഷിക്കുന്നതാണെന്നോ പരിശോധന ഫലം വെളിപ്പെടുത്തുന്നുവെങ്കിൽ

ഇത്തരം ആസ്തികൾ മരവിപ്പിക്കുന്നതിന് UAPA യുടെ വകുപ്പ് 51A യുടെ കീഴിൽ ഒരു ഉത്തരവ്, പരിശോധന നടത്തി 24 മണിക്കൂറിനകം പുറപ്പെടുവിക്കേണ്ടതും ബന്ധപ്പെട്ട ബാങ്ക് ശാഖയിലേക്കും ഡെപ്പോസിറ്ററിയിലേക്കും ഇൻഷുറൻസ് കമ്പനിയുടെ ശാഖയിലേക്കും ഇലക്ട്രോണിക് മാർഗത്തിൽ കൂടി ആ ഉത്തരവ് എത്തിക്കേണ്ടതും ഒപ്പം അതാത് ക്രമീകരണ അധികാരികളെയും FIU-IND യെയും അറിയിക്കേണ്ടതുമാണ്. പ്രഖാപിത വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അല്ലെങ്കിൽ തീവ്രവാദത്തിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരിക്കുന്നു എന്ന് സംശയിക്കപ്പെടുന്നതോ ആയ മറ്റേതെങ്കിലും വ്യക്തിയുടെയോ പ്രയോജനത്തിനായി ഫണ്ടുകളും ധനപരമായ ആസ്തികളും സാമ്പത്തിക വിഭവങ്ങളും ബന്ധപ്പെട്ട സേവനങ്ങളും ലഭ്യമാക്കുന്നതിൽ നിന്നും ഏതു വ്യക്തിയെയും സ്ഥാപനത്തെയും വിലക്കുന്നതിലേക്കായി ആഭ്യന്തര മന്ത്രാലയത്തിന്റെ IS-I ഡിവിഷൻ UAPA ഏകോപന അധികാരി ഉത്തരവിന്റെ ഒരു പകർപ്പ് സംസ്ഥാനങ്ങളിലെ/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ആഭ്യന്തര വകുപ്പിലെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും അയച്ചു കൊടുത്തിരിക്കേണ്ടതാണ്. ആഭ്യന്തര മന്ത്രാലയത്തിന്റെ IS-I ഡിവിഷൻ UAPA ഏകോപന അധികാരി, നിയമവിരുദ്ധ പ്രവൃത്തികൾ (തടയൽ) നിയമത്തിന്റെ നിബന്ധനകൾക്ക് കീഴിൽ നടപടി തുടങ്ങുന്നതിനായി 51A വകുപ്പിന് കീഴിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ ഒരു പകർപ്പ് സംസ്ഥാനങ്ങളിലെ/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ആഭ്യന്തര വകുപ്പിലെ എല്ലാ പോലീസ് ഡയറക്ടർ ജനറൽമാർക്കും/ പോലീസ് കമ്മീഷണർമാർക്കും കൂടി അയച്ചു കൊടുത്തിരിക്കേണ്ടതാണ്.

പ്രഖ്യാപിത വ്യക്തികൾക്കും/ സ്ഥാപനങ്ങൾക്കും എതിരായുള്ള ഈ ഉത്തരവ് മുൻകൂർ അറിയിപ്പില്ലാതെ പ്രാബല്യത്തിൽ വരുന്നതാണ്.

**ധനപരമായ ആസ്തികൾ അല്ലെങ്കിൽ സ്ഥാവര വസ്തുക്കളുടെ സ്വഭാവത്തിലുള്ള സാമ്പത്തിക വിഭവങ്ങളെ സംബന്ധിച്ച്**

7. എല്ലാ സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശ UAPA ഏകോപന അധികാരികൾക്കും അവരുടെ അധികാര പരിധിയിലുള്ള സ്ഥാവര വസ്തുക്കളുടെ രജിസ്ട്രേഷൻ നടത്തുന്ന രജിസ്ട്രാറുടെ ഓഫീസ് രേഖകളിൽ നിന്നും, തന്നിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം, പ്രഖ്യാപിത വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ പേര് പരിശോധിക്കപ്പെട്ട് കിട്ടണം എന്ന അഭ്യർത്ഥനയോടു കൂടി ആഭ്യന്തര മന്ത്രാലയത്തിലെ IS-I ഡിവിഷൻ ഇലക്ട്രോണിക് മാർഗ്ഗത്തിൽ കൂടി പ്രഖ്യാപിത പട്ടികകൾ അയച്ചു കൊടുക്കേണ്ടതാണ്.

8. പ്രഖ്യാപിത വ്യക്തികൾ/ സ്ഥാപനങ്ങൾ ധനപരമായ ആസ്തികൾ അല്ലെങ്കിൽ സ്ഥാവര വസ്തുവകകളുടെ സ്വഭാവത്തിലുള്ള സാമ്പത്തിക വിഭവങ്ങൾ സ്വന്തമായി കൈവശം വച്ചിട്ടുണ്ടെങ്കിൽ ഒപ്പം പ്രഖ്യാപിത വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരുമായി എന്തെങ്കിലും സമാനതയുള്ള ഏതെങ്കിലും കേസ് കാണുന്നുണ്ടെങ്കിൽ ആ സംസ്ഥാനത്തിലെ/ കേന്ദ്ര ഭരണ പ്രദേശത്തിലെ UAPA ഏകോപന അധികാരി അത്തരം വ്യക്തിയെ/ സ്ഥാപനത്തെ പറ്റിയുള്ള മുഴുവൻ വിവരങ്ങളും കൂടെ ധനപരമായ ആസ്തികളുടെയും സ്ഥാവര വസ്തു വകകളുടെ സ്വഭാവത്തിലുള്ള സാമ്പത്തിക വിഭവങ്ങളുടെയും പരിപൂർണ വിവരങ്ങളും ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (IS-I)യെ ഉടനടി 24 മണിക്കൂറിനകം 011-23092569 എന്ന ഫാക്സ് നമ്പറിലും ഒപ്പം 011-23092736 എന്ന ടെലിഫോൺ നമ്പറിലും അറിയിക്കേണ്ടതാണ്. ഈ വിവരങ്ങൾ തപാൽ വഴിയും കൂടാതെ isis@nic.in എന്ന ഇമെയിൽ I.D വഴിയും അവശ്യം അറിയിക്കേണ്ടതാണ്.

9. സംസ്ഥാനത്തിലെ/ കേന്ദ്ര ഭരണപ്രദേശത്തിലെ UAPA ഏകോപന അധികാരി സ്ഥാവര വസ്തുക്കൾ രജിസ്റ്റർ ചെയ്യുന്ന രജിസ്ട്രാർ അയച്ചിട്ടുള്ള വിവരങ്ങൾ യഥാർത്ഥത്തിൽ ഈ പ്രഖ്യാപിത വ്യക്തികളുടെ /സ്ഥാപനങ്ങളുടെ ആണ് എന്നുറപ്പാക്കുവാൻ വേണ്ടി സംസ്ഥാന പോലീസിന്റെ അന്വേഷണം ഉറപ്പാക്കേണ്ടതാണ്. ഈ പരിശോധന പരമാവധി 5 പ്രവൃത്തി ദിവസങ്ങൾക്കകം പൂർത്തിയാക്കേണ്ടതും അത് പ്രഖ്യാപിത വ്യക്തിയുടെ സ്ഥാപനത്തിന്റെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നവയാണെങ്കിൽ പരിശോധന കഴിഞ്ഞ് 24 മണിക്കൂറിനകം ആഭ്യന്തരകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി(IS-I)യെ താഴെ കൊടുത്തിരിക്കുന്ന ഫാക്സ്/ ടെലിഫോൺ നമ്പറുകളിലും ഇമെയിൽ ID യിലും അറിയിച്ചിരിക്കണം.

10. ഈ പരാമർശത്തിന്റെ ഒരു പകർപ്പ് ആഭ്യന്തരകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി(IS-I) യ്ക്ക് 011-23092569 എന്ന ഫാക്സ് നമ്പറിലും ഒപ്പം 011-23092736 എന്ന ടെലിഫോൺ നമ്പറിലും അറിയിക്കേണ്ടതാണ് . ഈ വിവരങ്ങൾ തപാൽ വഴിയും കൂടാതെ isis @nic.in എന്ന ഇമെയിൽ ID വഴിയും അവശ്യം അറിയിക്കേണ്ടതാണ്. ആഭ്യന്തര മന്ത്രാലയത്തിന് കേന്ദ്ര ഏജൻസികളെകൊണ്ട് ഈ പരിശോധന നടത്തിക്കാവുന്നതാണ്. അത് പരമാവധി 5 ദിവസത്തിനകം പൂർത്തിയായിരിക്കണം.

11. പരിശോധനാഫലങ്ങൾ കാണിക്കുന്നത് പരിശോധിച്ച വിവരങ്ങൾ പ്രഖ്യാപിത വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ വിവരങ്ങളുമായി യോജിക്കുന്നു എന്നാണെങ്കിൽ ആഭ്യന്തരകാര്യ മന്ത്രാലയത്തിലെ IS-I ഡിവിഷന്റെ ഏകോപന അധികാരി UAPA യുടെ വകുപ്പ് 51 നു കീഴിൽ 24 മണിക്കൂറിനകം ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അത് സ്ഥാവര വസ്തു രജിസ്റ്റർ ചെയ്യുന്ന ബന്ധപ്പെട്ട രജിസ്ട്രാർക്കും FIU-INDയ്ക്കും എത്തിച്ചു കൊടുക്കേണ്ടതും ഒപ്പം ബന്ധപ്പെട്ട സംസ്ഥാന/ കേന്ദ്ര ഭരണപ്രദേശ UAPA ഏകോപന അധികാരിയ്ക്ക് അയക്കേണ്ടതുമാണ്.

പ്രഖ്യാപിത വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് മുൻകൂർ അറിയിപ്പ് കൂടാതെ തന്നെ ഉത്തരവ് പ്രാബല്യത്തിലാകുന്നതാണ്.

